# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 08 ജൂൺ–2017 ലക്കം 6**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ ............................................................ 05
സർക്കുലർ ............................................................ 11
സർക്കുലർ ............................................................ 14
പുരോഹിതൻ വിശ്വാസത്തിന്റെ മനുഷ്യൻ ............... 18
കയ്യൂന്നി ഫാത്തിമമാതാ ദേവാലയത്തെ
താൽക്കാലികമായി തീർത്ഥാടനകേന്ദ്രമായി
പ്രഖ്യാപിച്ചുകൊണ്ടുള്ള ഡിക്രി .................................. 26
കല്ലോടി ഫൊറോന പുനർക്രമീകരിച്ച് ദ്വാരക ഫൊറോന
സ്ഥാപിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി. ........... 29
കളത്തുവയൽ സെന്റ് മേരീസ് കുരിശുപള്ളിയെ സ്വതന്ത്ര
കുരിശുപള്ളിയായി സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി ............. 34
രൂപതാകച്ചേരി വാർത്തകൾ .................................... 39
വൈദികരുടെ മാസധ്യാനം ...................................... 45
മേജർ സെമിനാരിക്കാരുടെ സമ്മേളനം .................... 46
ബൈബിൾ അപ്പോസ്തലേറ്റ് ....................................... 48
മതബോധനരംഗം ....................................................... 50
ചെറുപുഷ്പമിഷൻലീഗ് ............................................. 53
*Department of Youth Ministry* ........................................... 57
കെ.സി.വൈ.എം. ...................................................... 61
കുടുംബപ്രേഷിതത്വം ............................................... 66
സീയോൻ വാർത്തകൾ .............................................. 68
വിൻസെന്റ് ഡി പോൾ സൊസൈറ്റി ...................... 70
സാമൂഹ്യ സേവനരംഗം (WSSS) ................................... 72
ബയോവിൻ അഗ്രോ റിസർച്ച് .................................... 78
റേഡിയോ മാറ്റൊലി .................................................. 82
Mary Matha Arts & Science Collge .................................... 88
CEADOM വിദ്യാഭ്യാസ മേഖല ...................................... 89
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ....................................... 96
അറിയിപ്പുകൾ .......................................................... 96
ബിഷപ്സ് പ്രോഗ്രാം ................................................... 97

**2017 ജൂൺ 4**

## സമകാലീനലോകത്തിൽ പങ്കുവയ്ക്കപ്പെടേണ്ട പ്രത്യാശയും ആത്മവിശ്വാസവും

***"ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്" (ഏശ. 43:5)***

ആശയവിനിമയത്തിനുള്ള മാധ്യമങ്ങളുടെ വർദ്ധിച്ച സംലഭ്യത ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് വാർത്തകൾ ക്ഷണനേരം കൊണ്ടു പങ്കുവയ്ക്കുന്നതിനും അവയെ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും സാധ്യത നൽകുന്നുണ്ട്. ആ വാർത്തകൾ നല്ലതോ, മോശമോ, ശരിയോ തെറ്റോ ആകാം. സഭാപിതാക്കന്മാർ മനുഷ്യമനസ്സിനെ, തുടർച്ചയായി ധാന്യമരയ്ക്കുന്ന കല്ലിനോടു താരതമ്യപ്പെടുത്തിയിരുന്നു. നല്ല ധാന്യമാണോ വിലയില്ലാത്ത പതിരാണോ അരയ്ക്കപ്പെടുക എന്നത് അരയ്ക്കുന്നവന്റെ തീരുമാനമനുസരിച്ചിരിക്കും. നമ്മുടെ മനസ്സ് എപ്പോഴും ഈ പ്രവൃത്തിയിലാണ്. എന്താണ് അവയിലേക്ക് ഇട്ടുകൊടുക്കുന്നത് എന്നത് നമ്മുടെ തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നു.

ഈ സന്ദേശം, അനുദിനം വാർത്തകൾ തയ്യാറാക്കുന്നവർക്ക്, അവർ മാധ്യമരംഗത്ത് ഉദ്യോഗത്തിലിരിക്കുന്നവരോ, വ്യക്തിസൗഹൃദ ബന്ധങ്ങളിലുള്ളവരോ ആകട്ടെ, അവർക്കുള്ളതാണ്. മറ്റുള്ളവരുടെ നേരേയുള്ള മുൻവിധികളെ ഒഴിവാക്കിയും സമാഗമസംസ്കാരത്തെ പോഷിപ്പിച്ചും സൃഷ്ടിപരമാക്കുന്ന ആശയവിനിമയത്തിൽ വ്യാപൃതരായിരിക്കുന്ന, നമുക്കു ചുറ്റുമുള്ള ലോകത്തെ യാഥാത്ഥമായും വിശ്വസ്തതയോടെയും കാണുന്നതിനു സഹായിക്കുന്ന, എല്ലാവരെയും പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**തിന്മയ്ക്കെതിരേയുള്ള പോരാട്ടത്തിൽ മാധ്യമങ്ങൾ**

ഉത്കണ്ഠയുടെ ദൂഷിതവലയത്തെയും, മോശമായ വാർത്തകളിൽ നിരന്തരമായി ശ്രദ്ധകേന്ദ്രീകരിക്കുന്നതിൽ നിന്നുളവാകുന്ന ഭയപ്പാടിന്റെ വികാരങ്ങളെയും ഭേദിക്കേണ്ടവരാണെന്ന ബോധ്യമുള്ളവരാണ് നാം. മാനവസഹനത്തിന്റെ ദുരന്തങ്ങളെ അവഗണിക്കണമെന്നോ, തിന്മയുടെ പ്രലോഭനങ്ങൾക്കു നേരേ അന്ധമായ ശുഭാപ്തിവിശ്വാസം പുലർത്തണമെന്നോ ഉള്ള ദുർവ്യാഖ്യാനവുമായി ഇപ്പറഞ്ഞ

തിനു യാതൊരു ബന്ധവുമില്ല.  ഉപരിയായി, ഞാൻ നിർദ്ദേശിക്കുന്നത്, ചില സമയങ്ങളിൽ, നമ്മിൽ അസംതൃപ്തിയുടെയും കീഴടങ്ങലിന്റെയും വളർന്നുവരുന്ന വികാരങ്ങളാൽ ജനിപ്പിക്കപ്പെടുന്ന നിർവികാരതയെയും ഭയത്തെയും, തിന്മയ്ക്കതിരില്ല എന്ന വിചാരത്തെയും അതിജീവിക്കാൻവേണ്ടി നാം പരിശ്രമിക്കണമെന്നാണ്.  എല്ലാറ്റിനുമുപരി, നല്ല വാർത്തകൾ ഒരിക്കലും മാർക്കറ്റ് ചെയ്യപ്പെടുകയില്ല എന്നും, മാനവ സഹനത്തിന്റെ ദുരന്തവും തിന്മയുടെ രഹസ്യവും ഏറ്റവുമെളുപ്പത്തിൽ വിനോദിപ്പിക്കുന്നതായി മാറുമെന്നും വിചാരിക്കുന്ന ഒരു വാർത്താവിനിമയ വ്യവസായരംഗത്ത്, ഒന്നുകിൽ നമ്മുടെ മന:സ്സാക്ഷി മന്ദിക്കുന്നതിനോ, അല്ലെങ്കിൽ ലോകം മുഴുവൻ തിന്മയാണെന്ന വീക്ഷണത്തിലേക്കു വീണുപോകുന്നതിനോ ഉള്ള പ്രലോഭനം എല്ലായ്പോഴുമുണ്ടാകാമെന്നു മനസ്സിലാക്കേണ്ടതാണ്.

തുറവിയുള്ളതും ക്രിയാത്മകവുമായ ഒരു വാർത്താവിനിമയ ശൈലിയ്ക്ക്, അതായത്, ഒരിക്കലും തിന്മയെ മഹത്വവത്കരിക്കാതെ, അതിനു പരിഹാരം കാണുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിന്,  ഭാവാത്മകവും ഉത്തരവാദിത്വപൂർണവുമായ സമീപനം സ്വീകർത്താക്കളുടെ ഭാഗത്തുനിന്നുണ്ടാകുന്നതിന് അവർക്ക് പ്രചോദനം നൽകുന്നതിന് അന്വേഷിക്കുന്ന ഒരു വാർത്താവിനിമയ ശൈലിയ്ക്ക് പ്രചോദനമേകാനാണ് ഞാനാഗ്രഹിക്കുന്നത്.

**നന്മയുടെ പ്രചാരകരാകേണ്ട മാധ്യമങ്ങൾ**

ജീവിതമെന്നത് ക്രമാനുഗതമായ സംഭവങ്ങളുടെ ആകെതുകയല്ല, മറിച്ച്, ചരിത്രമാണ്.  തെരഞ്ഞെടുക്കുന്ന ഒരു വ്യാഖ്യാനപരമായ ലെൻസിലൂടെ നോക്കി ഏറ്റവും പ്രസക്തമായ അടിസ്ഥാന വിവരങ്ങളെ വിവേചിക്കുകയും സ്വരുക്കൂട്ടുകയും ചെയ്യുന്നതിനു കാത്തിരിക്കുന്ന ഒരു ചരിത്രമാണത്.  അതിനുള്ളിലും അതിനോടും യാഥാർത്ഥ്യത്തിന് വ്യക്തമായ ബന്ധമുണ്ടാകണമെന്നില്ല.  എല്ലാകാര്യങ്ങളും നാം അതിനെ നോക്കിക്കാണുന്ന രീതിയെ ആശ്രയിച്ചിരിക്കും, ഏതു കണ്ണടയിലൂടെയാണോ നാം വീക്ഷിക്കുന്നത് എന്നതിനെ ആശ്രയിച്ചാണതിന് അർത്ഥം കൈവരിക.  ആ കണ്ണട നാം മാറ്റിയാൽ, യാഥാർഥ്യം മറ്റൊന്നായി പ്രത്യക്ഷമാകും.  അതിനാൽ, എങ്ങനെയാണ് നാം ശരിയായ ലെൻസിലൂടെ നോക്കി യാഥാർത്ഥ്യത്തെ വായിക്കുവാൻ ആരംഭിക്കുക?

ക്രൈസ്തവരായ നമുക്ക്, ആ ലെൻസ് സുവിശേഷമാണ്. അതിശ്രേഷ്ഠമായ സുവിശേഷത്തിന്റെ ആരംഭത്തിൽ രേഖപ്പെടു

ത്തിയതുപോലെ, ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷമാണ് (മർക്കോസ് 1:1). യേശുവിനെക്കുറിച്ചുള്ള സുവിശേഷം ആണെന്നല്ല, അതിലുപരി, സുവിശേഷം, യേശുതന്നെയാണ് എന്നാണ് അത് അർത്ഥമാക്കുക. തീർച്ചയായും, സുവിശേഷത്തിന്റെ ഓരോ പേജും വായിക്കുമ്പോൾ നാം മനസ്സിലാക്കും, ഈ ശീർഷകം അതിന്റെ ഉള്ളടക്കത്തിന് അനുസൃതമാണെന്നും, എല്ലാറ്റിനുമുപരി, ഈ ഉള്ളടക്കം യേശുവെന്ന വ്യക്തിയല്ലാതെ മറ്റൊന്നുമല്ല എന്നും.

**യേശുവാകുന്ന സദ്‌വാർത്ത**

യേശുവാകുന്ന ഈ സദ്‌വാർത്ത നല്ല വാർത്തയെന്നു വിളിക്കാനാവാത്ത വിധം സഹനത്തിന്റേതാണ്. സഹനത്തെ കുറെക്കൂടി വലിയൊരു ചിത്രത്തിന്റെ ഭാഗമാക്കിയിരിക്കുകയാണ്. അത് യേശുവിന് തന്റെ പിതാവിനോടും മനുഷ്യകുലം മുഴുവനോടുമുള്ള സ്നേഹത്തിന്റെ സമഗ്രതയുടെ ഭാഗമാണ്. ക്രിസ്തുവിൽ, ദൈവം ഓരോ മാനവ സാഹചര്യത്തോടുമുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കുകയായിരുന്നു. അവിടുന്നു പറയുന്നു, നാം ഒരിക്കലും തനിയേ അല്ല, എന്തെന്നാൽ, തന്റെ മക്കളെക്കുറിച്ച് നിരന്തരജാഗ്രതയുള്ള ഒരു പിതാവു നമുക്കുണ്ട്. 'ഭയപ്പെടേണ്ട, എന്തെന്നാൽ ഞാൻ നിങ്ങളോടുകൂടെയുണ്ട്' (ഏശ. 43:5). ഇതാണ്, തന്റെ ജനത്തിന്റെ ചരിത്രത്തിൽ പൂർണമായി ആമഗ്നനായിരിക്കുന്ന ദൈവത്തിന്റെ വാക്കുകൾ. അവിടുത്തെ പ്രിയപുത്രനിൽ, ഈ ദൈവികവാഗ്ദാനം – ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും എന്ന വാഗ്ദാനം– നമ്മുടെ എല്ലാ ബലഹീനതകളെയും, നമ്മുടെ മരണത്തെപ്പോലും ആശ്ലേഷിച്ചു. ക്രിസ്തുവിൽ, അന്ധകാരവും മരണവും, പ്രകാശത്തെയും ജീവനെയും കണ്ടുമുട്ടുന്ന ബിന്ദുവായിത്തീർന്നു. പ്രതീക്ഷ ജനിച്ചു, എവിടെ ജീവൻ, പരാജയത്തിന്റെ കയ്പ് കണ്ടുമുട്ടുന്നുവോ ആ പാതയെ കുറുകെ കടക്കുന്ന എല്ലാവർക്കും അത് ജീവൻ നൽകുന്ന പ്രതീക്ഷയുടെ പാതയായി. ആ പ്രതീക്ഷ നിരാശപ്പെടുത്തുകയില്ല, എന്തെന്നാൽ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെടുകയും (റോമാ 5:5) മണ്ണിൽ വീണ വിത്തിൽ നിന്നു മുളപൊട്ടുന്നതുപോലെ, നവജീവൻ പ്രാപിക്കുകയും ചെയ്യുന്നു. ഈ വെളിച്ചത്തിൽ നാം വീക്ഷിക്കുമ്പോൾ, ലോകചരിത്രത്തിൽ പുതിയതായി സംഭവിക്കുന്ന ഓരോ ദുരന്തവും സുവിശേഷത്തിനുള്ള ഒരു രംഗസംവിധാനമായിത്തീരും – അരികിലെത്തുന്നതിനും, അനുകമ്പാർദ്രമായ ഹൃദയം ഉയരുന്നതിനും, ദൃഢനിശ്ചയമുള്ള മുഖങ്ങളും കരങ്ങളും പുനഃനിർമ്മിതിയ്ക്കായി തയ്യാറാകുന്നതിനും സ്നേഹത്തിന്റെ പുതിയ വഴി കണ്ടെത്താനും അത് ഇടയാക്കും.

**ദൈവരാജ്യത്തിന്റെ വിത്തിൽ ദൃഢവിശ്വാസമുണ്ടായിരിക്കുക**

ഈ സുവിശേഷ മാനസികാവസ്ഥ അവിടുത്തെ ശിഷ്യരിലും ജനക്കൂട്ടത്തിലും അവതരിപ്പിക്കുന്നതിനും, മരിക്കുകയും ഉയിർക്കുകയും ചെയ്യുന്ന സ്നേഹത്തെ കാണുന്നതിനും പുൽകുന്നതിനും ആവശ്യമായ ശരിയായ ലെൻസ് അവർക്കു നൽകുന്നതിന് യേശു ഉപമകൾ ഉപയോഗിച്ചു. അവിടുന്ന് ദൈവരാജ്യത്തെ, മണ്ണിൽ വീഴുമ്പോൾ അഴിയുകയും ജീവനെ പുറപ്പെടുവിക്കുകയും ചെയ്യുന്ന ഒരു വിത്തിനോട് കൂടെക്കൂടെ താരതമ്യപ്പെടുത്തുന്നുണ്ട് (മർക്കോ 4:1–34). ഈ പ്രതീക, രൂപകപ്രയോഗങ്ങളിലൂടെ, ദൈവരാജ്യത്തിന്റെ നിശ്ശബ്ദമായ ശക്തിയെന്ന ആശയത്തെ സംവേദിപ്പിക്കുമ്പോൾ, അതിന്റെ അടിയന്തിര പ്രാധാന്യത്തെ അവ കുറച്ചുകളയുന്നില്ല. ശ്രവിക്കുന്നവന് സ്വതന്ത്രമായി സ്വീകരിക്കാനും ആ ശക്തി സ്വായത്തമാക്കാനും ഇടമൊരുക്കുന്ന കാരുണ്യപൂർണമായ മാർഗമാണത്. പെസഹാരഹസ്യത്തിന്റെ അപരിമേയമായ മേന്മയെ പ്രകടമാക്കുന്ന, കേവല സങ്കല്പങ്ങളിലൂടെയല്ലാതെ, പ്രതീകങ്ങളിലൂടെ ജീവച്ചിത്രങ്ങൾ വിരചിച്ചുകൊണ്ട് ക്രിസ്തുവിലൂടെയുള്ള പുതിയ ജീവന്റെ വൈരുധ്യാത്മകസൗന്ദര്യത്തെ ഏറ്റവും ഫലപ്രദമായി വിനിമയം നടത്താൻ കഴിയുന്ന വഴിയുമാണ് അത്. ഈ ജീവിതത്തിൽ പ്രയാസങ്ങളും കുരിശുകളും പ്രതിബന്ധം സൃഷ്ടിക്കുകയല്ല, മറിച്ച്, ദൈവത്തിന്റെ രക്ഷയെ ആനയിക്കുകയാണ്. ഏതൊരു മാനുഷിക ശക്തിയെക്കാളും ബലവത്തായതാണ് ബലഹീനത എന്ന് അവ തെളിയിക്കുന്നു. പരാജയം, സ്നേഹത്തിൽ എല്ലാറ്റിനെയും പൂർണമാക്കുന്നതിന്റെ നാന്ദികുറിക്കലായി മാറുന്നു. ദൈവരാജ്യത്തിന്റെ പ്രതീക്ഷ പരിപക്വമാകുന്നതും ആഴപ്പെടുന്നതും ഇങ്ങനെയാണ്: ഇത് "ഒരുവൻ ഭൂമിയിൽ വിത്തു വിതയ്ക്കുന്നതിനു സദൃശം. അവൻ രാവും പകലും ഉറങ്ങിയും ഉണർന്നും കഴിയുന്നു. വിത്തുകൾ പൊട്ടിമുളച്ചു വളരുന്നു" (മർക്കോ 4:26–27).

ദൈവരാജ്യം എളുപ്പത്തിൽ അവഗണിക്കപ്പെടാവുന്ന ഒരു വിത്തുപോലെ, നമ്മുടെ ഇടയിൽ മുമ്പേതന്നെ സന്നിഹിതമാണ്, എന്നാൽ നിശ്ശബ്ദമായി അതു വേരുറയ്ക്കുന്നു. ആർക്കൊക്കെ പരിശുദ്ധാരൂപി ബുദ്ധികൂർമ്മതയുള്ള വീക്ഷണം നൽകുന്നുവോ അവർക്ക് അതു വികസിക്കുന്നതു കാണാൻ കഴിയും. അതോടൊപ്പം മുളച്ചുപൊങ്ങിവരുന്ന കളകളുടെ കാഴ്ചയാൽ അവർ അവരിലെ രാജ്യത്തിന്റെ സന്തോഷം തങ്ങളിൽനിന്ന് മോഷ്ടിക്കപ്പെടാൻ ഇടയാക്കുകയില്ല.

**അരൂപിയുടെ ചക്രവാളങ്ങൾ**

നമ്മുടെ പ്രതീക്ഷയായ സുവിശേഷത്തിലെ യേശു നമ്മുടെ കണ്ണുകളെ സ്വർഗാരോപിതനായ കർത്താവിങ്കലേക്ക് ഉയർത്താൻ ആരാധനാക്രമാഘോഷത്തിലൂടെ സഹായിക്കുന്നു. ഇപ്പോൾ കർത്താവ് അകലെയാണെന്നു നമുക്കു തോന്നുന്നുവെങ്കിലും, പ്രതീക്ഷയുടെ ചക്രവാളങ്ങൾ കൂടുതലായി വ്യാപ്തിയുള്ളതാവുകയാണിവിടെ. നമ്മുടെ മാനുഷികപ്രകൃതിയെ സ്വർഗത്തിലേക്കെത്തിക്കുന്ന ക്രിസ്തുവിൽ, ഒരുവന് സ്വാതന്ത്ര്യത്തോടെ യേശുവിന്റെ രക്തംമൂലം വിശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കാൻ മനോധൈര്യമുണ്ടാകുന്നു. എന്തെന്നാൽ തന്റെ ശരീരമാകുന്ന വഴിയിലൂടെ അവൻ നമുക്കായി നവീകൃതവും സജീവവുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു (ഹെബ്രാ 10:19-20). “പരിശുദ്ധാത്മാവിന്റെ ശക്തിയാൽ”, സാക്ഷികളും നവീനവും രക്ഷിക്കപ്പെട്ടതുമായ മാനവകുലത്തിന്റെ സംവേദകരും ആയിത്തീരാൻ, ലോകത്തിന്റെ അവസാനംവരെയും നമുക്കു കഴിയും.

ദൈവരാജ്യത്തിന്റെ വിത്തിലുള്ള ദൃഢവിശ്വാസവും, ഉത്ഥാനത്തിന്റെ രഹസ്യവും നമ്മുടെ ആശയവിനിമയത്തിന്റെ വഴികൾക്കു രൂപം നൽകേണ്ടതുണ്ട്. ഈ ആത്മവിശ്വാസം - ഇന്ന് വാർത്താ വിനിമയം നിർവഹിക്കപ്പെടുന്ന എല്ലാ വിവിധ മാർഗങ്ങളിൽകൂടിയും-എല്ലാ ചരിത്രത്തിലും ഓരോ വ്യക്തിയുടെ വദനത്തിലും സുവിശേഷം സന്നിഹിതമാണെന്നത് തിരിച്ചറിയാനും, എടുത്തുകാട്ടാനും കഴിയുമെന്നുള്ള ബോധ്യത്തോടുകൂടി, നമ്മുടെ ദൗത്യം നിർവഹിക്കുന്നതിനു നമ്മെ പ്രാപ്തരാക്കുന്നു.

വിശ്വസിക്കുന്നവർ പരിശുദ്ധാരൂപിയുടെ നയിക്കലിനു തങ്ങളെത്തന്നെ ഭരമേൽപ്പിച്ചുകൊണ്ട്, എങ്ങനെയാണ് ദൈവം നമ്മുടെയിടയിൽ സന്നിഹിതനായിരിക്കുന്നതെന്നും ഓരോ നിമിഷവും നമ്മുടെ ജീവിതങ്ങളിലും ചരിത്രത്തിലും പ്രവർത്തിക്കുന്നതെന്നുമുള്ള തിരിച്ചറിവിലേക്കു വരികയും ക്ഷമയോടുകൂടി രക്ഷാകര രഹസ്യത്തിലേക്കെത്തിക്കുകയും ചെയ്യുന്നു. വിശുദ്ധ ചരിത്രം നെയ്യപ്പെട്ടിരിക്കുന്നത് പ്രതീക്ഷയുടെ ഇഴകൾകൊണ്ടാണ്; അതു നെയ്യുന്നവൻ, ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് അല്ലാതെ മറ്റാരുമല്ല. പ്രത്യാശയാണ് പുണ്യങ്ങളിൽ ഏറ്റവും വിനയമാർന്നത്. കാരണം, അത് ജീവിതത്തിന്റെ ഒഴിഞ്ഞകോണിൽ മറഞ്ഞിരിക്കുന്നു, എങ്കിലും അത് പിണ്ഡം മുഴുവനെയും പുളിപ്പിക്കുന്ന പുളിമാവു പോലെയാണ്. എന്നെന്നും പുതുമയാർന്ന, ഈ ലോകത്തിൽ ദൈവസ്നേഹത്തിന്റെ ഐക്കണുകളായിത്തീർന്ന വിശുദ്ധരിൽ

വീണ്ടും മുദ്രണം ചെയ്യപ്പെട്ട് നിരവധി പതിപ്പുകളായിത്തീർന്നിരിക്കുന്ന, സുവിശഷത്തിന്റെ വായനയാൽ അതു പരിപോഷിപ്പിക്കപ്പെടണം. ഇന്നും, അരൂപി ദൈവരാജ്യത്തിനുവേണ്ടിയുള്ള ആഗ്രഹം നമ്മിൽ തുടർച്ചയായി വിതയ്ക്കുന്നുണ്ട്. നമ്മുടെ കാലഘട്ടത്തിലെ നാടകീയ സംഭവങ്ങളുടെ മധ്യത്തിലും സുവിശേഷത്തിൽ നിന്നും പ്രചോദനം സ്വീകരിക്കുന്ന, ലോകത്തിന്റെ ഇരുളിലും പ്രകാശരശ്മികൾപോലെ പ്രഭ യേകുന്ന, പാതയിലുടനീളം വെളിച്ചം പ്രസരിപ്പിക്കുന്ന, ആത്മവിശ്വാസ ത്തിന്റെയും പ്രത്യാശയുടെയും നവവീഥി എക്കാലവും തുറക്കുന്ന ഏവർക്കും നന്ദി.

വത്തിക്കാനിൽ നിന്ന്
2017 മെയ് 24.

---

**NB:- മാധ്യമദിനമായ 2017 ജൂൺ 4-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 03/2017***
***Prot. No.19909/2017***

കർത്താവിൽ സ്നേഹിക്കപ്പെട്ട പ്രിയ കുട്ടികളേ,

മധ്യവേനലവധിയ്ക്കു ശേഷം വീണ്ടും നിങ്ങൾ നിങ്ങളുടെ പാഠശാലകളിലേയ്ക്ക് തിരികെ എത്തിയിരിക്കുകയാണല്ലോ. പുതിയ സ്കൂൾ വർഷത്തിൽ നിങ്ങൾക്ക് വിജയവും ധാരാളം ദൈവാനുഗ്രഹവും നേരുന്നു. പത്താം ക്ലാസ്സിലും പ്ലസ്ടുവിലും വിജയം നേടിയവരിൽ മിക്കവരും ഇതിനോടകം ഏതെങ്കിലും സ്ഥാപനത്തിൽ തുടർപഠനത്തിനായി ചേർന്നിട്ടുണ്ടാകും എന്ന് ഞാൻ കരുതുന്നു. കുറേ പേരെങ്കിലും ജയിക്കാത്തവരും ജയിച്ചിട്ടും ഒരു സ്ഥാപനത്തിലും പ്രവേശനം കിട്ടാത്തവരും ഉണ്ടാകും എന്നും ഞാൻ അനുമാനിക്കുന്നു. ജയിക്കാത്തവർക്ക് ഇനിയും അവസരമുണ്ട്. തോൽവി ജീവിതത്തിൽ സാധാരണമാണ്. അതിൽ മനസ് മടുക്കാതെയും പ്രത്യാശ കൈവിടാതെയും ദൈവത്തിൽ ആശ്രയിച്ചും കഠിനമായി പരിശ്രമിക്കുക. നിങ്ങളും വിജയിക്കും. ഒരുപക്ഷേ, നിങ്ങൾ സ്വപ്നം കാണുന്ന വലിയ രീതിയിലൊന്നും അത് സാധ്യമായെന്ന് വരില്ല. ഓരോരുത്തരും അവരവരുടെ കഴിവുകളും കഴിവുകേടുകളും തിരിച്ചറിഞ്ഞ് പഠിക്കുക എന്നത് വിജയത്തിന് പ്രധാനമാണ്. എങ്ങും പ്രവേശനം കിട്ടാത്തവർക്കും ധാരാളം സാധ്യതകളുണ്ട്. അറിവുള്ള വ്യക്തികളെ സമീപിച്ച് ഉപദേശം തേടാൻ പരിശ്രമിക്കണം.

എന്തിനാണ് നമ്മൾ പഠിക്കുന്നത് എന്നതിന് ജോലി കിട്ടാൻ എന്ന ഉത്തരമാണ് പലരും തരുന്നത്. ആ ഉത്തരം ഭാഗികമായി ശരിയാണ് താനും. എന്നാൽ അത് പൂർണ്ണമായി ശരിയല്ല എന്നതാണ് വസ്തുത. പരിഷ്കൃത സമൂഹത്തിൽ മാന്യമായി ക്രൈസ്തവധാർമ്മികതക്കനുസരിച്ച് ജീവിക്കാൻ പഠിക്കുക എന്നതാണ് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. ജോലി കിട്ടാൻ ഏതെങ്കിലും ഒരു തൊഴിലധിഷ്ഠിത കോഴ്സ് പഠിച്ചാൽമതി. എന്നാൽ അതുകൊണ്ട് ഈ പറഞ്ഞതുപോലെ ജീവിക്കാൻ പഠിക്ക

ണമെന്നില്ല. അതുകൊണ്ടാണ് നമ്മുടെ മാതാപിതാക്കളും അധ്യാപകരും നമ്മളെ വായിക്കാനും എഴുതാനും പഠിപ്പിക്കുന്നതോടൊപ്പം നമ്മുടെ സ്വഭാവം നല്ല രീതിയിൽ രൂപപ്പെടുത്തിയെടുക്കാനും ആവശ്യമായ ഉപദേശങ്ങൾ നൽകുന്നത്. അതോടൊപ്പം നമ്മുടെ വിവിധങ്ങളായ കഴിവുകളും വളർത്തിയെടുക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജി പറയുന്നു: നന്മയും തിന്മയും തിരിച്ചറിഞ്ഞ് നന്മയെ സ്വാംശീകരിക്കാനും തിന്മയെ ഒഴിവാക്കാനും നമ്മെ പഠിപ്പിക്കാത്ത വിദ്യാഭ്യാസം ആ പേരിന് അർഹമല്ല. കേവലം സാക്ഷരത വിദ്യാഭ്യാസമല്ല. യഥാർത്ഥ വിദ്യാഭ്യാസം പഠിക്കുന്ന വ്യക്തിയുടെ ചുറ്റുപാടുകൾക്ക് അനുസൃതമായിരിക്കണം. അല്ലെങ്കിൽ അത് ആരോഗ്യകരമായ ഒരു വളർച്ചയിലേയ്ക്ക് നയിക്കുകയില്ല. അദ്ദേഹത്തിന്റെ ഈ നിരീക്ഷണങ്ങൾ ഇന്നും എന്നും വളരെ പ്രസക്തമാണ്. നമ്മൾ വലിയ ഡിഗ്രിയെല്ലാം എടുത്ത് പുറത്തിറങ്ങുമ്പോൾ നന്മ ചെയ്യാനും തിന്മ ഒഴിവാക്കാനും തോന്നത്തക്ക രീതിയിൽ നമ്മുടെ സ്വഭാവം രൂപപ്പെട്ടിട്ടില്ലെങ്കിൽ ആ വിദ്യാഭ്യാസം കൊണ്ട് എന്ത് പ്രയോജനം? അങ്ങനെയുള്ളവർ സമൂഹത്തിന് എന്നും ഒരു ശല്യം തന്നെയായിരിക്കും.

സിനിമകളിലും ടെലിവിഷൻ സീരിയലുകളിലും മറ്റും നമ്മൾ കാണുന്ന ചില ദൃശ്യങ്ങൾ വിദ്യാഭ്യാസത്തെപ്പറ്റിയും അധ്യാപകരെ പറ്റിയും വിദ്യാർത്ഥികളുടെ ഉത്തരവാദിത്വങ്ങളെപ്പറ്റിയും മറ്റും നമുക്ക് തെറ്റായ ധാരണകൾ തന്നെന്ന് വരാം. അവയിൽ കാണുന്നവ കേവലം സങ്കല്പമാണ്, അല്ലെങ്കിൽ കഥയാണ് എന്ന് നമ്മൾ തിരിച്ചറിയണം. ജീവിതത്തിൽ അങ്ങനെയൊന്നും സാധ്യമാകണമെന്നില്ല. കുട്ടികൾ അധ്യാപകരെ അനുസരിക്കാതിരിക്കുകയും അപമാനിക്കുകയും ഉപദ്രവിക്കുകയും മറ്റും ചെയ്യുന്ന സീനുകളായിരിക്കാം അവിടെ അവതരിപ്പിക്കപ്പെടുന്നത്. അതൊന്നും നമുക്ക് അനുകരണീയമല്ല. സ്കൂളിലും കോളേജിലും മറ്റും പോകുന്നത് പഠനത്തിനല്ല മറ്റെന്തിനോ ഒക്കെ ആണെന്ന ധാരണയാണ് പലപ്പോഴും നിങ്ങൾക്ക് കിട്ടുന്നത്. ഇക്കാര്യം നമ്മൾ തിരിച്ചറിയുകയും അവയാൽ സ്വാധീനിക്കപ്പെടാതിരിക്കുകയും ചെയ്യണം.

ഭാവി സമൂഹത്തെ നയിക്കാനുള്ളവർ നിങ്ങളാണല്ലോ. പരസ്പര കൂട്ടായ്മയിലും സ്നേഹത്തിലും മറ്റും ജീവിക്കുന്ന ഒരു സമൂഹത്തെയായിരിക്കണം നിങ്ങൾ സ്വപ്നം കാണേണ്ടത്. അതിനുവേണ്ടിയുള്ള

പരിശീലനമാണ് നിങ്ങൾ വിദ്യാഭ്യാസകാലത്ത് നേടേണ്ടത്. നിങ്ങളുടെ മക്കൾ ജീവിക്കാൻ പോകുന്ന സമൂഹത്തെ വാർത്തെടുക്കുന്നത് നിങ്ങളാണ്. നിങ്ങളുടെ ഇപ്പോഴത്തെ നിലപാടുകളാണ് ആ സമൂഹത്തിന്റെ ഭാവി നിശ്ചയിക്കുന്നത്. പ്രിയപ്പെട്ട കുട്ടികളെ, ദൈവം നമുക്ക് നൽകിയ അവസരങ്ങളെയും കഴിവുകളെയും നല്ല രീതിയിൽ ഉപയോഗിക്കാൻ നിങ്ങൾ പഠിക്കണം. അങ്ങനെയാകുമ്പോൾ നിങ്ങൾ പഠിക്കുന്ന ജോലികൾ ചെയ്ത് മാന്യമായി നിങ്ങൾക്ക് ജീവിക്കാൻ കഴിയും.കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2017 മെയ് മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2017 ജൂൺ 11–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# ഫാത്തിമ ശതാബ്ദി വർഷാചരണത്തോടനുബന്ധിച്ച് കെസിബിസിക്കു വേണ്ടി കേരള കാത്തലിക് കരിസ്മാറ്റിക് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2016 നവംബർ മുതൽ 2017 നവംബർവരെ പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പ ഫാത്തിമ ശതാബ്ദി ആഘോഷങ്ങൾക്ക് ആഹ്വാനം ചെയ്തിരിക്കുകയാണ്. 1917 മെയ് 13-ാം തീയതി മുതൽ ഒക്ടോബർ 13-ാം തീയതിവരെ എല്ലാ മാസങ്ങളിലെയും 13-ാം തീയതികളിലാണ് പരിശുദ്ധ മാതാവ് ഫാത്തിമയിലെ ലൂസി, ജെസീന്ത, ഫ്രാൻസീസ് എന്നീ മൂന്ന് ഇടയക്കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ട് സന്ദേശങ്ങൾ നല്കിയത്. ഫാത്തിമയിലെ ദർശനങ്ങൾക്ക് തുടക്കം കുറിച്ച മെയ് 13-ാം തീയതി പരിശുദ്ധ പിതാവ് ഫാത്തിമയിൽ എത്തി ഫാത്തിമ ശതാബ്ദി ആഘോഷങ്ങൾക്ക് ഔദ്യോഗികമായി തുടക്കംകുറിക്കുകയുമാണ്. ഇതുവഴി ഫാത്തിമയിൽ മാതാവ് നല്കിയ സന്ദേശങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ടെന്ന് ഫ്രാൻസിസ് മാർപാപ്പ സഭാമക്കളെ ബോധ്യപ്പെടുത്തുകയും ഈ സന്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജീവിക്കാൻ ആഹ്വാനം ചെയ്യുകയുമാണ്.

ഈ പശ്ചാത്തലത്തിൽ കേരളസഭയുടെ മക്കളായ നമുക്ക് ഏതെല്ലാം തരത്തിൽ ഈ ശതാബ്ദിയാചരണം നടത്താം എന്നതിലേക്ക് നിങ്ങളേവരുടെയും ശ്രദ്ധക്ഷണിക്കുകയാണ് ഈ സർക്കുലറിന്റെ ലക്ഷ്യം. കേരള കത്തോലിക്കരായ നമ്മളെല്ലാവരും ഏറെ മരിയഭക്തി ഉള്ളവരാണ്. 1917-ൽ ഫാത്തിമയിൽ മാതാവ് പ്രത്യക്ഷപ്പെട്ടു നല്കിയ സന്ദേശങ്ങൾ ആഗോളതലത്തിലെന്നപോലെതന്നെ കേരളത്തിലും വളരെ ആഴമായ സ്വാധീനം ചെലുത്തി. ജപമാല ഭക്തിയിൽ വളരാനും, പാപികളുടെ മാനസാന്തരത്തിനായും, ശുദ്ധീകരണാത്മാക്കളുടെ മോചനത്തിനായും പ്രാർത്ഥിക്കാനും പരിഹാരമനുഷ്ഠിക്കാനും ഫാത്തിമസന്ദേശങ്ങൾ വിശ്വാസികളെ വളരെയേറെ പ്രചോദിപ്പിച്ചു. എല്ലാറ്റിനുമുപരി മാതൃഭക്തിയിൽ വളരാനും, അമ്മയുടെ മാതൃകയനുസരിച്ച് വിശുദ്ധിയിൽ ജിവിക്കാനും അനുദിനം ജപമാല ചൊല്ലി പ്രാർത്ഥിക്കാനും ഫാത്തിമ സന്ദേശങ്ങൾ സഹായകമായി. ഫാത്തിമ മാതാവിനോടുള്ള കേരളസഭാമക്കളുടെ സ്നേഹവും ആദരവുമാണ് 1949-ലും

2003-ലും പരിശുദ്ധ ഫാത്തിമ മാതാവിന്റെ തീർത്ഥാടക രൂപം കേരളത്തിലെത്തിയപ്പോൾ വിശ്വാസികൾ പ്രകടിപ്പിച്ചത്.

കേരളസഭ ഇന്ന് ഫാത്തിമ ശതാബ്ദി ആഘോഷങ്ങൾക്ക് ഒരുങ്ങുമ്പോൾ പ്രധാനമായും ലക്ഷ്യംവയ്ക്കുന്നത് നാല് കാര്യങ്ങളാണ്. 1) കേരള കത്തോലിക്കാസഭയിലെ വിശ്വാസികൾക്ക് മരിയൻഭക്തിയിൽ കൂടുതൽ വളരാനും ആഴപ്പെടാനും അവസരമൊരുക്കുക. 2) ഫാത്തിമയിൽ മാതാവ് പ്രത്യക്ഷപ്പെട്ടു നല്കിയ സന്ദേശങ്ങൾ ഇന്നത്തെ തലമുറയ്ക്ക് പകർന്നു നല്കാൻ അവസരം ഒരുക്കുക. 3) സഭയിലും സഭാമക്കളുടെ വിശ്വാസജീവിതത്തിലും പരിശുദ്ധമറിയത്തിനുള്ള പ്രസക്തിയും പ്രാധാന്യവും കൂടുതൽ ഉറപ്പിക്കാനും ബോധ്യപ്പെടുത്താനും സഹായിക്കുക. 4) മാതാവിന്റെ മഹത്ത്വവും മഹിമയും അറിഞ്ഞ് അമ്മയുടെ മാതൃക അനുകരിച്ച് ധന്യമായ ജീവിതം നയിക്കാനും അമ്മയുടെ മാദ്ധ്യസ്ഥ്യം തേടി ആത്മീയ ശക്തി പ്രാപിക്കാനും സഭാ മക്കളെ പ്രോത്സാഹിപ്പിക്കുക.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ മേല്നോട്ടത്തിൽ ഫാത്തിമ ശതാബ്ദി പരിപാടികളുടെ ആസൂത്രണത്തിനും നടത്തിപ്പിനും നേതൃത്വം നല്കുന്നത് കേരള കരിസ്മാറ്റിക് കമ്മീഷന്റെ ആഭിമുഖ്യത്തിൽ എമ്മാവൂസിൽ രൂപീകരിച്ചിട്ടുള്ള ഫാത്തിമ സെന്റിനറി സെലിബ്രേഷൻ കമ്മറ്റിയായിരിക്കും. ഈ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കേരളത്തിലെ 24 സോണുകളിലും ഓരോ രൂപതയുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സോണൽ എഫ്.സി.സി.സി. രൂപീകരിക്കുകയും അഭിവന്ദ്യ പിതാക്കന്മാരുടെ അനുമതിയോടെയും ആശീർവാദത്തോടെയും സോണൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്യണം. അങ്ങനെ കേരളസഭയിൽ ആകമാനം ഈ ശതാബ്ദിയാചരണം ആത്മീയമായ ഉണർവ്വിന്റെ അവസരമാകട്ടെ എന്നും പ്രത്യാശിക്കുന്നു.

ഫാത്തിമ വർഷാചരണത്തിൽ കേരള സഭയിൽ പൊതുവായി ചെയ്യാവുന്ന കാര്യങ്ങളിൽ ചിലത് നിങ്ങളേവരുടെയും ശ്രദ്ധയ്ക്കായി ഓർമ്മപ്പെടുത്തുന്നു.

1. 1917-ൽ ഫാത്തിമാ ദർശനം ആരംഭിച്ച മേയ് 13-ാം തീയതി എല്ലാ സോണുകളിലെയും പ്രവർത്തനാംഗങ്ങൾ ആ സോണിലെ ഏതെങ്കിലും ഒരു മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ ഒന്നിച്ചുകൂടി മരിയൻ പ്രാർത്ഥനാദിനമായി ആചരിക്കുക.
2. മേയ് 14-ാം തീയതി കേരളത്തിലെ എല്ലാ ദേവാലയങ്ങളിലും ഫാത്തിമാമാതാവിന്റെ രൂപം/ഛായാപടം പ്രതിഷ്ഠിച്ച്, ജൂബിലി തിരി

തെളിച്ച് ഫാത്തിമ ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുക. അല്ലെങ്കിൽ വിശുദ്ധ കുർബ്ബാന കഴിഞ്ഞ് ഫാത്തിമ മാതാവിന്റെ ചിത്രമുള്ള പതാക ഉയർത്തി ശതാബ്ദി ഉദ്ഘാടനം ചെയ്യുക. ഇടവകയിലെ മരിയൻ സംഘടനകൾക്കോ പ്രാർത്ഥനാഗ്രൂപ്പുകൾക്കോ ഇതിനു വേണ്ട ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കാവുന്നതാണ്.

3. എല്ലാ സോണുകളിലെയും ഏതെങ്കിലും മരിയൻ തീർത്ഥാടനകേന്ദ്രത്തിൽവച്ച് മാസത്തിന്റെ 13-ാം തീയതിയോ ആദ്യ ശനിയാഴ്ചയോ ഏകദിന മരിയൻ കൺവെൻഷൻ നടത്തണം. പ്രസ്തുത കൺവെൻഷനിൽ മാതാവിന്റെ ഛായാപടമോ രൂപമോ പ്രതിഷ്ഠിക്കുകയും വിമലഹൃദയ പ്രതിഷ്ഠ നടത്തുകയും വേണം. ഒപ്പം, മരിയൻ പ്രഭാഷണങ്ങൾ, ദിവ്യബലി, മരിയൻ എക്സിബിഷൻ, മരിയൻ സന്ദേശങ്ങൾ അടങ്ങിയ ലീഫ്ലെറ്റുകളുടെയും പുസ്തകങ്ങളുടെയും വിതരണം എന്നിവ ക്രമീകരിക്കാവുന്നതാണ്.

4. ഫാത്തിമ ശതാബ്ദിയാചരണത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചിട്ടുള്ള പൂർണ്ണ ദണ്ഡവിമോചനം 2017 മേയ് 13 മുതൽ ഒക്ടോബർ 13 വരെയുള്ള കാലയളവിൽ പ്രാദേശിക സഭയിൽ പൊതുവണക്കത്തിനായി പ്രതിഷ്ഠിച്ചിട്ടുള്ള ഫാത്തിമ മാതാവിന്റെ തിരുസ്വരൂപം വണങ്ങി മാതാവിന്റെ വിമല ഹൃദയത്തോടുള്ള പ്രതിഷ്ഠാജപം ചൊല്ലി പ്രാർത്ഥിക്കുന്നവർക്കു ലഭിക്കുന്നതാണ്. കൂടാതെ, ഈ കാലയളവിൽ കൂടുതലായി ജപമാല ചൊല്ലി പാപികളുടെ മാനസാന്തരത്തിനും ശുദ്ധീകരണാത്മാക്കളുടെ മോചനത്തിനുംവേണ്ടി പ്രാർത്ഥിക്കുന്നത് അനുഗ്രഹപ്രദമായിരിക്കും.

5. 2017 ആഗസ്റ്റ് 12 മുതൽ 15 വരെ ഇരിങ്ങാലക്കുട രൂപതയിലെ ആളൂരിൽ വച്ചു നടക്കുന്ന അന്തർദേശീയ മലയാളി കരിസ്മാറ്റിക് സംഗമത്തിൽ നിന്നാരംഭിച്ച് കേരളത്തിലെ 24 സോണുകളിലെയും പ്രധാന മരിയൻ ദൈവാലയങ്ങളിലൂടെ കടന്നുപോകുന്ന തിരുസ്വരൂപ പ്രയാണത്തിന്റെ വിജയത്തിനായി എല്ലാവരും സഹകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം. ഈ പ്രയാണം ഒക്ടോബർ 28-ാം തീയതി കൊച്ചിയിലെ വല്ലാർപാടം ബസിലിക്കയിൽ എത്തിച്ചേരുകയും അവിടെ വച്ച് നടത്തപ്പെടുന്ന ഏകദിന മരിയൻ കൺവെൻഷനോടുകൂടി കേരളസഭയുടെ ഫാത്തിമ ശതാബ്ദിയാചരണം ഔദ്യോഗികമായി സമാപിക്കുകയും ചെയ്യും.

ഈ ആഘോഷങ്ങൾ വഴി നമ്മുടെ സ്വർഗ്ഗീയ അമ്മയെ നമുക്ക് ഏറ്റുപറയാം, ആദരിക്കാം. അമ്മയുടെ മാദ്ധ്യസ്ഥ്യം വഴി അനുഗ്രഹ

ങ്ങൾ പ്രാപിക്കാം. എല്ലാറ്റിനുമുപരി ആദിമസഭയിൽ ശ്ലീഹന്മാരെ ഒരുമിച്ചുനിർത്തിയ പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയുടെ കരവലയത്തിൽ കേരളസഭയിലെ മക്കളായ നമുക്ക് ഫാത്തിമ ശതാബ്ദിയാചരണത്തിനായി ഒന്നുചേരാം. പലവിധ പ്രശ്നങ്ങളാൽ അസ്വസ്ഥമായിരിക്കുന്ന ലോകത്തിൽ ദൈവിക സമാധാനം സ്ഥാപിതമാക്കാൻ മാതാവിന്റെ സന്ദേശങ്ങളും മദ്ധ്യസ്ഥതയും നമ്മെ എല്ലാവരെയും പ്രചോദിപ്പിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് മാർ ഐറേനിയോസ്**

ചെയർമാൻ, കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ

**ബിഷപ്പ് വർഗ്ഗീസ് ചക്കാലയ്ക്കൽ**

വൈസ് ചെയർമാൻ, കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ

**ബിഷപ്പ് ജോസ് പുളിക്കൽ**

വൈസ് ചെയർമാൻ, കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ

# പുരോഹിതൻ വിശ്വാസത്തിന്റെ മനുഷ്യൻ

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

തിരുവചനഭാഗം: മർക്കോ 8:1–38

മർക്കോസ് 6:31–7, 37 ലും 8:1–30 ലുമുള്ള സുവിശേഷ വിവരണങ്ങൾ തമ്മിലുള്ള സാമ്യം ശ്രദ്ധേയമാണ്. ഒരേ തരത്തിലുള്ള സംഭവങ്ങൾ ആവർത്തിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ രണ്ടു ഭാഗങ്ങളും ഒരേ കാര്യങ്ങളെ സംബന്ധിച്ച രണ്ടു വ്യത്യസ്ത പാരമ്പര്യങ്ങളാണെന്ന് ചില പണ്ഡിതർ കരുതുന്നുണ്ട്. എന്നാൽ മറ്റു ചിലരുടെ അഭിപ്രായത്തിൽ, തന്റെ വ്യക്തിത്വത്തെക്കുറിച്ച് ഈശോ പഠിപ്പിക്കാൻ ആഗ്രഹിച്ച പാഠങ്ങൾ ശിഷ്യർക്കു മനസ്സിലാകാത്തതിനാൽ മുമ്പു നല്കിയ പാഠങ്ങൾ ഈശോ വീണ്ടും ആവർത്തിക്കുകയാണ്. അഞ്ചു ഭാഗങ്ങളായി ഈ സുവിശേഷഭാഗത്തെ തിരിക്കാം. അപ്പം വർദ്ധിപ്പിക്കുന്നു (8:1–10), ഫരിസേയരുടെയും ശിഷ്യരുടെയും അവിശ്വാസം (8:11–21), അന്ധനു കാഴ്ച നല്കുന്നു (8:22–26), പത്രോസിന്റെ വിശ്വാസപ്രഖ്യാപനം (8:27–30), ഒന്നാം പീഡാനുഭവപ്രവചനം (8:31–38). പൊതുവായി പറഞ്ഞാൽ വിശ്വാസജീവിതത്തിന്റെ വിവിധ വശങ്ങളെ സൂചിപ്പിക്കുന്നവയാണ് ഈ സുവിശേഷസംഭവങ്ങൾ.

**1. പുരോഹിതൻ: വിശ്വാസജീവിതം നയിക്കുന്നവൻ**

*"അവൻ ജനക്കൂട്ടത്തോടു നിലത്തിരിക്കാൻ ആജ്ഞാപിച്ചു. പിന്നീട്, അവൻ ആ ഏഴപ്പം എടുത്ത്, കൃതജ്ഞതാസ്തോത്രം ചെയ്ത്, മുറിച്ചു ജനങ്ങൾക്കു വിളമ്പാൻ ശിഷ്യന്മാരെ ഏല്പിച്ചു. അവർ അതു ജനങ്ങൾക്കു വിളമ്പി. കുറേ ചെറിയ മത്സ്യങ്ങളും അവരുടെ പക്കലുണ്ടായിരുന്നു. അവൻ അവയും ആശീർവദിച്ചു; വിളമ്പാൻ ശിഷ്യന്മാരെ ഏല്പിച്ചു. ജനം ഭക്ഷിച്ചു തൃപ്തരായി. ശേഷിച്ച കഷണങ്ങൾ ഏഴു കുട്ട നിറയെ അവർ ശേഖരിച്ചു"* (8:6–8).

യഹൂദരുടെ നാട്ടിൽ അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ തൃപ്തരാക്കിയതിനുശേഷം (6:30–44) ഏഴപ്പംകൊണ്ട് നാലായിരംപേരെ തൃപ്തരാക്കുന്ന ഈ അത്ഭുതം വിജാതീയരുടെ നാട്ടിലാണ് ഈശോ പ്രവർത്തിക്കുന്നത്. ആദ്യത്തെ അത്ഭുതത്തിൽ ബാക്കി വന്ന അപ്പക്കഷണങ്ങൾ ശേഖരിച്ചത് പന്ത്രണ്ടു കുട്ട നിറയെ ആയിരുന്നുവെങ്കിൽ, രണ്ടാമത്തെ അത്ഭുതത്തിൽ ശേഷിച്ച കഷണങ്ങൾ ശേഖരിച്ചത് ഏഴു കുട്ട നിറയെ ആയിരുന്നു. പന്ത്രണ്ടു കുട്ടകൾ ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ

സൂചിപ്പിക്കുന്നുവെങ്കിൽ, ഏഴു കുട്ടകൾ ലോകത്തിലെ എഴുപതു ദേശങ്ങളെ സൂചിപ്പിക്കുന്നു (ഉല്പ 10). ആദ്യത്തെ അത്ഭുതത്തിൽ കുട്ടയ്ക്ക് ഗ്രീക്കിൽ ഉപയോഗിക്കുന്ന വാക്ക് യഹൂദർ സാധാരണ കുട്ടയ്ക്ക് ഉപയോഗിക്കുന്നതാണെങ്കിൽ (കോഫിനോസ്), രണ്ടാമത്തെ അത്ഭുതത്തിൽ ഉപയോഗിക്കുന്നത് 'സ്പൂരിസ്' എന്ന പൊതുവായ വാക്കാണ്. ഈശോ ലോകം മുഴുവന്റെയും വിശപ്പുമാറ്റുന്നവനാണ് എന്നൊരു സൂചന ഈ അത്ഭുതത്തിനുണ്ട്. അതുപോലെതന്നെ, കൃതജ്ഞതാ സ്തോത്രപ്രാർത്ഥനയ്ക്ക് 'എവുളോഗെയിൻ' എന്നതിനുപകരം 'എവുക്കരിസ്തെയിൻ' എന്ന വാക്കുപയോഗിച്ച് ഈ അത്ഭുതത്തെ പരിശുദ്ധ കുർബാനയോട് വ്യക്തമായി ബന്ധിപ്പിച്ചിരിക്കുന്നു. മൂന്നു ദിവസം തന്നോടുകൂടി ആയിരുന്നവർക്കുവേണ്ടി അപ്പം വർദ്ധിപ്പിക്കുന്നത് പഴയ നിയമത്തിൽ ഉടമ്പടിബന്ധം സ്ഥാപിക്കുന്നതിനുമുമ്പ് ഇസ്രായേൽ ജനതയെ മൂന്നു ദിവസം ഒരുക്കിയതിനെ അനുസ്മരിപ്പിക്കുന്നുണ്ട് (പുറ 19:1-15). ലോകത്തിന്റെ ജീവനുവേണ്ടി ഈശോ നല്കുന്ന തന്റെ ശരീരമാകുന്ന 'ജീവന്റെ അപ്പ'(യോഹ 6:51-59)ത്തെയാണ് ഈ അത്ഭുതം പ്രത്യേകമായി അനുസ്മരിപ്പിക്കുന്നത്.

ഈ അത്ഭുതത്തിൽ ഈശോയാണ് അപ്പം വർദ്ധിപ്പിക്കുന്നതെങ്കിലും അത് ജനങ്ങൾക്കു വിളമ്പാൻ, അവരെ പോറ്റുക അസാദ്ധ്യമാണെന്നു വിചാരിച്ച, ശിഷ്യന്മാരെയാണ് അവിടുന്ന് ഏല്പിക്കുന്നത് (8:6-7). പരിശുദ്ധ കുർബാന എന്ന ദിവ്യരഹസ്യം ഈശോയാണ് സ്ഥാപിക്കുകയും യാഥാർത്ഥ്യമാക്കുകയും ചെയ്യുന്നതെങ്കിലും, അത് പരികർമ്മം ചെയ്യുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് ശ്ലൈഹികശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതരാണ്. അതുകൊണ്ട് ഈ അത്ഭുതം രഹസ്യങ്ങളുടെ രഹസ്യമായ പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ദിവ്യരഹസ്യങ്ങളുടെ പരികർമ്മികളായ പുരോഹിതരുടെ ശുശ്രൂഷയെ സൂചിപ്പിക്കുന്നുണ്ട്. വിശ്വാസത്തോടെ പരികർമ്മം ചെയ്യേണ്ടവയാണ് ദിവ്യരഹസ്യങ്ങൾ. ശിഷ്യരുടെ വിശ്വാസക്കുറവിനെ ഈ സുവിശേഷഭാഗത്ത് ഈശോ ചോദ്യം ചെയ്യുന്നുമുണ്ട് (8:14-21). സീറോ മലബാർ ആരാധനക്രമത്തിൽ മിശിഹായുടെ തിരുശ്ശരീരരക്തങ്ങളാകുന്ന ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷകരാകുവാൻ യോഗ്യരാക്കിയതിന് നന്ദി പറയുന്ന പ്രാർത്ഥനയിൽ, "ഈ ദാനം തികഞ്ഞ സ്നേഹത്തോടും ഉറച്ചവിശ്വാസത്തോടുംകൂടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു" കാർമ്മികൻ പ്രാർത്ഥിക്കുന്നു. അതുകൊണ്ട് പുരോഹിതൻ വിശ്വാസത്തിന്റെ രഹസ്യങ്ങൾ യോഗ്യതയോടെ പരികർമ്മം ചെയ്യുവാൻ തക്കവിധം വിശ്വാസജീവിതം നയിക്കുവാൻ പ്രത്യേകം വിളിക്കപ്പെട്ടവനാണ്.

**2. പുരോഹിതൻ: വിശ്വാസം പഠിപ്പിക്കുന്നവൻ**

*"ഇതു മനസ്സിലാക്കിയ ഈശോ അവരോടു പറഞ്ഞു: നിങ്ങൾക്ക് അപ്പമില്ലാത്തതിനെക്കുറിച്ച് എന്തിനു തർക്കിക്കുന്നു? ഇനിയും നിങ്ങൾ മനസ്സിലാക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നില്ലേ? നിങ്ങളുടെ ഹൃദയങ്ങൾ മന്ദീഭവിച്ചിരിക്കുന്നുവോ? കണ്ണുണ്ടായിട്ടും നിങ്ങൾ കാണുന്നില്ലേ? ചെവിയുണ്ടായിട്ടും നിങ്ങൾ കേൾക്കുന്നില്ലേ? നിങ്ങൾ ഓർമ്മിക്കുന്നില്ലേ?"* (8:17–18).

അടയാളം ആവശ്യപ്പെടുന്ന ഫരിസേയരെയും (8:11–13) ഗ്രഹണശക്തിയില്ലാത്ത ശിഷ്യരെയു (8:14–21) മാണ് ഈ സുവിശേഷഭാഗം അവതരിപ്പിക്കുന്നത്. ഈശോയുടെ അത്ഭുതങ്ങളൊന്നും അവിടുത്തെ ദൈവത്വത്തിന്റെ അടയാളമായി കണക്കാക്കാതെ, അവിടുത്തെ അധികാരം തെളിയിക്കാൻ ഫരിസേയർ സ്വർഗത്തിൽനിന്നും ഒരടയാളം ആവശ്യപ്പെടുന്നു. അവർ അത് ഈശോയെ പരീക്ഷിക്കാൻ ചോദിച്ചതാണെന്ന് മർക്കോസ് വ്യക്തമാക്കുന്നുണ്ട്. ആത്മീയകാര്യങ്ങളിൽ താല്പര്യമുള്ളവരും ഈശോയുടെ ദൈവത്വം മറ്റാരെക്കാളും പെട്ടെന്നു തിരിച്ചറിയേണ്ടിയിരുന്നവരുമായ ഫരിസേയർ അവിശ്വാസികളായിത്തീർന്നു എന്നുമാത്രമല്ല, അവിടുത്തെ പരീക്ഷിക്കുന്ന സാത്താന്റെ ഉപകരണങ്ങളായിത്തീരുകയും ചെയ്തു എന്നതായിരിക്കാം ഈശോയുടെ നെടുവീർപ്പിന്റെ കാരണം (8:12). കഠിനഹൃദയരായി അവിശ്വാസത്തിൽ തുടരുന്നവരെ ഒരത്ഭുതംകൊണ്ടും വിശ്വാസികളായി മാറ്റാൻ കഴിയില്ല. ഫരിസേയരുടെയും ഹേറോദേസിന്റെയും പുളിപ്പിനെക്കുറിച്ച് കരുതലോടെയിരിക്കുവാൻ ഈശോ പറഞ്ഞതു ഗ്രഹിക്കുവാൻ ശിഷ്യർക്കും കഴിഞ്ഞില്ല. ഈശോയുടെ പരസ്യജീവിതം അന്ത്യഘട്ടത്തോടടുക്കുകയാണ്. ഈശോ ഇതിനോടകം ചെയ്ത അത്ഭുതങ്ങൾ, പ്രത്യേകിച്ച് അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച രണ്ടു സംഭവങ്ങൾ, മിശിഹായുടെ ദൈവത്വത്തെക്കുറിച്ച് ശിഷ്യർക്ക് വ്യക്തമായി ബോധ്യം നല്കേണ്ടവയായിരുന്നു. പക്ഷേ, ഈശോ ആരാണെന്ന് അറിയുന്നതിൽ അവർ പരാജയപ്പെട്ടിരിക്കുന്നു. ഈ അറിവിന്റെ അഭാവത്തിൽ അവർക്ക് ഈശോയുടെ ശ്ലീഹന്മാരായി പ്രവർത്തിക്കുവാൻ കഴിയുകയില്ല. മുമ്പ് അവിശ്വാസികളെ വിശേഷിപ്പിക്കുവാൻ ഉപയോഗിച്ച ഭാഷ (4:11–12) ശിഷ്യരുടെനേരെ അവിടുന്നു പ്രയോഗിക്കുന്നു: "എന്നിട്ടും നിങ്ങൾ ഗ്രഹിക്കുന്നില്ലേ?" (8:21).

ഫരിസേയരുടെ പുളിമാവ് അവരുടെ അബദ്ധപ്രബോധനത്തെയാണ് സൂചിപ്പിക്കുന്നത് (മത്താ 16:12). ക്രിസ്തുശിഷ്യരെ വഴിതെറ്റിക്കുന്ന അബദ്ധപ്രബോധനങ്ങളുടെ പുളിമാവ് ഇന്ന് എവിടെയും സുലഭ

മാണ് – പത്രമാസികകളിലും സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ ദൃശ്യശ്രാവ്യമാധ്യമങ്ങളിലും വിവിധ ക്രൈസ്തവസെക്റ്റുകളുടെ പ്രഘോഷണങ്ങളിലും പ്രത്യയശാസ്ത്രങ്ങളിലും എല്ലാം ഈ അബദ്ധപ്രബോധനത്തെ നേരിടാൻ വിശ്വാസികൾക്കു കഴിയണമെങ്കിൽ പുരോഹിതൻ വിശ്വാസം പഠിക്കുന്നവനും ഗ്രഹിക്കുന്നവനും പഠിപ്പിക്കുന്നവനുമാകണം. പുരോഹിതന്റെ പ്രഥമദൗത്യം വിശ്വാസപ്രബോധനമാണെന്ന് സഭയുടെ ഔദ്യോഗികരേഖകൾ എടുത്തു പറയുന്നുണ്ട് (PO 4). ഈശോ രണ്ടു പ്രാവശ്യം പ്രവർത്തിച്ച അത്ഭുതങ്ങൾ കാണുകയും അവയിൽ സഹകരിക്കുകയും ചെയ്തിട്ടും അതിന്റെ പാഠം ഉൾക്കൊണ്ട് അവിടുന്നിലുള്ള ദൈവസാന്നിദ്ധ്യം അറിയാനും അവിടുന്നിൽ വിശ്വസിക്കാനും കഴിയാതെ പോയ ശിഷ്യർ പുരോഹിതർക്ക് ഒരു മുന്നറിയിപ്പാണ്. പുരോഹിതരുടെ ദൈവശാസ്ത്രപരിശീലനം അവരെ വിശ്വാസത്തിന്റെ പൊരുൾ ഗ്രഹിക്കുന്നവരും വിശ്വാസം ജനങ്ങളെ പഠിപ്പിക്കുന്നവരുമാക്കുവാൻ എത്രമാത്രം സഹായകമാകുന്നുണ്ട്? സെമിനാരി പരിശീലനത്തിനുശേഷം പുരോഹിതശുശ്രൂഷയിൽ ദൈവശാസ്ത്രപരമായ തുടർപരിശീലനവും പഠനവും കാര്യക്ഷമമായി നടത്തുവാൻ കഴിയുന്നുണ്ടോ? പൗരോഹിത്യസ്വീകരണശേഷം ജീവിതാനുഭവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വേണ്ടവിധം വിലയിരുത്തുവാനും ഗ്രഹിക്കുവാനും പുരോഹിതൻ പരിശ്രമിക്കണം. അപ്രകാരം ചെയ്യുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യണം.

**3. പുരോഹിതൻ: വിശ്വാസാനുഭവത്തിൽ വളരുന്നവൻ**

*"അവൻ അന്ധനെ കൈയ്ക്കുപിടിച്ച് ഗ്രാമത്തിനു വെളിയിലേക്കു കൊണ്ടുപോയി. അവന്റെ കണ്ണുകളിൽ തുപ്പിയശേഷം അവന്റെമേൽ കൈകൾ വച്ചുകൊണ്ടു ചോദിച്ചു: നീ എന്തെങ്കിലും കാണുന്നുണ്ടോ? നോക്കിയിട്ട് അവൻ പറഞ്ഞു: ഞാൻ മനുഷ്യരെ കാണുന്നുണ്ട്. അവർ മരങ്ങളെപ്പോലിരിക്കുന്നു; നടക്കുന്നതായും കാണുന്നു. വീണ്ടും ഈശോ അവന്റെ കണ്ണുകളിൽ കൈകൾ വച്ചു. അവൻ സൂക്ഷിച്ചുനോക്കി; കാഴ്ച തിരിച്ചുകിട്ടുകയും ചെയ്തു. അവൻ എല്ലാ വസ്തുക്കളും വ്യക്തമായി കണ്ടു"* (8,23-25).

അന്ധനു കാഴ്ച നല്കുന്ന ഈ സംഭവം വി. മർക്കോസിന്റെ സുവിശേഷത്തിൽമാത്രം രേഖപ്പെടുത്തിയിട്ടുള്ള ഒരു സംഭവമാണ്. ഉടനടി അത്ഭുതം നടക്കാത്ത ഏകസംഭവവുമാണ്. ഘട്ടംഘട്ടമായി അവനു കാഴ്ചശക്തി ലഭിക്കുന്നു എന്നത് പ്രതീകാത്മകമായ അർത്ഥമാണ് ഈ അത്ഭുതത്തിനുള്ളത് എന്നതിന്റെ സൂചനയാണ്. ഈശോയുടെ മിശിഹാത്വവും ദൈവത്വവും തിരിച്ചറിയാൻ സാധിക്കാത്ത, അവിടുത്തെ പ്രവൃത്തികളുടെയും വാക്കുകളുടെയും അർത്ഥം കാണാൻ കഴിയാത്ത,

ശിഷ്യരുടെ പ്രതീകമാണ് ആ അന്ധൻ. ആ അന്ധനു ലഭിച്ചതുപോലെ ഘട്ടംഘട്ടമായിട്ടായിരിക്കും ശിഷ്യർക്ക് വിശ്വാസത്തിന്റെ കാഴ്ച ലഭിക്കുക. ഈശോയുടെ പരസ്യജീവിതകാലമാണ് ഒന്നാം ഘട്ടം. ഈ ഘട്ടത്തിൽ ശിഷ്യന്മാർക്ക് ഈശോയെ പൂർണമായി മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഈശോയുടെ ഉത്ഥാനത്തിനുശേഷമുള്ളതാണ് രണ്ടാം ഘട്ടം. പരിശുദ്ധാത്മാവിന്റെ ആഗമനത്തെത്തുടർന്ന് 'സത്യത്തിന്റെ പൂർണതയിലേക്കു നയിക്കുന്ന അരൂപി'യുടെ ശക്തിയാൽ അവർ ഈശോ ആരാണെന്ന് വ്യക്തമായി മനസ്സിലാക്കി. "അവൻ സൂക്ഷിച്ചുനോക്കി; കാഴ്ച തിരിച്ചുകിട്ടുകയും ചെയ്തു" എന്നാണ് മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശ്വസത്തിൽനിന്നുളവാകുന്ന അറിവിന്റെ ഉൾക്കാഴ്ച ലഭിക്കുന്നത് ദൈവകൃപയാലാണെങ്കിലും, മനുഷ്യന്റെ ഉത്തരവാദിത്വപൂർണമായ സഹകരണത്തിനും അതിൽ സ്ഥാനമുണ്ട്.

മാമ്മോദീസായിലൂടെയാണല്ലോ നാം സഭയുടെ വിശ്വാസത്തിലേക്കു പ്രവേശിപ്പിക്കപ്പെടുക. മാമ്മോദീസാ എന്ന കൂദാശാ പരികർമ്മത്തിൽ തുപ്പൽ ഉപയോഗിക്കുന്ന പതിവ് പണ്ട് നിലവിലിരുന്നു. കാർമ്മികൻ അണ്ണാക്കിൽനിന്നും തുപ്പലെടുത്ത് ശിശുവിന്റെ കണ്ണുകളിലും കാതുകളിലും കുരിശുവരച്ച് 'തുറക്കപ്പെടുക' എന്നു പറയുന്ന രീതി ഉണ്ടായിരുന്നു. ഈ സുവിശേഷസംഭവവുമായി ബന്ധപ്പെട്ടായിരിക്കാം ഈ രീതി സഭയിൽ നിലവിൽ വന്നത്. മാമ്മോദീസായിലൂടെയാണല്ലോ നാം വിശ്വാസവെളിച്ചം കാണുന്നതും വിശ്വാസപരമായ വിളി കേൾക്കുന്നതും. മാമ്മോദീസായിലൂടെ സഭയുടെ വിശ്വാസത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്ന നമ്മിൽ വ്യക്തിപരമായ തലത്തിൽ വിശ്വാസവളർച്ചയുണ്ടാകണം. ജീവിതാനുഭവങ്ങളെയും ജീവിതസാഹചര്യങ്ങളെയും വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുവാനും സ്വീകരിക്കുവാനും സാധിക്കുന്നവരിലാണ് ഇപ്രകാരമുള്ള വിശ്വാസവളർച്ചയുണ്ടാവുക. പ്രാർത്ഥനാജീവിതത്തിലൂടെ ജീവിതാനുഭവങ്ങളിൽ ദൈവത്തിന്റെ സ്നേഹസാന്നിദ്ധ്യം തിരിച്ചറിയുന്നവർക്കു മാത്രമേ ഇപ്രകാരം വിശ്വാസത്തിൽ വളരുവാൻ സാധിക്കുകയുള്ളൂ. വിശ്വാസികൾക്കെല്ലാം ഇത് ആവശ്യമാണെങ്കിൽ, അവരെ വിശ്വാസത്തിൽ നയിക്കേണ്ട പുരോഹിതർക്ക് ഇതാവശ്യമാണെന്നതിനു സംശയമില്ല. അവർ ഇപ്രകാരം വിശ്വാസത്തിൽ വളരുകയും മറ്റുള്ളവരെ വിശ്വാസത്തിൽ വളർത്തുകയും വേണം.

**4. പുരോഹിതൻ: മിശിഹാരഹസ്യത്തിന്റെ ശുശ്രൂഷകൻ**

*"അവൻ ചോദിച്ചു: എന്നാൽ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? പത്രോസ് മറുപടി പറഞ്ഞു: നീ മിശിഹായാണ്. തന്നെക്കുറിച്ച് ആരോടും പറയരുതെന്ന് അവൻ അവരോടു കല്പിച്ചു"* (8,29-30).

"മിശിഹായും ദൈവപുത്രനുമായ ഈശോയുടെ സുവിശേഷം" എന്ന ആമുഖവാക്യത്തിൽ ആരംഭിച്ച വി. മർക്കോസിന്റെ സുവിശേഷ ത്തിലെ അർത്ഥപൂർണമായ കേന്ദ്രഖണ്ഡികയാണ് ഈ സുവിശേഷ ഭാഗം. മർക്കോ 1-8 അദ്ധ്യായങ്ങളിലെ മിശിഹാവതരണത്തിന്റെ ഉപ സംഹാരമായി "ഞാൻ ആരാകുന്നു?" എന്ന ഈശോയുടെ ചോദ്യവും, "നീ മിശിഹായാകുന്നു" എന്ന പത്രോസിന്റെ പ്രഖ്യാപനവും പരിഗണിക്കാം. ഈശോയുടെ വ്യക്തിത്വത്തെപ്പറ്റിയുള്ള ഈ ചോദ്യം പ്രത്യക്ഷമായും പരോക്ഷമായും മർക്കോ 1-8 അദ്ധ്യായങ്ങളിൽ പല പ്പോഴും ഉയർന്നുവരുന്നുണ്ട്. ആദ്യത്തെ അത്ഭുതമായ അശുദ്ധാരൂപി ബഹിഷ്കരണവും സിനഗോഗിൽ ഈശോ ചെയ്ത പ്രഭാഷണവും കാണികളിൽ ഉളവാക്കിയ പ്രതികരണം ശ്രദ്ധേയമാണ്: "ഇതെന്ത്? അധികാരപൂർവകമായ നവീന പ്രബോധനമോ? ഇദ്ദേഹം അശുദ്ധാരൂപി കളോടുപോലും ആജ്ഞാപിക്കുകയും അവ അനുസരിക്കുകയും ചെയ്യു ന്നല്ലോ?" (1:27). ജനങ്ങളുടെ ഈ ആശ്ചര്യപ്രകടനത്തിൽ പരോക്ഷമാ യിരിക്കുന്ന പ്രധാന ചോദ്യം "ഇവൻ ആരാകുന്നു" എന്നതുതന്നെ. ഇതേ ചോദ്യം പരോക്ഷമായി തുടർന്നുള്ള വിവരണങ്ങളിൽ കാണാം (2:7; 6:2.14.16). ശിഷ്യന്മാരും ഈ ചോദ്യംതന്നെ ചോദിക്കുന്നുണ്ട് (6:48-50). ഇപ്പോൾ ഈശോ തന്നെ അവരോട് ഈ ചോദ്യം ചോദിക്കുന്നു. ജനങ്ങ ളുടെ വികലവീക്ഷണങ്ങളെക്കാൾ കൂടുതൽ യുക്തമായ ദർശനം ശിഷ്യന്മാർക്കുണ്ട്. എങ്കിലും അതു തികച്ചും അപൂർണവും ഭാഗികവു മാണ്. അടുത്ത അദ്ധ്യായങ്ങളിൽ അവർക്കു ലഭിക്കുന്ന പ്രബോധന ങ്ങളുടെയും, സർവ്വോപരി പീഡാനുഭവ-മരണ-ഉത്ഥാനങ്ങളുടെയും വെളിച്ചത്തിൽ മാത്രമാണ് അവർ മിശിഹാരഹസ്യം മനസ്സിലാക്കുന്ന വരും പ്രഘോഷിക്കുന്നവരുമായിത്തീർന്നത്.

പുരോഹിതൻ മിശിഹാരഹസ്യത്തിന്റെ ശുശ്രൂഷകനാണ്. അതു കൊണ്ട് ഈശോമിശിഹായെപ്പറ്റിയുള്ള ശരിയായ ദർശനവും കാഴ്ച പ്പാടുകളും ഉള്ളവനായിരിക്കണം. ഇരുപതു നൂറ്റാണ്ടുകളിലൂടെ ഈശോയെപ്പറ്റിയും സുവിശേഷത്തെപ്പറ്റിയും മനുഷ്യർ അനേകം അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്. ചിലതു തെറ്റും മറ്റുചിലത് അപര്യാപ്തവും അസ്വീകാര്യവുമാണ്. എന്നാൽ, വിശുദ്ധ പിതാക്ക ന്മാരും ഭക്താത്മാക്കളും പ്രകാശം ചൊരിയുന്ന ദർശനങ്ങൾ നല്കിയിട്ടുണ്ട്. ബൈബിൾ വ്യാഖ്യാതാക്കൾ ഗൗരവമേറിയ പഠനങ്ങ ളിലൂടെ വിലയേറിയ ഉൾക്കാഴ്ചകൾ പങ്കുവച്ചിട്ടുണ്ട്. അവയും വിശുദ്ധ ഗ്രന്ഥ വായനയും പഠനവും ധ്യാനവും വഴി ലഭിക്കുന്ന ഉൾക്കാഴ്ചകളും സമന്വയിപ്പിച്ച് മിശിഹാരഹസ്യത്തെക്കുറിച്ച് വ്യക്തിപരവും തൃപ്തി

പരവുമായ ഒരു ദർശനവും ആഭിമുഖ്യവും പുരോഹിതൻ സ്വയം രൂപ വൽക്കരിക്കണം. മിശിഹായിൽ പിതാവായ ദൈവം ആവിഷ്കരിച്ച രക്ഷാപദ്ധതിയുടെ രഹസ്യം (എഫേ 1:3–14) പരികർമ്മം ചെയ്യുന്ന വ്യക്തി എന്ന നിലയിൽ പുരോഹിതൻ മിശിഹാരഹസ്യത്തെക്കുറിച്ച് ശരിയായ കാഴ്ചപ്പാടുകളുള്ളവനും മിശിഹാരഹസ്യത്തോട് ശരിയായ ആഭിമുഖ്യവും പ്രതിബദ്ധതയുമുള്ളവനുമാകണം.

**5. പുരോഹിതൻ: വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കുന്നവൻ**

*"ഈശോ പിന്തിരിഞ്ഞു നോക്കിയപ്പോൾ ശിഷ്യന്മാർ നില്ക്കുന്നതു കണ്ട് പത്രോസിനെ ശാസിച്ചുകൊണ്ടു പറഞ്ഞു: സാത്താനേ, നീ എന്റെ മുമ്പിൽനിന്നു പോകൂ. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്. അവൻ ശിഷ്യന്മാരോടൊപ്പം ജനക്കൂട്ടത്തെയും തന്റെ അടുത്തേക്കു വിളിച്ചുവരുത്തി അവരോടു പറഞ്ഞു: ആരെങ്കിലും എന്നെ അനുഗമി ക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ"* (8:33–34).

തന്റെ മിശിഹാത്വം തിരിച്ചറിഞ്ഞ ശിഷ്യന്മാർക്ക് അതിന്റെ സ്വഭാവവും തന്നെ അനുഗമിക്കുക എന്നതിന്റെ അർത്ഥവും ഈശോ വെളിപ്പെടുത്തിക്കൊടുക്കുന്ന ഭാഗമാണിത്. തന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും പ്രവചിച്ചുകൊണ്ടാണ് തന്റെ മിശിഹാത്വത്തിന്റെ സ്വഭാവം ഈശോ ശിഷ്യർക്കു വെളിപ്പെടുത്തുന്നത്: "മനുഷ്യപുത്രൻ" എന്നു സ്വയം വിശേഷിപ്പിച്ചുകൊണ്ടാണ് ഈ വെളിപ്പെടുത്തൽ നടത്തു ന്നത്. ദാനി 7:13–14 ആണ് ഇതിനാധാരം. ഈശോ സുവിശേഷത്തിൽ തന്നെത്തന്നെ വിശേഷിപ്പിക്കാനുപയോഗിച്ച, അവിടുത്തേക്ക് ഏറ്റം പ്രിയപ്പെട്ട, സംജ്ഞയാണ് 'മനുഷ്യപുത്രൻ'. സുവിശേഷത്തിൽ 81 തവണ ഈ പേര് പ്രത്യക്ഷപ്പെടുന്നുണ്ട്. 'മനുഷ്യപുത്രൻ' എന്ന പേര് ഇതുവരെ ഈശോ ഉപയോഗിച്ചത് തന്റെ ദൈവികാധികാരത്തെ സൂചി പ്പിക്കാനായിരുന്നു – ദൈവികമായ പാപമോചനാധികാരവും (2:10) സാബ ത്താചരണം നിശ്ചയിക്കാനുള്ള അധികാരവും (2:28). എന്നാൽ, ഇവിടെ ഈ സംജ്ഞ തന്റെ പീഡാസഹനവുമായി ബന്ധപ്പെടുത്തിയാണ് ഈശോ ഉപയോഗിക്കുന്നത്. പഴയനിയമത്തിൽ മനുഷ്യപുത്രൻ ഒരേ സമയം സഹിക്കുന്നവനും മരിക്കുന്നവനും മഹത്ത്വീകൃതനുമാണ്. ദൈവികപദ്ധതിയിൽ മിശിഹായുടെ മരണവും ഉത്ഥാനവും മനുഷ്യരക്ഷ യുടെ കേന്ദ്രബിന്ദുവാണെന്ന് പീഡാനുഭവപ്രവചനങ്ങൾ സൂചിപ്പി ക്കുന്നു.

ഈ വെളിപ്പെടുത്തൽ ശിഷ്യർക്ക് അഗ്രാഹ്യവും അസ്വീകാര്യവു മായിരുന്നു. പത്രോസിന് ഈശോ പറഞ്ഞത് മനസ്സിലായി. എങ്കിലും

അത് അംഗീകരിക്കുവാൻ ഒരുക്കമായിരുന്നില്ല. അതുകൊണ്ടാണ് പത്രോസ് ഈശോയെ മാറ്റിനിർത്തി തടസ്സം പറയാൻ തുടങ്ങിയത് (8:32). പക്ഷേ, ഈശോ പത്രോസിനെ ഇവിടെ ശാസിച്ചുകൊണ്ടു പറയുന്നു: "സാത്താനേ, നീ എന്റെ മുമ്പിൽനിന്നു പോകൂ. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്" (8:33). "ശിഷ്യന്മാർ നില്ക്കുന്നതുകണ്ട് പത്രോസിനെ ശാസിച്ചു" എന്നാണ് പറയുന്നത്. അതുകൊണ്ട് ഈ ശാസന പത്രോസിനു മാത്രമല്ല, പത്രോസ് പ്രതിനിധീകരിക്കുന്ന എല്ലാ ശിഷ്യർക്കുമുള്ളതാണ്. മിശിഹായെക്കുറിച്ചും മിശിഹാശിഷ്യത്വത്തെ ക്കുറിച്ചുമുള്ള നമ്മുടെ ചിന്തകളിൽ സഹനമെന്ന രഹസ്യത്തെ ഉൾച്ചേർക്കാൻ ഇതു നമ്മെ നിർബന്ധിക്കുന്നു. ദൈവികപദ്ധതിയിൽ മനുഷ്യരക്ഷയ്ക്ക് ഈശോയുടെ സഹനവും മരണവും ആവശ്യമായി രുന്നു. അതുകൊണ്ട് മിശിഹായോടും മിശിഹാരഹസ്യത്തോടും ആഭി മുഖ്യം പുലർത്തുന്നവർ സഹനം സ്വീകരിക്കുവാൻ തയ്യാറായിരിക്ക ണം. മാനുഷികമായി സഹനം ഒരിക്കലും സ്വീകാര്യമല്ലാത്ത ഒരു യാഥാർത്ഥ്യമാണ്. ഈ മാനുഷികത ദൈവികതയ്ക്കു വിരുദ്ധമാ ണെന്നും അത് ദൈവത്തെ എതിർക്കുന്ന സാത്താനിക നിലപാടാ ണെന്നും ഇതു സൂചിപ്പിക്കുന്നു. അതുകൊണ്ട് മിശിഹാശിഷ്യത്വം ജീവി ക്കുന്ന പുരോഹിതൻ മാനുഷികതയെ അതിജീവിക്കുന്ന ദൈവികത യിലും വിശ്വാസത്തിന്റെ വെളിച്ചത്തിലും നിരന്തരം വ്യാപരിക്കുന്നവ നാകണം.

**ജീവിതസൂചിക**

1. ഉറച്ച വിശ്വാസത്തോടെ വിശുദ്ധ രഹസ്യങ്ങൾ പരികർമ്മം ചെയ്യു വാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. സഭയുടെ വിശ്വാസം ഗ്രഹിക്കുവാനും പഠിക്കുവാനും, അതിനു ജന ങ്ങളെ പരിശീലിപ്പിക്കുവാനും ഞാൻ നിരന്തരം പരിശ്രമിക്കു ന്നുണ്ടോ?
3. ജീവിതാനുഭവങ്ങളിൽ ദൈവത്തിന്റെ സ്നേഹസാന്നിദ്ധ്യം തിരിച്ച റിഞ്ഞ് വിശ്വാസജീവിതത്തിൽ വളരാൻ എനിക്കു സാധിക്കു ന്നുണ്ടോ?
4. മിശിഹാരഹസ്യത്തെക്കുറിച്ച് ശരിയായ കാഴ്ചപ്പാടുകൾ നേടു വാനും മിശിഹാരഹസ്യത്തോട് ശരിയായ ആഭിമുഖ്യവും പ്രതിബ ദ്ധതയും പുലർത്തുവാനും ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. മാനുഷികതയും ദൈവികതയും തമ്മിലുള്ള സംഘർഷത്തെ അതി ജീവിച്ച് വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

Prot. No. 19286/2017

**മാനന്തവാടി രൂപതയിലുള്ള ഫാത്തിമ മാതാവിന്റെ നാമത്തിലുള്ളതും ഫാത്തിമമാതാവിന്റെ പ്രത്യക്ഷീകരണത്തിന്റെ 100-ാം വാർഷികത്തോടനുബന്ധിച്ച് താൽക്കാലിക തീർത്ഥാടന കേന്ദ്രങ്ങളായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടതുമായ കയ്യൂന്നി, തേനേരി, ചുങ്കക്കുന്ന് എന്നീ ദേവാലയങ്ങൾ 2017 നവംബർ 26 വരെയുള്ള കാലയളവിൽ മാത്രമാണ് തീർത്ഥാടന കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിരിക്കുന്നത്. ദണ്ഡവിമോചനം പ്രാപിക്കാൻ ആവശ്യമായ വ്യവസ്ഥകൾ ഈ മൂന്ന് ദേവാലയങ്ങളിലും ഒന്നു തന്നെയാണ്. അതിൽ ആദ്യമായി പ്രഖ്യാപിച്ച കയ്യൂന്നി ഇടവകയുടെ ഡിക്രി പ്രസിദ്ധീകരിക്കുന്നു.**

## കയ്യൂന്നി ഫാത്തിമമാതാ ദേവാലയത്തെ താൽക്കാലികമായി തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഡിക്രി

മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം, കയ്യൂന്നി ഫാത്തിമമാത ഇടവകയെ തീർത്ഥാടന കേന്ദ്രമായി ഉയർത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

1917 മെയ് മാസം 13 ന് പരി.കന്യകാമറിയം പോർച്ചുഗലിലെ ഫാത്തിമാ എന്ന ഗ്രാമത്തിൽ ആട് മേയിച്ചുകൊണ്ടിരുന്ന ലൂസിയാ, ഫ്രാൻചെസ്കോ, ജസീന്താ എന്നീ കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ട് പ്രാർത്ഥനയുടെയും മാനസാന്തരത്തിന്റെയും പാപപരിഹാരത്തിന്റെയും സന്ദേശം നൽകി. പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കണമെന്ന് മാതാവ് പ്രത്യേകം ആവശ്യപ്പെടുകയും ചെയ്തു. ഫാത്തിമായിലെ മാതാവിന്റെ പ്രത്യക്ഷീകരണത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് 2016 നവംബർ 27 മുതൽ 2017 നവംബർ 26 വരെ പരിശുദ്ധ പിതാവ് പൂർണ്ണദണ്ഡവിമോചനം പ്രഖ്യാപിച്ചിട്ടുണ്ട്. ദണ്ഡവിമോചനം പ്രാപിക്കാനാവശ്യമായ വ്യവസ്ഥകൾ ഇവയാണ്.

1. പരിശുദ്ധ ദൈവമാതാവിന്റെ ഫാത്തിമായിലുള്ള തീർത്ഥാടന കേന്ദ്രമായ ദേവാലയത്തിലേയ്ക്ക് തീർത്ഥാടനം നടത്തുകയും മാതാവിനോടുള്ള പ്രത്യേക വണക്കം സൂചിപ്പിച്ച് അവിടെ നടക്കുന്ന ഏതെങ്കിലും തിരുകർമ്മങ്ങളിൽ ഭക്തിപൂർവ്വം സംബന്ധിക്കുകയും സ്വർഗ്ഗസ്ഥനായ പിതാവേ, വിശ്വാസപ്രമാണം എന്നീ പ്രാർത്ഥനകൾ ചൊല്ലുകയും മാതാവിന്റെ മാദ്ധ്യസ്ഥ്യം യാചിക്കുകയും ചെയ്യുക.

2. ഫാത്തിമ പ്രത്യക്ഷീകരണത്തിന്റെ വാർഷികദിനങ്ങളിൽ (2017 മെയ് മുതൽ 2017 ഒക്ടോബർ വരെ, എല്ലാമാസവും 13-ാം തീയതി) പരി. ഫാത്തിമ മാതാവിന്റെ രൂപം സ്ഥാപിച്ചിരിക്കുന്ന ഏതെങ്കിലും ദേവാലയമോ ചാപ്പലോ, പ്രത്യേക സ്ഥലമോ സന്ദർശിച്ച് അവിടെ നടക്കുന്ന ഏതെങ്കിലും തിരുക്കർമ്മങ്ങളിൽ ഭക്തിപൂർവ്വം സംബന്ധിക്കുകയും സ്വർഗ്ഗസ്ഥനായ പിതാവേ, വിശ്വാസപ്രമാണം എന്നീ പ്രാർത്ഥനകൾ ചൊല്ലുകയും മാതാവിന്റെ മാദ്ധ്യസ്ഥം യാചിച്ച് പ്രാർത്ഥിക്കുകയും ചെയ്യുക.

3. പ്രായാധിക്യത്താലോ രോഗത്താലോ മറ്റേതെങ്കിലും ഗൗരവതരമായ കാരണങ്ങളാലോ യാത്ര ചെയ്യാൻ സാധിക്കാത്തവർ, തങ്ങളുടെ പാപങ്ങളെക്കുറിച്ച് മനസ്തപിച്ച് ഉത്തമമായ ബോധ്യത്തോടെ ഫാത്തിമ മാതാവിന്റെ ഒരു ചെറിയ രൂപത്തിന്റെയെങ്കിലും മുൻപിൽ പ്രത്യക്ഷീകരണത്തിന്റെ വാർഷിക ദിനങ്ങളിൽ പ്രത്യേകം പ്രാർത്ഥിക്കുകയും, ആത്മീയമായി ജൂബിലി ആഘോഷങ്ങളിൽ പങ്കുചേരുകയും തങ്ങളുടെ വേദനകളും രോഗങ്ങളും പ്രത്യാശയോടെ കാരുണ്യവാനായ ദൈവത്തിന്റെ തിരുമുൻപിൽ മാതാവിന്റെ മാദ്ധ്യസ്ഥംവഴി സമർപ്പിക്കുകയും ചെയ്യുക.

ഇതോടൊപ്പം ദണ്ഡവിമോചന പ്രാപ്തിക്ക് ആവശ്യമായ സാധാരണ വ്യവസ്ഥകളും പാലിച്ചിരിക്കണം.

1. കുമ്പസാരിച്ച് വി.കുർബാന സ്വീകരിക്കുക.

2. പാപത്തിൽ നിന്നും ഒഴിഞ്ഞ് നിൽക്കണമെന്ന ആഗ്രഹം ഉണ്ടായിരിക്കുക.

3. പരി.പിതാവിന്റെ നിയോഗത്തിനുവേണ്ടി പ്രാർത്ഥിക്കുക.

ഫാത്തിമാ പ്രത്യക്ഷത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാൻ പരിശുദ്ധ പിതാവ് നൽകിയിരിക്കുന്ന നിർദ്ദേശങ്ങളിൽ നമ്പർ രണ്ട് അനുസരിച്ച് ഫാത്തിമമാതാവിന്റെ നാമധേയത്തിലുള്ളതും രൂപം സ്ഥാപിച്ചിരിക്കുന്നതുമായ ഏത് ദേവാലയവും ഇതിന് യോഗ്യമാണ്. കയ്യൂന്നി ഇടവക ദേവാലയം പരിശുദ്ധ ഫാത്തിമ മാതാവിന്റെ നാമധേയത്തിലുള്ളതാകയാലും ആ പ്രദേശത്തിന്റെ

ആത്മീയ വളർച്ചയിൽ പ്രസ്തുത ദേവാലയത്തിന്റെ പങ്ക് നിസ്തുലമാകയാലും പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചിരിക്കുന്ന പൂർണ്ണദണ്ഡവിമോചന പ്രാപ്തിക്ക് യോഗ്യമാംവിധം കയ്യൂന്നി ഫാത്തിമമാതാ ദേവാലയത്തെ 2017 മാർച്ച് മാസം 5 മുതൽ 2017 നവംബർ 26 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് തീർത്ഥാടന കേന്ദ്രമായി നിശ്ചയിച്ച് പ്രഖ്യാപിക്കുന്നു.

കയ്യൂന്നി ഇടവക ജനത്തെയും തീർത്ഥാടകരായി കയ്യൂന്നി ഫാത്തിമമാതാ ദേവാലയം സന്ദർശിക്കുന്ന വിശ്വാസികളെയും ഫാത്തിമ മാതാവിന്റെ മധ്യസ്ഥതയിലൂടെ ധാരാളമായി ദൈവം അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോടുകൂടെയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2017 മാർച്ച് മാസം 4 ന് നൽകപ്പെട്ടത്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

**ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

Prot. No. 19879/2017

## കല്ലോടി ഫൊറോന പുനർക്രമീകരിച്ച് ദ്വാരക ഫൊറോന സ്ഥാപിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം, കല്ലോടി ഫൊറോന പുനർക്രമീകരിച്ച് ദ്വാരക ഫൊറോന സ്ഥാപിച്ചു കൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

കല്ലോടി ഫൊറോന വിസ്തൃതിയിലും ഇടവകകളുടെ എണ്ണത്തിലും വളരെ വലുതായതുകൊണ്ട് ഫൊറോനാ തലത്തിലുള്ള വിവിധ അജപാലനപ്രവർത്തനങ്ങൾക്കും ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾക്കും അംഗബാഹുല്യവും അകലവും യാത്രാസൗകര്യങ്ങളുടെ കുറവും തടസ്സങ്ങളാകുന്ന സാഹചര്യത്തിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് കല്ലോടി ഫൊറോനയെ വിഭജിക്കുന്നത് ഉചിതമായിരിക്കുമെന്ന് 2016 മാർച്ച് 10 ന് കല്ലോടി ഫൊറോനയിലെ മാസധ്യാന കൂട്ടായ്മയിൽ ബഹു. വൈദികർ അഭിപ്രായപ്പെടുകയും കല്ലോടി ഫൊറോനാപള്ളി വികാരി ബഹു. ജോസ് കൊച്ചറയ്ക്കൽ അച്ചൻ ഇത് രേഖാമൂലം എന്നെ അറിയിക്കുകയും ചെയ്തു.

2016 മാർച്ച് 16ന് ചേർന്ന പ്രസ്ബിറ്ററൽ കൗൺസിലിൽ മാനന്തവാടി, കല്ലോടി, പയ്യമ്പള്ളി, നടവയൽ എന്നീ ഫൊറോനകളെ പുനർക്രമീകരിക്കുന്നതിനെക്കുറിച്ച് പഠിക്കുവാൻ വികാരിജനറാൾ, ചാൻസലർ, മാനന്തവാടി, കല്ലോടി, പയ്യമ്പള്ളി, നടവയൽ എന്നീ ഫൊറോന പള്ളികളിലെ വികാരിമാർ എന്നിവർ അംഗങ്ങളായി ഒരു കമ്മറ്റി രൂപീകരിക്കുകയും അവരുടെ പഠനറിപ്പോർട്ട് അതാത് ഫൊറോനകളിലെ മാസധ്യാനങ്ങളിൽ അവതരിപ്പിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച് 2016 സെപ്റ്റംബർ 15 ന് മാനന്തവാടി ബിഷപ്സ് ഹൗസിൽ മാനന്തവാടി രൂപതാ വികാരിജനറാൾ മോൺ. മാത്യു മാടപ്പള്ളി

ക്കുന്നേൽ, ചാൻസലർ ഫാ. ജോസഫ് പരുവുമ്മേൽ, മാനന്തവാടി ഫൊറോനാവികാരി ബഹു. ഫാ. ജോർജ് മൈലാടൂർ, കല്ലോടി ഫൊറോനാവികാരി ബഹു. ഫാ. ജോസ് കൊച്ചറയ്ക്കൽ, പയ്യമ്പള്ളി ഫൊറോനാവികാരി ബഹു. ഫാ. ജോസ് മൊളോപ്പറമ്പിൽ, നടവയൽ ഫൊറോനാവികാരി ബഹു. ഫാ. വർഗീസ് മുളകൊടിയാങ്കൽ എന്നിവർ ഒരുമിച്ച് ചേരുകയും ഒരു പഠന റിപ്പോർട്ട് തയ്യാറാക്കി എനിക്ക് നൽകുകയും ചെയ്തു.

ഈ കമ്മീഷന്റെ റിപ്പോർട്ട് മാസധ്യാന കൂട്ടായ്മയിൽ ചർച്ച ചെയ്ത് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രേഖാമൂലം എനിക്ക് നൽകണമെന്ന് ആവശ്യപ്പെട്ടപ്രകാരം 2017 ഫെബ്രുവരി 7ന് ചേർന്ന മാസധ്യാന കൂട്ടായ്മയിൽ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളോട് പങ്കെടുത്ത എല്ലാവരും യോജിച്ചുവെന്ന് രേഖാമൂലം എന്നെ അറിയിച്ചു. എന്നാൽ 2017 ഫെബ്രുവരി 15 ന് ചേർന്ന രൂപതാ ആലോചനാസമിതി യോഗത്തിൽ ഫൊറോനാ കൗൺസിലിന്റെ അഭിപ്രായവും കൂടി ഇക്കാര്യത്തിൽ തേടണമെന്ന നിർദ്ദേശം വന്നതിനെ തുടർന്ന് 2017 മാർച്ച് 5 ന് കല്ലോടിയിൽ ചേർന്ന ഫൊറോനാ കൗൺസിൽ യോഗം പ്രസ്തുത നിർദ്ദേശം ചർച്ചചെയ്യുകയും അംഗങ്ങൾ എല്ലാവരും അതിനോട് യോജിക്കുകയും ചെയ്തു. തുടർന്ന് 2017 മാർച്ച് 6 ന് ചേർന്ന വൈദിക സെനറ്റ് കല്ലോടി ഫൊറോനാ വിഭജിച്ച് ദ്വാരക കേന്ദ്രമായി പുതിയ ഒരു ഫൊറോന സ്ഥാപിക്കുവാൻ അംഗീകാരം നൽകുകയും ചെയ്തു.

ഈ സാഹചര്യത്തിൽ 2017 ജൂൺ 1 മുതൽ ദ്വാരക സെന്റ് അൽഫോൻസാ ദേവാലയത്തെ ഫൊറോനാ ദേവാലയമായി ഉയർത്തുന്നു. മാനന്തവാടിയിൽ നിന്നും കല്ലോടി നിരവിൽപ്പുഴ വഴിയിലൂടെ എത്തിചേരാവുന്ന ഇടവകകളെ കല്ലോടി ഫൊറോനായിലും മാനന്തവാടി-വെള്ളമുണ്ട വഴിയിലൂടെ ദ്വാരകയിൽ എത്തിചേരാവുന്ന ഇടവകകളെ ദ്വാരകയിലും വരത്തക്കവിധം കല്ലോടി ഫൊറോനയെ പുനർക്രമീകരിക്കുകയും ചെയ്യുന്നു.

**ദ്വാരക ഫൊറോനയുടെ കീഴിൽ:** ചുള്ളിയാന (130 കുടുംബങ്ങളും 667 വിശ്വാസികളും), ദ്വാരക (345, 1725), കാരയ്ക്കാമല (285,1170), കൊമ്മയാട് (205, 1205), മംഗലശ്ശേരി (96, 414), മൊതക്കര (80, 400), തോണിച്ചാൽ (255, 1275), വെള്ളമുണ്ട (157, 920). ആകെ 8 ഇടവകകളും 1553 കുടുംബങ്ങളും 7776 വിശ്വാസികളുമാണ് ഉള്ളത്.

**കല്ലോടി ഫൊറോനയുടെ കീഴിൽ:** ദീപ്തിഗിരി (273, 1305), ജൂഡ്സ്മൗണ്ട് (120, 525), കല്ലോടി (716, 3310), കുഞ്ഞോം (109, 373),

മക്കിയാട് (120, 676), നിരവിൽപ്പുഴ (60, 216), പുതുശ്ശേരി (129, 537), പുതിയിടംകുന്ന് (159, 604), വഞ്ഞോട് (225, 900), വാളേരി (86,397), കരിമ്പിൽ (72, 383), ആകെ 11 ഇടവകകളും 2069 കുടുംബങ്ങളും 9226 വിശ്വാസികളുമാണ് ഉള്ളത്.

ദ്വാരക ഫൊറോനയുടെ പ്രഥമ വികാരിയായി ദ്വാരക സെന്റ് അൽഫോൻസാ വികാരിയായ ബഹു. ജോസ് തേക്കനാടി അച്ചനെ ഞാൻ നിയമിക്കുന്നു. അതുപോലെ തന്നെ അച്ചനെ ഫൊറോനാ വികാരിയായി സ്വീകരിച്ച് സ്നേഹിക്കുകയും ബഹുമാനിക്കുകയും എല്ലാ കാര്യങ്ങളിലും യഥായോഗ്യം അനുസരിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ഫൊറോനയുടെ നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണെന്ന കാര്യം ദ്വാരക ഫൊറോനായുടെ ഉള്ളിലുള്ള ഇടവകകളിലെ പ്രിയപ്പെട്ട വൈദികരെയും സമർപ്പിതരെയും ദൈവജനത്തെയും ഞാൻ അറിയിക്കുകയും ചെയ്യുന്നു.

അതോടൊപ്പം ഫൊറോനാവികാരിയുടെ ചുമതലകളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും മാനന്തവാടി രൂപതാ നിയമാവലിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഞാൻ ഓർമ്മപ്പെടുത്തട്ടെ.

1. ദൈവപ്രമാണങ്ങൾ, തിരുസഭയുടെ കൽപ്പനകൾ, രൂപതാനിയമങ്ങൾ, ഓരോ ഇടവകയ്ക്കുമുള്ള പ്രത്യേക കൽപ്പനകൾ മുതലായവ സ്വന്തം ഫൊറോനായിലും എല്ലാ ഇടവകകളിലും പാലിക്കപ്പെടുന്നുണ്ടോയെന്ന് പൊതുവായി ശ്രദ്ധിക്കണം.
2. സ്വന്തം ഫൊറോനയിലുള്ള എല്ലാ പള്ളികളും (ആലോചന സമിതി അംഗങ്ങൾ വികാരിമാരായിരിക്കുന്ന ഇടവകയൊഴിച്ച്) വർഷത്തിലൊരിക്കൽ ഫൊറോനവികാരി ഔദ്യോഗികമായി മുൻകൂട്ടി അറിയിച്ച ശേഷം സന്ദർശിക്കണം.
3. സന്ദർശനാവസരങ്ങളിൽ ഇടവകയുടെ ആദ്ധ്യാത്മികവും ഭൗതീകവുമായ ഉയർച്ചയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങളും ആവശ്യമെങ്കിൽ തിരുത്തലുകളും നൽകേണ്ടതും വികാരിമാർ വിധേയത്വത്തോടെ അവ സ്വീകരിക്കേണ്ടതുമാണ്.
4. ഇടവകഭരണം സംബന്ധിച്ച് ഗുരുതരമായ വീഴ്ചകൾ വന്നിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ വികാരിയോട് ആവശ്യപ്പെടണം. അവ ഫലപ്രദമായോ എന്നറിയുവാൻ വീണ്ടും സന്ദർശനം നടത്തേണ്ടതാണ്.
5. ഔദ്യോഗിക സന്ദർശനത്തിനുശേഷം ഫൊറോനാവികാരിമാർ റിപ്പോർട്ട് രൂപതാ കച്ചേരിയിലേയ്ക്കയക്കണം. ഇപ്രകാരം

അയക്കുന്ന റിപ്പോർട്ടുകളുടെ ഫയലുകളും തന്റെ ഫൊറോനായെ സംബന്ധിച്ച മറ്റ് ഫയലുകളും കൃത്യമായും ചിട്ടയായും ഫൊറോനാ പള്ളിയിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. അതിനായി ഒരു പ്രത്യേക ഫയൽ ക്യാബിനറ്റും ഫയലുകളും ഉണ്ടായിരിക്കേണ്ട താണ്.

6. വൈദികർ തമ്മിലോ വൈദികരും ജനങ്ങളും തമ്മിലോ ഇടവകയിലെ സന്യസ്തരുമായോ തെറ്റിദ്ധാരണയോ ഭിന്നിപ്പോ ഉണ്ടായാൽ അവ പറഞ്ഞ് അവസാനിപ്പിക്കാൻ ശ്രമിക്കുകയും വിവരം എത്രയും വേഗം രൂപതാ കച്ചേരിയിൽ അറിയിക്കുകുയം വേണം.
7. സ്വന്തം ഫൊറോനായിലുള്ള ഏതെങ്കിലും വികാരിയോ അസ്തേന്തിയോ രോഗബാധിതനായാൽ ഫൊറോനാവികാരി നേരിട്ടോ മറ്റാരെയെങ്കിലും അയച്ചോ അദ്ദേഹത്തിനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്. ആവശ്യമെങ്കിൽ പള്ളിഭരണം സംബന്ധിച്ച് താൽക്കാലിക ക്രമീകരണങ്ങൾ ചെയ്യണം. ഈ സഹായം കൂടുതൽ കാലത്തേയ്ക്ക് ആവശ്യമെങ്കിൽ വിവരം ഉടനടി രൂപതാ കച്ചേരിയിൽ അറിയിക്കണം.
8. ഏതെങ്കിലും വികാരിമാർ മരിച്ചാൽ, അദ്ദേഹത്തിന് അസ്തേന്തിയില്ലെങ്കിൽ തൽക്കാലത്തേയ്ക്ക് പള്ളി നടത്താനുള്ള ക്രമീകരണങ്ങളും പരേതന്റെ കുർബാന കണക്ക്, സാധനങ്ങൾ, പള്ളിറിക്കോർഡുകൾ മുതലായവയുടെ ഭദ്രതയ്ക്ക് ആവശ്യമായ ഏർപ്പാടുകളും ചെയ്യണം. വിവരം ഉടനടി രൂപതാകച്ചേരിയിൽ അറിയിക്കുകുയം വേണം.
9. സ്വന്തം ഫൊറോനായിലുള്ള പള്ളികൾ സന്ദർശിക്കുന്നതിനുള്ള യാത്രാചെലവുകൾ ഫൊറോനാപള്ളിയിൽ നിന്നും വഹിക്കേണ്ട താണ്.

ഫൊറോനാവികാരിക്ക് സ്വന്തം ഫൊറോനായിൽ നൽകാവുന്ന അനുവാദങ്ങൾ താഴെ ചേർക്കുന്നു.

1. തക്കകാരണമുള്ളപ്പോൾ രണ്ട് വിവാഹ പരസ്യങ്ങൾ ഒഴിവാക്കുന്നതിന് (Pl Art.175 2) (ഒരു പ്രാവശ്യം മാത്രം വിളിച്ച് ചൊല്ലി അന്നുതന്നെ വിവാഹം ആശീർവദിക്കുന്നതൊഴികെ)

2. ഒത്തു കല്ല്യാണം (മനസമ്മതം) പിരിച്ചുവിടുന്നതിന്.

3. ഒത്തുകല്ല്യാണത്തിന് (മനസമ്മതത്തിന്) മുൻപ് വിവാഹ പരസ്യം ചെയ്യുന്നതിന്.

ദ്വാരക ഫൊറോനയുടെ രൂപീകരണത്തിൽ നിർണ്ണായകമായ പങ്കുവഹിച്ച എല്ലാവരെയും പ്രത്യേകിച്ച് കല്ലോടി ഫൊറോനാ വികാരി

യായിരുന്ന ബഹു. ജോസ് കൊച്ചറയ്ക്കൽ അച്ചനെയും ഫൊറോന യിലെ മറ്റ് വൈദികരെയും ഫൊറോനാ കൗൺസിൽ അംഗങ്ങളെയും നന്ദിയോടെ ഓർക്കുകയും ഹൃദയപൂർവ്വം അനുമോദിക്കുകയും ചെയ്യുന്നു.

പുതിയ ഫൊറോനയുടെ ബഹു. വികാരിയച്ചനെയും, ആ ഫൊറോനയിലെ ബഹു. വൈദികർ, സമർപ്പിതർ, അത്മായ ദൈവജനം എന്നിവരെയും നല്ല ഇടയനായ ഈശോ ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവ ത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങ ളോടുകൂടെയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2017 മെയ്മാസം 16 ന് നൽകപ്പെട്ടത്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

**ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

Prot. No. 19878/2017

## കളത്തുവയൽ സെന്റ് മേരീസ് കുരിശുപള്ളിയെ സ്വതന്ത്ര കുരിശുപള്ളിയായി സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി

മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം വാഴവറ്റ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടെ കീഴിലുള്ള കളത്തു വയൽ സെന്റ് മേരീസ് കുരിശുപള്ളിയെ സ്വതന്ത്ര കുരിശുപള്ളിയായി സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി.

1959 ജനുവരി 18 ന് വാഴവറ്റ സെന്റ് സെബാസ്റ്റ്യൻ ഇടവക സ്ഥാപിതമായപ്പോൾ ചീങ്ങേരി, കളത്തുവയൽ, മാങ്കുന്ന്, നെല്ലാറച്ചാൽ പ്രദേശങ്ങൾ വാഴവറ്റ ഇടവകയുടെ ഭാഗമായിരുന്നെങ്കിലും 1970 ൽ കാരാപ്പുഴ ജലസേചന പദ്ധതി ആരംഭിക്കുകയും പദ്ധതിക്കായി സർക്കാർ സ്ഥലം ഏറ്റെടുക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ നെല്ലാറച്ചാൽ പ്രദേശത്തുനിന്ന് കുടുംബങ്ങൾ പൂർണ്ണമായും കുടിയിറക്കപ്പെട്ട സാഹചര്യത്തിൽ വാഴവറ്റ, കളത്തുവയൽ പ്രദേശങ്ങൾ തമ്മിൽ ഭൂമിശാസ്ത്രപരമായ വലിയൊരു വിഭജനം രൂപപ്പെട്ടു.

1960-1962 കാലഘട്ടത്തിൽ ബഹു. ജോസഫ് പീച്ചനാട്ട് അച്ചൻ വാഴവറ്റയിൽ വികാരിയായിരുന്നപ്പോൾ ശ്രീ. അബ്രാഹം ഏറത്ത് നൽകിയ സ്ഥലത്ത് ഒരു കുരിശും അതിനോട് ചേർന്ന് ഒരു ഷെഡും നിർമ്മിക്കുകയും ഈ ഷെഡിൽ വി.ബലി അർപ്പിക്കുകയും ചെയ്തു. തുടർന്ന് മാസത്തിലൊരിക്കൽ വാഴവറ്റയിൽ നിന്നും ബഹുമാനപ്പെട്ട വികാരിയച്ചൻ കളത്തുവയലിലെത്തി ബലിയർപ്പിച്ചു പോന്നു. 1962 മുതൽ 1 മുതൽ 3 വരെ ക്ലാസുകളിലെ കുട്ടികൾക്ക് വേദപാഠ ക്ലാസുകളും ഈ ഷെഡിൽ വച്ച് നടത്തിയിരുന്നു.

ദൈവാരാധനയ്ക്കായി കൂടുതൽ സൗകര്യപ്രദമായ ഒരു സംവിധാനം വേണം എന്ന ആഗ്രഹത്തിൽ നിന്നും ഈ കുരിശും പുല്ല് മേഞ്ഞ ഷെഡും അൽപ്പം കൂടി മെച്ചപ്പെടുത്തി പണിത് ശ്രീ. മത്തായി കുളങ്ങര ദാനം നൽകിയ 9 സെന്റ് സ്ഥലത്ത് ബഹു. ഫ്രാൻസീസ് വാളായില

ച്ചന്റെ നേതൃത്വത്തിൽ 1977–1983 കാലഘട്ടത്തിൽ ഒരു കുരിശുപള്ളി സ്ഥാപിതമായി. ബഹു. ജോസഫ് ഒട്ടലാങ്കൽ അച്ചന്റെ കാലത്ത് (1983 –85) ശനി, ഞായർ ദിവസങ്ങളിൽ വി.കുർബാന അർപ്പണം ആരംഭിച്ചു. തുടർന്നുവന്ന വികാരിയച്ചന്മാർ ഈ പ്രവർത്തനങ്ങൾ തുടർന്നുപോന്നു. ബഹു. മുണ്ടയ്ക്കലച്ചൻ വാഴവറ്റ വികാരിയായിരുന്നപ്പോൾ കുരിശു പള്ളിക്കായി 6 സെന്റ് സ്ഥലം വിലകൊടുത്ത് വാങ്ങി. തുടർന്ന് ബഹു. ജോസ് മോളോപ്പറമ്പിലച്ചൻ വികാരിയായിരുന്നപ്പോൾ 5 സെന്റ് സ്ഥലം ശ്രീ. മത്തായി കുളങ്ങര എന്ന വ്യക്തിയിൽ നിന്നും വിലകൊടുത്ത് വാങ്ങി. ബഹു. സെബാസ്റ്റ്യൻ ഉണ്ണിയേപ്പള്ളിയച്ചന്റെ കാലത്ത് ഈ കുരി ശുപള്ളി പുതുക്കി പണിയുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധി പ്പിക്കുകയും ചെയ്തു. പുനരുദ്ധാരണം കഴിഞ്ഞ ദേവാലയം ഞാൻ 2011 ഫെബ്രുവരി 23 ന് കൂദാശ ചെയ്ത് ദൈവാരാധനയ്ക്കായി സമർപ്പിച്ചു.

വാഴവറ്റയിൽ നിന്നും കളത്തുവയൽ പ്രദേശത്തേയ്ക്ക് ഗതാഗതം അതീവ ദുഷ്കരമായ സാഹചര്യത്തിൽ 2010 മുതൽ 2016 വരെ ചീങ്ങേരി കുരിശുപള്ളിയിലെ അജപാലന ശുശ്രൂഷകൾക്ക് മീനങ്ങാടി താഴത്തു വയൽ റോഗേഷ്യനിസ്റ്റ് ആശ്രമത്തിലെ ബഹുമാനപ്പെട്ട വൈദികർ സഹായം നൽകി പോന്നു. അതേസമയം മാസത്തിലൊരിക്കൽ വാഴവ റ്റയിലെ ബഹു. വികാരിയച്ചൻ വരികയും ബലിയർപ്പിക്കുകയും ചെയ്തി രുന്നു. വാഴവറ്റ വികാരി ബഹു. തോമസ് പരുന്തനോലിലച്ചന്റെ പ്രോത്സാ ഹനത്തിലും അസിസ്റ്റന്റ് വികാരി ബഹു. ജോസഫ് ഇളംകുന്നപ്പുഴ യുടെ തീക്ഷ്ണമായ അജപാലന നേതൃത്വത്തിലും 2017 മാർച്ച് 13 ന് 43 സെന്റ് സ്ഥലം ശ്രീ. ജോയി കുളങ്ങര, ശ്രീ. തോമസ് കുളങ്ങര, ശ്രീ. ജോസഫ് ഇടശ്ശേരിത്തോട്ടത്തിൽ എന്നിവരിൽ നിന്ന് കുരിശുപ ള്ളിക്കായി വിലകൊടുത്ത് വാങ്ങി.

2015 ൽ ചീങ്ങേരി സെന്റ് മേരീസ് പള്ളിയെ സ്വതന്ത്ര കുരിശുപ ള്ളിയായി സ്ഥാപിക്കണമെന്ന് അപേക്ഷ ലഭിച്ചിരുന്നെങ്കിലും ഭൗതിക സാഹചര്യങ്ങളുടെ അഭാവവും നൈയ്യാമികമായി പൂർത്തിയാക്കേണ്ടി യിരുന്ന നടപടി ക്രമങ്ങൾ പൂർത്തിയാക്കാൻ സമയം ആവശ്യമായിരു ന്നതിനാലും അപേക്ഷ അനുവദിക്കാൻ സാധിക്കുമായിരുന്നില്ല. ഇതി നിടയിൽ ചീങ്ങേരിയിലെ ദൈവജനത്തിന്റെ ആവശ്യപ്രകാരം 2015 ഓഗസ്റ്റ് 1 മുതൽ ചീങ്ങേരി സെന്റ് മേരീസ് കുരിശുപള്ളിയെ കളത്തു വയൽ സെന്റ് മേരീസ് പള്ളി എന്ന് പുനർനാമകരണം ചെയ്യാൻ രൂപതാ കച്ചേരി അനുവാദവും നൽകിയിരുന്നു.

വാഴവറ്റ ഇടവകയിലെ 1A&B, 2A&B, 3A&B വാർഡുകളിലുള്ള 106 കുടുംബങ്ങൾ ഞായറാഴ്ച ആചരണത്തിന് കളത്തുവയൽ കുരിശുപള്ളിയിലാണ് സ്ഥിരമായി വന്നുകൊണ്ടിരിക്കുന്നത്. കൂടാതെ 1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾക്ക് വേദപാഠവും നടക്കുന്നുണ്ട്.

2016 ജൂൺ 5 ന് കളത്തുവയൽ സെന്റ് മേരീസ് പള്ളിയിൽ ചേർന്ന 108 പേർ പങ്കെടുത്ത് യോഗത്തിലും 2016 ജൂലൈ മാസത്തിൽ വാഴവറ്റയിൽ ചേർന്ന പാരീഷ് കൗൺസിൽ യോഗത്തിലും കളത്തുവയൽ പള്ളിയെ ഒരു സ്വതന്ത്ര കുരിശുപള്ളിയായി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതോടൊപ്പം കളത്തുവയലിലെ 106 കുടുംബങ്ങളിൽ നിന്നും ഒപ്പിട്ട അപേക്ഷയും ലഭിച്ചിരുന്നു. എന്റെ നിർദ്ദേശപ്രകാരം ഈ പ്രദേശത്തെ ദൈവജനത്തിന്റെ ആവശ്യങ്ങളെക്കുറിച്ച് പഠിക്കാൻ 2016 ഓഗസ്റ്റ് 5 ന് (Prot.No.18765/2016) കൽപ്പറ്റ ഫൊറോനാവികാരി ബഹു. മാത്യു പെരുമാട്ടിക്കുന്നേൽ അധ്യക്ഷനായും വാഴവറ്റ പള്ളിയിലെ വികാരി കൺവീനറായും, വാഴവറ്റ അസി. വികാരി, വാഴവറ്റ ഇടവകയിലെ നിലവിലുള്ള നാല് കൈക്കാരന്മാർ, കളത്തുവയൽ ഭാഗത്തുള്ള വാർഡുകളിൽ നിന്ന് ഓരോ പ്രതിനിധി എന്നിവർ അംഗങ്ങളായും ഒരു കമ്മറ്റി രൂപീകരിച്ചു. 2016 ആഗസ്റ്റ് 28 ന് ബഹുമാനപ്പെട്ട ഫൊറോന വികാരി റവ.ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ കളത്തുവയൽ കുരിശുപള്ളി സന്ദർശിക്കുകയും തുടർന്ന് പഠന റിപ്പോർട്ട് എനിക്ക് നൽകുകയും ചെയ്തു. കളത്തുവയൽ കുരിശുപള്ളിയെ ഒരു സ്വതന്ത്രകുരിശുപള്ളിയായി സ്ഥാപിക്കാൻ 2017 മാർച്ച് 6 ന് ചേർന്ന വൈദിക സെനറ്റിന്റെ അംഗീകാരവും ലഭിച്ചിരുന്നു.

ഈ സാഹചര്യങ്ങളും കുരിശുപള്ളിയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയും ഈ പ്രദേശത്തെ ദൈവജനത്തിന്റെ ആഗ്രഹവും നിർലോഭമായ സഹകരണവും പരിഗണിച്ച് 2017 ജൂൺ മാസം 1 മുതൽ കളത്തുവയൽ സെന്റ് മേരീസ് കുരിശുപള്ളിയെ സ്വതന്ത്രമായ പൊതുയോഗവും കൈക്കാരന്മാരും കണക്കുമുള്ള ഒരു സ്വതന്ത്ര കുരിശുപള്ളിയായി സ്ഥാപിക്കുന്നു. ഒരു സ്വതന്ത്ര കുരിശുപള്ളിയുടെ എല്ലാ അവകാശങ്ങളും അധികാരങ്ങളും കടമകളും അന്നു മുതൽ കളത്തുവയൽ കുരിശുപള്ളിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്. ഇനിമുതൽ താഴെ പറയുന്ന അതിർത്തിക്കുള്ളിൽ താമസിക്കുന്ന 106 കുടുംബങ്ങളുടെയും ഭാവിയിൽ ഈ അതിർത്തിയിൽ കുടിയേറി പാർക്കുന്നവരുടെയും ആദ്ധ്യാത്മിക സംരക്ഷണവും എല്ലാ കൂദാശകളും പരികർമ്മം ചെയ്യുന്നതിനുള്ള കടമകളും ഇപ്പോൾ സ്ഥാപിതമായിരിക്കുന്ന കളത്തുവയൽ സ്വതന്ത്ര കുരിശുപള്ളിയുടെ ബഹു. വികാരിയ്ക്കും അദ്ദേഹം നിയമാനുസൃതം

അധികാരപ്പെടുത്തുന്നവർക്കും മാത്രമായിരിക്കും. അപ്രകാരം അധികാരപ്പെടുത്താതെ നടത്തുന്ന കൂദാശകളുടെ, വിശിഷ്യ, വിവാഹത്തിന്റെ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതായിരിക്കും.

**അതിർത്തികൾ**

തെക്ക് : കാരാപ്പുഴ ഡാം

വടക്ക് : അത്തിച്ചാൽ, പോത്തുകെട്ടി റോഡ്, ഏറത്ത് സജി, മാത്യു ഉൾപ്പടെ

കിഴക്ക് : അടിവാരം – കരിങ്കുറ്റി റോഡ്, കുളങ്കുത്തിയിൽ ദേവസ്യാ ഉൾപ്പടെ

പടിഞ്ഞാറ് : കാരാപ്പുഴ സൈറ്റ് ഓഫീസ് – അത്തിച്ചാൽ റോഡ്

സ്വന്തമായ ഒരു സെമിത്തേരി ഉണ്ടാകുന്നതുവരെ വാഴവറ്റ സെന്റ് സെബാസ്റ്റ്യൻ പള്ളിയുടെ സെമിത്തേരി ഉപയോഗിക്കാൻ കളത്തുവയൽ സ്വതന്ത്ര കുരിശുപള്ളിയിൽപെട്ടവർക്ക് അവകാശം ഉണ്ടായിരിക്കും.

കളത്തുവയൽ സെന്റ് മേരീസ് കുരിശുപള്ളിയുടെ പ്രോ–വികാരിയായി ബഹു. ഇളംകുന്നപ്പുഴ ജോസഫ് അച്ചനെ ഞാൻ നിയമിക്കുന്നു. അതുപോലെ തന്നെ തങ്ങളുടെ ഇടയനും പിതാവുമായി അച്ചനെ സ്വീകരിച്ച് സ്നേഹിക്കുകയും ബഹുമാനിക്കുകയും എല്ലാ കാര്യങ്ങളിലും യഥായോഗ്യം അനുസരിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ഇടവകയുടെ നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണെന്ന കാര്യം അവിടുത്തെ പ്രിയപ്പെട്ട ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

കളത്തുവയൽ സെന്റ് മേരീസ് സ്വതന്ത്ര കുരിശുപള്ളിയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച എല്ലാവരെയും വാഴവറ്റ ഇടവകയിൽ സേവനം ചെയ്ത മുൻവികാരിമാരെയും കൊച്ചച്ചന്മാരെയും റോഗേഷ്യനിസ്റ്റ് സഭയിലെ വൈദികരെയും വാഴവറ്റയിൽനിന്നും കളത്തുവയലിൽ വന്ന് സഹായിച്ചുകൊണ്ടിരുന്ന തിരുഹൃദയ സമൂഹത്തിലെ ബഹു. സന്യസ്ത സഹോദരിമാരേയും നന്ദിയോടെ അനുസ്മരിക്കുന്നു. പ്രത്യേകിച്ച്, വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകി കളത്തുവയൽ കുരിശുപള്ളിയെ വളർത്തിയ ബഹു. തോമസ് പരുന്തനോലിൽ അച്ചനെയും കഴിഞ്ഞ ഒരു വർഷമായി തീക്ഷ്ണതയുള്ള അജപാലന നേതൃത്വം നൽകി കളത്തുവയൽ കുരിശുപള്ളിയെ ആത്മീയവും ഭൗതീകവുമായ വളർച്ചയിലേയ്ക്ക് നയിച്ച ബഹു. ജോസഫ് ഇളംകുന്നപ്പുഴ അച്ചനെയും നന്ദിയോടെ ഓർക്കുകയും ഹൃദയപൂർവ്വം അനുമോദിക്കുകയും ചെയ്യുന്നു.

കളത്തുവയൽ സെന്റ് മേരീസ് സ്വതന്ത്ര കുരിശുപള്ളിയ്ക്ക് വാഴവറ്റ ഇടവകയിൽ നിന്നും ഉചിതവും ന്യായവുമായ സാമ്പത്തിക സഹായം ചെയ്യേണ്ടതാണെന്ന് വാഴവറ്റ ഇടവകയിലെ ബഹു. വികാരി യച്ചനെയും ഇടവക ജനത്തെയും ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

കുരിശുപള്ളിക്കായി സ്ഥലം ദാനം നൽകിയ ശ്രീ. അബ്രാഹം ഏറത്ത്, ശ്രീ. മത്തായി കുളങ്ങര അവർകളെയും കുടുംബങ്ങളെയും വളരെ പ്രത്യേകമായി അനുസ്മരിക്കുകയും അവരുടെ സന്മനസ്സിനെ അഭിനന്ദിക്കുകയും ധാരാളം ദൈവാനുഗ്രഹം ആശംസിക്കുകയും ചെയ്യുന്നു. പുതിയ കുരിശുപള്ളിയുടെ ബഹു. വികാരിയച്ചനെയും, കൈക്കാരന്മാർ, വാർഡ് പ്രതിനിധികൾ എന്നിവരെയും ഇടവക ജന ത്തെയും നല്ല ഇടയനായ ഈശോ, തന്റെ മാതായ പരി. അമ്മയുടെ മാദ്ധ്യസ്ഥതയിലൂടെ ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താ വീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോടുകൂടെയുണ്ടായിരി ക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2017 മെയ്മാസം 16 ന് നൽകപ്പെട്ടത്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

CHANCELLOR
DIOCESE OF MANANTHAVADY

**ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

JOSE PORUNNEDOM
Not to be served, But to serve
BISHOP OF MANANTHAVADY

## രൂപതാകച്ചേരി വാർത്തകൾ

**പരേതരായ വൈദികരുടെ സ്മരണ**

റവ. ഫാ. മാത്യു കൊല്ലിത്താനം - ജൂൺ 3
റവ. ഫാ. തോമസ് കാട്ടൂർ - ജൂൺ 8
റവ. ഫാ. അബ്രാഹം മൂക്കനോലി - ജൂലൈ 16

നമ്മുടെ പ്രിയമുള്ള ഈ അച്ചന്മാരെ നമുക്ക് പ്രാർത്ഥനകളിൽ നന്ദിയോടെ സ്മരിക്കാം.

**മാധ്യമദിനം ജൂൺ - 4**

2017 ജൂൺ 4 ന് കേരള സഭ മാധ്യമദിനമായി ആചരിക്കുകയാണല്ലോ. അന്നേദിവസം പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാകേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**പത്രോസിന്റെ കാശ് - ജൂൺ 29**

ജൂൺ 29 ന് ആദിമസഭയുടെ അടിസ്ഥാനശിലകളായി വർത്തിച്ച പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളാണല്ലോ. ജൂൺ 25-ാം തീയതി ഞായറാഴ്ച വി. പത്രോസിന്റെ കാശ് പിരിവിനുള്ള ദിവസമായി കണക്കാക്കി, പ്രത്യേകം സ്തോത്രക്കാഴ്ച നടത്തി ലഭിക്കുന്ന തുക റോമിലേയ്ക്ക് അയച്ചുകൊടുക്കുവാനായി കാലതാമസം വരുത്താതെ രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സീറോ മലബാർ സഭാദിനം - ജൂലൈ 3**

സീറോമലബാർ സഭാദിനമായി കൂടി ആചരിക്കുന്ന, നമ്മുടെ സഭയുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ തിരുനാൾ ദിനമായ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. നമ്മുടെ പിതാവിന്റെ ഓർമ്മതിരുനാളും സഭാദിനവുമായ ജൂലൈ 3 ന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും ലഭിക്കുന്ന തുക സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തന ഫണ്ടിലേക്ക് നൽകുന്നതിനായി കഴിയുന്നത്ര നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**യുവജനദിനം - ജൂലൈ 9**

കേരളസഭ ജൂലൈ 9-ാം തീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജന

ദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ബഹു. ലാൽ പൈനുങ്കൽ അച്ചനെയും ബഹു. അനീഷ് കാട്ടാംകോട്ടിൽ അച്ചനെയും മറ്റു ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അന്നേദിവസം യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിച്ച് യുവജനപ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**നന്ദി**

നമ്മുടെ രൂപതയിൽ കഴിഞ്ഞ 7 വർഷക്കാലം വികാരി ജനറാളായി സ്തുത്യർഹമായ സേവനം കാഴ്ചവെച്ച് വാളവയൽ വികാരിയായി സേവനം ആരംഭിച്ചിരിക്കുന്ന ബഹു. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചനും, കഴിഞ്ഞ 4 വർഷക്കാലം രൂപതാ പ്രൊക്യുറേറ്ററായി സ്തുത്യർഹമായ സേവനം ചെയ്ത ശേഷം നടവയൽ ഫൊറോനാ വികാരിയായി സ്ഥലം മാറിയിരിക്കുന്ന ബഹു. ജോസഫ് മുതിരക്കാലായിൽ അച്ചനും, കഴിഞ്ഞ 13 വർഷക്കാലം രൂപതാ ചാൻസലർ, രൂപതാ ഓഫീസ് സെക്രട്ടറി എന്നീ തസ്തികകളിൽ സ്തുത്യർഹമായ സേവനം ചെയ്ത് കുറുമ്പാലക്കോട്ട പള്ളിയുടെ മുഴുവൻസമയ വികാരിയായി സേവനം ആരംഭിച്ചിരിക്കുന്ന ബഹു. ജോസഫ് പരുവുമ്മേൽ അച്ചനും രൂപത മുഴുവന്റെയും നന്ദിയും കടപ്പാടും പ്രാർത്ഥനകളും അറിയിക്കട്ടെ. പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു. അതോടൊപ്പം ഇടവകകളിലും സ്ഥാപനങ്ങളിലുമായി പുതിയ സേവന മേഖലകളിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന എല്ലാ ബഹു. വൈദികർക്കും എല്ലാവിധ ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു.

വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും രൂപതയിൽ സേവനത്തിനായി കടന്നു വന്ന് സ്തുത്യർഹമായ സേവനത്തിനുശേഷം തിരിച്ചു പോകുന്ന വൈദികരെ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. ഇടയൂർക്കുന്ന് വികാരിയായിരുന്ന ബഹു. ജോസ് കൂവക്കൽ PSDP അച്ചനും, അരുൾനിലയം വികാരിയായിരുന്ന ബഹു. സിബി തകിടിയേൽ CMI അച്ചനും, തലപ്പുഴ വികാരിയായിരുന്ന ബഹു. പോൾ ചക്കാനിക്കുന്നേൽ CMI അച്ചനും, ലക്കിടി വികാരിയായിരുന്ന ബഹു. ജോർജ് കൊച്ചുവേലിക്കകത്ത് CMI അച്ചനും, ഭൂദാനം വികാരിയായിരുന്ന ബഹു. ജോർജ് തുരുത്തിയിൽ CST അച്ചനും, പനംചിറ വികാരിയായിരുന്ന ബഹു. ജോസ് കുളങ്ങര TOR അച്ചനും, മീനങ്ങാടി വികാരിയായിരുന്ന ബഹു. ബേബി പാറേക്കാട്ടിൽ TOR അച്ചനും, കൊട്ടിയൂർ അസി. വികാരിയായിരുന്ന ബഹു. ആന്റണി ചക്യാത്ത് MS അച്ചനും ആത്മാർത്ഥമായ

സേവനങ്ങൾക്ക് രൂപത മുഴുവന്റെയും നന്ദിയും കടപ്പാടും പ്രാർത്ഥന കളും അറിയിക്കട്ടെ. പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. അനീഷ് പയ്യാലയിൽ PSDP അച്ചനും (ഇടയൂർക്കുന്ന്), ബഹു. തോമസ് കുഴുമ്പിൽ CST അച്ചനും (ഭൂദാനം), ബഹു. ജോസ് തെങ്ങട യിൽ CMI അച്ചനും (അരുൾനിലയം), ബഹു. റോജി കഴുക്കനോലി ക്കൽ CMI അച്ചനും (തലപ്പുഴ), ബഹു. സിബി പുളിക്കൽ CMI അച്ചനും (ലക്കിടി), ബഹു. ജോസഫ് ഇല്ലിമൂട്ടിൽ TOR അച്ചനും (മീനങ്ങാടി), ബഹു. റോണി മാന്തോട്ട് TOR (മീനങ്ങാടി, അസി. വികാരി) അച്ചനും, ബഹു. ജയൻ മണ്ണുകുളം TOR (പനംചിറ) അച്ചനും മാനന്തവാടി രൂപ തയിലേക്ക് സ്വാഗതം. ഇവരുടെ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ വിജയങ്ങളും നന്മകളും ആശംസിക്കുന്നു.

## Mobile Numbers and E-mail Id of Curia Members

1) Protosyncellus - Very Rev. Fr. Abraham Nellickal
   Mob: 8547407101, 9656012457
   E-Mail : abrahamnellickalmathew@gmail.com
2) Very Rev. Fr. Joseph Mecheril : Syncellus
   (Manimooly-Nilambur Region)
   Mob: 8547590031, E-Mail : jam.pt.1987@gmail.com
3) Rev Fr. Joseph Nedumkallel : Chancellor & Secretary
   Mob: 9496918931, E-Mail : jnedumkallel@gmail.com
4) Rev. Fr. Kuriakose Kaliyaniyil: Vice-Chancellor & Associate
   Secretary, Mob: 9496381091
   E-Mail : anoopkaliyaniyil@gmail.com
5) Rev Fr. John Kokkandathil: Procurator
   Mob: 9446993644, E-Mail : jilsonks2010@gmail.com
6) Rev. Fr. Varghese Parackal: House Procurator
   Mob: 9744667206
   E-Mail : noblethomasp@gmail.com

## New Address

1) Rev. Fr. Jose Thayyil
   Assumption Forane Church, Assumption Bhavan,
   Plot.No.829/227, Garolli Village, Behind pocket C-2,
   Mayur Vihar phase-111, Delhi - 110096
   Mob: 09446254227, 09560391632, Email: josthayil@gmail.com

## Transfer of Priests (w.e.f. 21 May 2017)

| REV. FRS. HOUSE NAME | Assignment |
|---|---|
| Aikkarathazath Joseph | Vicar, Kunjhome & Director, Santhinilayam |
| Ambalathinkal Sebastian | Vicar, Santhome Hulimavu, Bangalore |
| Chembakkara James | Manager, Seminary Villa Estate |
| Chempala Augustine | Vicar, Chokkad |
| Elavunkal Johny | Vicar, Vimalagiri |
| Elemkunnel Sebastian | Rector, Minor Seminary |
| Kachirayil Thomas | Vicar, Nilambur |
| Kakkattikalayil Sebastian | Vicar, Karimbil |
| Kalappura Jose | Vicar, Theneri |
| Kalappura Vincent | Vicar, Chungakkunnu |
| Kallumkathara Augustine | Procurator, Minor Seminary |
| Kallupura Johny | Principal, De Paul Public School, Kalpetta, Vicar, Vythiri & Director, Jesus Fraternity |
| Kappiarumala Jose | Vicar, Paralikunnu |
| Karuthedath Mathew | Vicar, Thalipadam |
| Kattamkottil Thomas | Associate Director, Pastoral Centre & Associate Director, KCYM |
| Kattarath Mathew | Vicar, Makkiyad |
| Kizhakkanputhupally Varghese | Vicar, Moolepadam & Muttiyel (w. e.f 04. 06.17) |
| Kizhakkanputhupally John | Vicar, Puzhamudi |
| Kizhakkumpuram George | Vicar, Cherukattoor |
| Kocharackal Jose | Vicar, Vazhavatta |
| Kokkandathil John | Diocesan Procurator |
| Koottala Paul | Diocesan Director & Coordinator of Social Services |
| Korandiyarkunnel Paul | Vicar, Pookottumpadam |
| Korattiparambil Vincent | Vicar, Kommayad |
| Kottaram Jose | Vicar, Deepthigiri |
| Kottayil Joseph | Vicar, Sisumala |
| Koyikattil Thomas | Principal, Sacred Heart School, Kayyunni |
| Kulirany Jose | Vicar, Kaniyambetta |
| Kunnath Johny | Vicar, Adackathode |
| Kunnathett James | Vicar, Thariode |
| Kuzhikandathil Joseph | Vicar, Kalluvayal |
| Madappallikunnel Mathew | Vicar, Valavayal |
| Madathil Abraham | Vicar, Chennalode |
| Manakkunnel Thomas | Vicar, Kayyunni & Regional Director, Nilgiri Region |

| | |
|---|---|
| Manikutty Kurian | Vicar, Puthusserikadavu |
| Mankottil James | Vicar, Mangalam & Panthipoyil |
| Maplassery Lukose | Vicar, Kunnalady & Bekki |
| Moonanal Justine | Vicar, Arattuthara |
| Moothedath Mathew | Vicar, Mangalassery |
| Mukkattukavunkal Thomas | Vicar, Vadakkanad (w.e.f. 04.06.17) |
| Mulakodiyankal Varghese | Vicar, Kottiyoor |
| Mulavalikunnel Jacob | Vicar, Adikolly |
| Mundackamattam Jose | Vicar, Vakery |
| Mundolickal Paul | Vicar, Cathedral Mananthavady |
| Munjanatt Mathew | Vicar, Chithragiri |
| Muthirakalayil Joseph | Vicar, Nadavayal |
| Muthukattil Shantidas | Vicar, Puthiyidamkunnu |
| Myladoor George | Manager, Mary Matha College |
| Nadukunnel Abraham | Ministry in Australia |
| Nedumkallel Joseph | Chancellor & Diocesan Office Secretary |
| Nellickal Abraham | Protosyncellus |
| Nellikunnel Francis | Vicar, Kurumbala |
| Olickal Thomas | Vicar, Nedumpala & Chooralmala |
| Pakkanikuzhiyil Sebastian | Leave |
| Palath Joseph | Leave |
| Palathadathil George | Vicar, Parathottam & Associate Director, WSSS |
| Pallichankudiyil Mathai | Vicar, Palchuram |
| Parackal Thomas | House Procurator, Bishop's House, Secretary - Seminarians' Fund (Instituted by Pensioners' Guild) & Director of the Campus Ministry |
| Parambil Kuriakose | Vicar, Moolankavu |
| Parunthanolil Thomas | Vicar, Padichira |
| Paruvummel Joseph | Vicar, Kurumbalakotta |
| Periappuram Mathew | Vicar, Palemad |
| Perumattikunnel Johny | Director, Jaya Matha & Vicar, Panavally |
| Pinakkatt Joseph | Vicar, Padamala |
| Ponthottiyil Thomas | Vicar, Chundakkara |
| Poovathinkal Peter | Vicar, Thomattuchal |
| Pulpayil Joshy | Vicar, Vallikett |
| Punakkatt Chandy | Vicar, Mullenkolly |
| Punchayil Luka | Vicar, Thalanji |
| Puthenpura Augustine | Vicar, Kallody (w.e. f.16-06- 17) |
| Puthukulam John | Vicar, Pazhoor |
| Puthussery Vincent | Vicar, Marakavau |
| Thadathil Bineesh | Resident Professor, Mangalapuzha Seminary |

| | |
|---|---|
| Thanniyil Augustine | Spiritual Director, Minor Seminary |
| Thekkanady Jose | Vicar, Dwaraka |
| Therakam George | Leave |
| Thruthel Kuriakose | Vicar, Seethamount |
| Unnipally Sebastian | Vicar, Poroor |
| Vadakkemulanjanal Michael | Vicar, Kelakam |
| Vazhachalil Thomas | Vicar, Pathiripadam |
| Vazhakala Chackochan | Vicar, Prasanthagiri |
| Vazhakatt Joseph | Director, Renewal Ministry ( Zion CRC) |
| Vazhakkalayil Jose | Director, Vianney Bhavan |
| Vazhappilly Paul | Director, Pastoral Centre& Director, Bible Apostolate |
| **Religious Priests** | |
| Payyaalayil Aneesh PSDP | Pro–Vicar, Edayoorkunnu |
| Kuzhumbil Thomas CST | Pro- Vicar, Bhoodanam |
| Thengadayil Jose CMI | Vicar, Arulnilayam (w.e. f.10-05- 17) |
| Kazhukanolickal Roji CMI | Vicar, Thalapuzha (w.e. f.10-05- 17) |
| Pulickal Siby CMI | Vicar, Lakkidi (w.e. f.10-05- 17) |
| Illimoottil Joseph TOR | Vicar, Meenangadi (w.e. f.07-05- 17) |
| Manthotta Rony TOR | Asst. Vicar, Meenangadi, |
| Mannukulam Jayan TOR | Vicar, Panamchira (w.e. f. 07-05- 17) |
| **Additional Charges** | |
| Chettiyassery Joseph | Executive Editor of the History Book of the diocese of Mananthavady |
| Chittarackal Varghese | Director of Christeen Movement in the Eparchy of Mananthavady |
| Kalambukattu Joseph | Director of Jesus Youth Movement in the Eparchy of Mananthavady |
| **Assistants** | |
| Chakiyath Antony MS | Relieved |
| Chirakattottathil Augustine | Study |
| Iykkarakanayil Thomas | Assistant Vicar, Ambalavayal |
| Kattath Thomas | Assistant Vicar, Kottiyoor |
| Madathil Sebastian | Assistant Vicar, Kallody |
| Peechatt Joseph | Secretary, Syncellus Manimooly-Nilambur Region |
| Pulikuzhiyil Abraham | Assistant Vicar, Cherukattoor |
| Thekkilakattil Mathew | Assistant Vicar, Bathery |

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദികരുടെ മാസധ്യാനം

**ബത്തേരി ഫൊറോന**

ബത്തേരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം മീനങ്ങാടി ഗുരുദർശൻ ആശ്രമത്തിൽ വച്ച് മെയ് 9–ാം തീയതി നടത്തി. ബഹു. ഷിബു കാവുങ്കൽ അച്ചൻ എല്ലാവരേയും സ്വാഗതം ചെയ്തു. ബഹു. സിജോ ഇളംകുന്നപ്പുഴ അച്ചൻ ധ്യാനചിന്തകൾക്കും ആരാധനയ്ക്കും നേതൃത്വം നൽകി. തുടർന്ന് നടത്തിയ ചർച്ചകൾക്ക് ഫൊറോന വികാരി ബഹു. ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ നേതൃത്വം നൽകി. വിവിധ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. ബത്തേരി ഫൊറോനയിൽ സേവനം ചെയ്ത് സ്ഥലം മാറി പോകുന്ന ഫാ. ജോർജ്ജ് കിഴക്കുംപുറം, ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളി, ഫാ. വിൻസെന്റ് പുതുശ്ശേരി, ഫാ.ഷാജു മുളവേലിക്കുന്നേൽ, ഫാ.ജെയ്സൺ കുഴികണ്ടത്തിൽ, ഫാ. ഷിബു കാവുങ്കൽ റൊഗാത്തെ, ഫാ. ബേബി പാറേക്കാട്ടിൽ TOR, ഫാ. ഷിന്റോ പുലിക്കുഴിയിൽ എന്നിവർക്ക് യാത്രയയപ്പ് നൽകി. അടുത്ത മാസധ്യാനം ജൂൺ 6–ാം തീയതി മീനങ്ങാടി വിൻസെൻഷ്യൻ ആശ്രമത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ഷിജോ വേനക്കുഴിയിൽ –** സെക്രട്ടറി

**നടവയൽ ഫൊറോന**

നടവയൽ ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 2017 മേയ് 09 ന് നടവയൽ പള്ളിയിൽവച്ച് നടത്തി. മാസധ്യാനത്തിൽ 21 വൈദികർ പങ്കെടുത്തു. ബഹു. ഇടവകവികാരി ഷാജി മുളകുടിയാങ്കലച്ചൻ ഏവർക്കും സ്വാഗതം ആശംസിക്കുകയും, ഫാ. മാത്യു ഒ.സി.ഡി ധ്യാനചിന്തകൾ പങ്കുവയ്ക്കുകയും ചെയ്തു. തുടർന്ന് നടന്ന മീറ്റിംങ്ങിൽ നടവയൽ ഫൊറോനയിൽ നിന്നും തങ്ങളുടെ സ്തുത്യർഹമായ ശുശ്രൂഷകൾക്ക് ശേഷം സ്ഥലം മാറി പോകുന്ന ഫാ. ഷാജി മുളകുടിയാങ്കൽ (ഫൊറോന വികാരി), ഫാ. ജോർജ്ജ് തേരകം (സി.എം.എൽ), ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ (കെ.സി.വൈ. എം), ഫാ. ശാന്തിദാസ് മുതുകാട്ടിൽ (ക്യാറ്റിക്കിസം), ഫാ. മാത്യു കാട്ടറാത്ത് (മദ്യവിരുദ്ധം), ഫാ. ജോസ് തേക്കനാടി, ഫാ. ജോസഫ് പരുവുമ്മേൽ, ഫാ. ജോസ് കുളിരാനി, ഫാ. തോമസ് വാഴച്ചാലിൽ, ഫാ. ജോസഫ് പീച്ചാട്ട് എന്നീ വൈദികർക്ക് ബഹു. കുററിമാക്കലച്ചൻ അനുമോദനവും നന്ദിയും, പുതിയ സ്ഥലങ്ങളിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേർന്ന് സംസാരിച്ചു. അടുത്ത മാസധ്യാനം ജൂൺ 07ന് കായക്കുന്ന് ലാസലെററ് ആശ്രമത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. മാത്യു വട്ടുകുളത്തിൽ–** സെക്രട്ടറി

# മേജർ സെമിനാരിക്കാരുടെ സമ്മേളനം

2016-2017 വർഷത്തെ മേജർ സെമിനാരിക്കാരുടെ ക്യാമ്പ് രൂപതാഹൃദയമായ മൈനർസെമിനാരിയിൽവച്ച് നടന്നു. 2017 ഏപ്രിൽ 24 മുതൽ 26 വരെ സംഘടിപ്പിക്കപ്പെട്ട ക്യാമ്പിൽ വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന 33 ബ്രദേഴ്സ് പങ്കെടുത്തു. 24 -ാം തീയതി ജപമാലയോടുകൂടി ക്യാമ്പിന് ഔദ്യോഗികമായ ആരംഭം കുറിച്ചു. അത്താഴത്തിനുശേഷം നടന്ന കോമൺ ഗാതറിങ്ങിന് ഡീക്കൻ റ്റിബിൻ ചക്കുളം സ്വാഗതം പറഞ്ഞു. ബഹുമാനപ്പെട്ട വികാരി ജനറാൾ മാത്യു മാടപ്പള്ളിക്കുന്നേലച്ചനും, ചാൻസലർ ജോസഫ് പരുവുമ്മേലച്ചനും, മൈനർ സെമിനാരി റെക്ടർ തോമസ് കച്ചിറയിലച്ചനും വൈദിക വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു സംസാരിച്ചു. തുടർന്ന് വൈദികവിദ്യാർത്ഥികൾ തങ്ങളെ വ്യക്തിപരമായി പരിചയപ്പെടുത്തുകയും തങ്ങളുടെ അവധിക്കാലാനുഭവങ്ങളും പ്രവർത്തനങ്ങളും പൊതുവായി പങ്കുവയ്ക്കുകയും ചെയ്തു.

ക്യാമ്പിന്റെ പ്രധാനദിവസമായ രണ്ടാംദിനം പ്രഭാതബലിയോടുകൂടെ ആരംഭിച്ചു. വി.കുർബാനയ്ക്ക് ബഹുമാനപ്പെട്ട ജനറാളച്ചൻ കാർമ്മികത്വം വഹിക്കുകയും ജീവിതത്തിൽ വിശ്വാസത്തിനും സ്നേഹത്തിനുമുള്ള പങ്ക് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വചനസന്ദേശം നല്കുകയും ചെയ്തു. പ്രഭാതഭക്ഷണത്തിനുശേഷം നടന്ന ക്ലാസുകൾക്ക് റവ. ഫാ. സജി കണ്ടശ്ശാംകുന്നേൽ എസ്. ജെ. നേതൃത്വം നൽകി. വൈകാരിക വളർച്ച, സ്വഭാവ ക്രമരാഹിത്യം എന്നീ വിഷയങ്ങൾ ആസ്പദമാക്കി അച്ചൻ ക്ലാസുകൾ എടുത്തു. ഒന്നര മണിക്കൂർ ദൈർഘ്യമുള്ള മൂന്ന് ക്ലാസുകളാണ് ക്രമീകരിക്കപ്പെട്ടത്. ഭാവി വൈദികരുടെ വൈകാരികപക്വതയ്ക്കും സ്വഭാവരൂപീകരണത്തിനും ഉതകുന്നതായിരുന്നു ക്ലാസുകൾ. ക്ലാസുകളുടെ ആദ്യ രണ്ടു സെഷനുകൾ ഒരു വ്യക്തിയുടെ വൈകാരികതലത്തിലെയും സ്വഭാവമേഖലയിലെയും പോരായ്മകളിലേക്ക് ശ്രദ്ധതിരിച്ചപ്പോൾ മൂന്നാമത്തെ സെഷൻ ഈ പോരായ്മകളെ എങ്ങനെ മറികടക്കാം എന്നു ചർച്ച ചെയ്തു. ക്ലാസുകൾ കൂടാതെ വർക്കുകളും ചർച്ചകളും സംശയ ദൂരീകരണവും നടന്നു. ക്ലാസുകളുടെ അവസാനം ബ്ര. നിഖിൽ ചവർനാൽ സജി അച്ചനോടുള്ള നന്ദി പ്രകാശിപ്പിച്ചു. ക്ലാസിന്റെ സമയത്തുടനീളം ബ്രദേഴ്സിന്റെ ഒപ്പമായിരുന്നുകൊണ്ട് ബഹുമാനപ്പെട്ട ചാൻസിലറച്ചൻ തന്റെ സജീവസാന്നിദ്ധ്യവും അറിയിച്ചു.

വൈകുന്നേരം സമരിറ്റൻ ഭവനിൽ നടത്തപ്പെട്ട വർക്ക് അവറിൽ ബ്രദേഴ്സെല്ലാവരും സേവന സന്നദ്ധതയോടെ പങ്കെടുത്തു.

അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയോടുകൂടി ക്യാമ്പിന്റെ അവസാന ദിവസത്തിന് തുടക്കമായി. മിശിഹായുടെ വഴി തിരിച്ചറിയാനും ആ വഴിയിൽക്കൂടി സഞ്ചരിക്കാനും വചനസന്ദേശത്തിലൂടെ പിതാവ് ഉദ്ബോധിപ്പിച്ചു. പ്രഭാതഭക്ഷണത്തിനുശേഷം അഭിവന്ദ്യപിതാവ് വൈദിക വിദ്യാർത്ഥികളെ കാണുകയും സമകാലികലോകത്തിൽ പൗരോഹിത്യത്തിന്റെ പ്രസക്തി എന്ത്, പുരോഹിതൻ എങ്ങനെയുള്ളവനായിരിക്കണം എന്നീ വിഷയങ്ങൾ അവതരിപ്പിക്കുകയും പോക്സോ നിയമത്തെക്കുറിച്ചും അതിന്റെ വ്യത്യസ്ത നിയമവശങ്ങളെക്കുറിച്ചും സംസാരിക്കുകയും ചെയ്തു. തുടർന്ന് ബാച്ചടിസ്ഥാനത്തിൽ ബ്രദേഴസ് പിതാവുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം നടന്ന സമാപന മീറ്റിംങ്ങിൽ മൈനർ സെമിനാരി റെക്ടർ റവ. ഫാ. തോമസ് കച്ചിറയിൽ അദ്ധ്യക്ഷത വഹിച്ചു. മേജർ സെമിനാരിക്കാരുടെ ലീഡർ ഡീക്കൻ റ്റിബിൻ ചക്കുളം സ്വാഗതം ആശംസിച്ചു. തുടർന്ന് ഫാ. തോമസ് കച്ചിറയിൽ സംസാരിച്ചു. മേജർ സെമിനാരിക്കാരുടെ പുതിയ ലീഡറായി ബ്രദർ നിഖിൽ ചവർനാലിനെ തിരഞ്ഞെടുക്കുകയും ഓരോ സെമിനാരിക്കും ഓരോ ലീഡറിനെ നിശ്ചയിക്കുകയും ചെയ്തു. നാലരയോടുകൂടി ഈ വർഷത്തെ മേജർ സെമിനാരിക്കാരുടെ ക്യാമ്പ് അവസാനിച്ചു.

**ബ്രദർ നിഖിൽ ചവർനാൽ**

# ബൈബിൾ അപ്പോസ്തലേറ്റ്

### ലോഗോസ് ക്വിസ്സ് 2017

ലോഗോസ് ക്വിസ്സ് 2017-ലെ മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ 2017 ജൂൺ 1-ാം തീയതി ഇടവകകളിലും സ്ഥാപനങ്ങളിലും ആരംഭിച്ച് രൂപതാതലത്തിൽ ജൂലൈ 31-ാം തീയതി അവസാനിക്കും. ജൂലൈ 1-ാം തീയതി മുതൽ രജിസ്ട്രേഷൻ രൂപതാ ഓഫീസിൽ സ്വീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസായ 10 രൂപ രജിസ്ട്രേഷൻ ഫോമിനൊപ്പം ഓഫീസിൽ അടയ്ക്കണം. ഈ വർഷവും തമിഴ് ചോദ്യപേപ്പർ ലഭ്യമാണ്. ലോഗോസ് ലഘുപഠനത്തിന്റെ പ്രിന്റുരൂപം ഉണ്ടായിരിക്കുന്നതല്ല. വിഷയത്തിന്റെ പശ്ചാത്തലപഠനത്തിൽ താത്പര്യമുള്ളവർക്ക് ലഘുപഠനത്തിനായി ജൂൺ15-നു ശേഷം www.keralabiblesociety.com സന്ദർശിക്കാവുന്നതാണ്. മത്സരാർത്ഥികളെ A,B,C,D,E,F എന്നീ ആറ് പ്രായവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

A വിഭാഗം : 1-1- 2006-നു ശേഷം ജനിച്ചവർ
B വിഭാഗം : 1-1-2001-നും 31-12-2005-നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം : 1-1-1986-നും 31-12- 2000-നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം : 1-1-1966-നും 31-12- 1985-നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം : 1-1-1953-നും 31-12-1965-നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം : 31-12-1952 -നു മുമ്പ് ജനിച്ചവർ

### ലോഗോസ് ഫമിലിയ ക്വിസ്

ഈവർഷം പിഒസി യിലെ ലോഗോസ് ഫമിലിയ ക്വിസ് ഫൈനൽ മത്സരത്തിൽ പങ്കെടുക്കുന്ന ടീമിൽ പിതാവ്, മാതാവ്, ഒരു കുട്ടി എന്നിവർ മാത്രമാണ് പങ്കെടുക്കേണ്ടത്. ലോഗോസ് ഫമിലിയ ക്വിസ് ഫൈനൽ മലയാളത്തിൽ മാത്രമായിരിക്കും സംഘടിപ്പിക്കുന്നത്.

ലോഗോസ് ക്വിസ് 2017 പാഠഭാഗം: സംഖ്യ 22-36, സുഭാഷിതങ്ങൾ 21-31, മത്തായിയുടെ സുവിശേഷം 1-9, വെളിപാട് 4-9. പഠനത്തിനായി ഉപയോഗിക്കേണ്ടത് പി.ഒ.സി. ബൈബിളും, ഇംഗ്ലീഷിന് NRSV ബൈബിളും തമിഴിന് TNBCLC യുടെ തിരുവിവിലിയവും ആണ്.

പരീക്ഷാ സമയം രൂപതാതലത്തിൽ 2017 സെപ്റ്റംബർ 24–ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്.

രജിസ്ട്രേഷൻ: (1) മുൻ വർഷങ്ങളിലേതു പോലെ ഈ വർഷവും ഓൺ–ലൈൻ രജിസ്ട്രേഷൻ നടത്തണം. (2) രജിസ്ട്രേഷൻ ഫോറം പൂരിപ്പിക്കുമ്പോൾ ജനന തീയതി നിർബന്ധമായും ചേർക്കണം (3) ഓരോ ഇടവകയും പങ്കെടുക്കുന്നവരുടെ പേരുവിവരം www.logosquiz.org /Mananthavady എന്ന Site-ൽ Centre Login എന്ന Link ലൂടെ പ്രവേശിച്ച്, ലഭിച്ചിരിക്കുന്ന Centre Code/User ID യും Pass Word ഉം ഉപയോഗിച്ച് Centre-sâ Site Open ചെയ്ത് പങ്കെടുക്കുന്നവരുടെ പേരുവിവരം - ജനന തീയതി ഉൾപ്പെടെ ചേർക്കുക (4) കഴിഞ്ഞ വർഷം പങ്കെടുത്തവരുടെ ലിസ്റ്റ് Edit ചെയ്യാവുന്നതാണ്. (5) Site ൽ രജിസ്റ്റർ ചെയ്ത് Total page/ Centre head page, A, B, C, D, E, F വിഭാഗങ്ങ ളുടെ Print out എന്നിവ ഓഫീസിൽ ഏൽപ്പിക്കണം.

**ഫാ. പോൾ വാഴപ്പിള്ളി**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# മതബോധനരംഗം

## മാനന്തവാടി രൂപതയ്ക്ക് രണ്ട് സംസ്ഥാന പ്രതിഭകൾ

മെയ് 10-12 തീയതികളിൽ സീറോ മലബാർ സഭ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന സംസ്ഥാന പ്രതിഭാ സംഗമത്തിൽ രൂപതാ പ്രതിഭകളായ അജയ് കുന്നേൽ (അമ്പലവയൽ), ഫിജോ ബിജു (തലപ്പുഴ), ജാനിയ തടങ്ങഴി (ചുങ്കക്കുന്ന്), ട്രീസ മഠത്തിക്കുന്നേൽ (ചെറുകാട്ടൂർ) എന്നിവർ പങ്കെടുത്തു. ഇതിൽ അജയ് കുന്നേൽ (അമ്പലവയൽ), ജാനിയ തടങ്ങഴി (ചുങ്കക്കുന്ന്) എന്നിവർ സംസ്ഥാന പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടു. രൂപതാ സംസ്ഥാന പ്രതിഭകൾക്ക് അഭിനന്ദനങ്ങൾ. അവരെ ഒരുക്കിയ മാതാപിതാക്കൻമാർ, വികാരിയച്ചൻമാർ, മതാധ്യാപകർ, മേഖല-രൂപതാ-ടീം അംഗങ്ങൾ എന്നിവർക്കും വളരെ പ്രത്യേകമായി രൂപതാ ടീം അംഗങ്ങളായ ശ്രീ.ജോൺസൺ വടക്കേക്കര, റവ. സി. ആൻസി സി.എം.സി, ശ്രീ.സിബിൻ ഇല്ലിക്കൽ എന്നിവർക്കും നന്ദിയും അഭിനന്ദനങ്ങളും.

## പുതിയ അധ്യയന വർഷം

2017-18 അധ്യയന വർഷം മെയ് 28 ന് ആരംഭിച്ചു. പുതിയ അക്കാദമിക വർഷത്തിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളിലേക്ക് ഏവരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. നമ്മുടെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ഫലപ്രദമായിത്തീരുവാൻ നമുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞ വർഷത്തിൽ മതബോധനരംഗത്ത് സേവനം ചെയ്ത എല്ലാവരേയും ഏറെ നന്ദിയോടെ ഓർക്കുന്നു. ഉന്നത വിദ്യാഭ്യാസം, വിവാഹാന്തസിലേക്കുള്ള പ്രവേശനം, ജോലി സംബന്ധമായ കാര്യങ്ങൾ...... തുടങ്ങിയ കാരണങ്ങളാൽ താത്കാലികമായിട്ടെങ്കിലും ഈ സേവനരംഗത്ത് നിന്ന് മാറിയിട്ടുള്ളവരുണ്ട്. അവർക്ക് സ്നേഹപൂർവ്വം നന്ദിയും ആശംസകളും നേരുന്നു.

പുതുതായി വിശ്വാസപരിശീലനരംഗത്തേക്ക് കടന്നുവരുന്ന അധ്യാപകരെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. അധ്യാപകർ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ കുട്ടികളുടെ പരീക്ഷാഫലത്തെയും വിശ്വാസജീവിതവളർച്ചയെയും വിലയിരുത്തുകയും

പുതിയവർഷത്തിലെ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്യണം. മതബോധന ക്ലാസ്സുകൾ നഷ്ടപ്പെടുത്താതെ, രൂപതാ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. പുതിയ അധ്യയന വർഷത്തിൽ എല്ലാവർക്കും വിജയാശംസകളും ദൈവാനുഗ്രഹവും നേരുന്നു.

**ആമുഖ സെമിനാറും ക്ലാസ് ട്രെയിനിംഗും**

പുതുതായി വിശ്വാസപരിശീലനരംഗത്ത് അധ്യാപകരായി വന്നവർക്ക് വേണ്ടിയാണ് ആമുഖസെമിനാർ സംഘടിപ്പിക്കുന്നത്. പുതിയ അധ്യാപകർ, അവർ ഏത് ക്ലാസ്സിലേക്ക് നിയോഗിക്കപ്പെട്ടാലും ആമുഖസെമിനാറിൽ സംബന്ധിക്കണം. തീയതികൾ ശ്രദ്ധിക്കുക. ജൂൺ 16–18 ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, പയ്യമ്പള്ളി, തരിയോട്, നീലഗിരി. ജൂലൈ 7–9 ബത്തേരി, കൽപ്പറ്റ, മുള്ളൻകൊല്ലി, നടവയൽ, മണിമൂളി, നിലമ്പൂർ ഫൊറോനകൾ. ഫീസ്: Rs. 400/- സമയം: സെമിനാർ തുടങ്ങുന്ന ദിവസം 5.00 മണിക്ക് ആരംഭിച്ച്, അവസാനിക്കുന്ന ദിവസം 4.00 മണിവരെ. സ്ഥലം: ദ്വാരക പാസ്റ്ററൽ സെന്റർ.

അധ്യാപകർ പരിശീലനത്തിന് വരുമ്പോൾ, പഠിപ്പിക്കുന്ന ക്ലാസ്സിലെ പുസ്തകം, ടീച്ചിംഗ് നോട്ട്, അധ്യാപക സഹായി, നോട്ടു ബുക്ക് എന്നിവ കൊണ്ടു വരണം. ആമുഖസെമിനാറിനു വരുന്നവർ നിർബന്ധമായും രൂപതാ ഓഫീസിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം.

**ക്ലാസ്സ് ട്രെയിനിംഗ്**

നിലവിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നവർ മറ്റ് ക്ലാസ്സുകളിലേക്ക് മാറിയിട്ടുണ്ടെങ്കിൽ (Class Charge) അവർ താഴെ കൊടുത്തിരിക്കുന്ന തീയതികളിൽ അതാതു ക്ലാസ്സിലെ പരിശീലനത്തിൽ പങ്കെടുക്കണം.

| ക്ലാസ്സ് | തീയതി | സമയം | സ്ഥലം |
|---|---|---|---|
| I,II,III,IV,V,VI,VII | ജൂൺ – 3 | 9.30–4.00 | ദ്വാരക |
| VIII,IX,X,XI,XII | ജൂൺ – 10 | 9.30 – 4.00 | ദ്വാരക |

പരിശീലനത്തിന് വരുന്നവർ പാഠപുസ്തകം, നോട്ട് ബുക്ക്, അധ്യാപക സഹായി, ഫീസ് Rs.100/ എന്നിവയും കൊണ്ടുവരാൻ ശ്രദ്ധിക്കുക.

**പ്രത്യേക ശ്രദ്ധയ്ക്ക്:** അധ്യാപക പരിശീലനത്തിന് വരുന്നവർ (ആമുഖസെമിനാറിനും മറ്റ് പരിശീലനത്തിനും) നിർബന്ധമായും രൂപതാ ഓഫീസിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. (ഫോൺ 04935–245094)

**HDC,DCC Registration**

അടുത്ത അധ്യയന വർഷത്തേക്കുള്ള HDC, DCC കോഴ്സുകളിലേക്കുള്ള അപേക്ഷകൾ ജൂലൈ 31–ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## HCC (XI,XII) Registration

HCC Registration കഴിഞ്ഞ വർഷത്തേതുപോലെ Online ആണ്. ജൂലൈ 16 ന് മുമ്പ് രജിസ്ട്രേഷൻ നടത്തി, ഫോമുകൾ രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**SELOC രൂപതാ പ്രതിഭകൾ**

ഏപ്രിൽ 29 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന പത്താം ക്ലാസ്സ് വിദ്യാർത്ഥികളുടെ രൂപതാ പ്രതിഭാ സംഗമത്തിൽ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ.

1. അക്ഷയ് പോൾ (മാനന്തവാടി), 2. ജോനാഥ് ഷൈജൻ തടങ്ങഴി (ചുങ്കക്കുന്ന്), നിയ റോസ് (കബനിഗിരി), അൽഫോൻസാ കരിക്കാശ്ശേരി (അടയ്ക്കാത്തോട്) പ്രതിഭകൾക്ക് അഭിനന്ദനങ്ങൾ.

**HDC II nd Year Contact Class**

HDC രണ്ടാം വർഷക്കാരുടെ ഒന്നാമത്തെ കോൺടാക്റ്റ് ക്ലാസ്സിന്റെ ക്രമീകരണം ഇപ്രകാരമാണ്. ജൂൺ 10 – ദ്വാരക, ജൂൺ 24– ബത്തേരി, ജൂലൈ 1– മണിമൂളി.

**ഫാ. റോയി വട്ടക്കാട്ട്**
രൂപതാ മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

ക്രിസ്തുവിന്റെ മുന്തിരിതോട്ടത്തിലെ ജീവസുറ്റ വേലക്കാരായി ഒരിക്കൽകൂടി നമ്മെ വാർത്തെടുക്കാം. കാരുണ്യത്തിന്റെ മുഖവും ഭാവവുമായി മുന്നേറുന്ന നമ്മൾ മിഷൻലീഗ് എന്ന ഭക്തസംഘടനയെ എങ്ങനെയോ മറന്നുപോയ്കൊണ്ടിരിക്കുന്നു. ഒട്ടനവധി ദൈവവിളികൾ സഭക്ക് സമ്മാനിച്ച ഈ സംഘടനയെ ആഴത്തിൽ അറിഞ്ഞേ മതിയാകു. സംഘടനയുടെ സപ്തതി വർഷത്തിലേക്ക് നമ്മൾ പ്രവേശിക്കുക യാണല്ലോ? അതുകൊണ്ട് തന്നെ സംഘടനാ ശാക്തീകരണ വർഷമായിട്ടാണ് ഈ വർഷം നമ്മൾ ആചരിക്കുക. പ്രവർത്തന ശൈലികളിൽ മാറ്റം വന്നിട്ടുണ്ടെങ്കിൽ, തനിമയിൽ മാറ്റം സംഭവിച്ചിട്ടുണ്ടെങ്കിൽ ഒരു തിരിച്ച്പോക്ക് അനിവാര്യമാണ്. പ്രാർത്ഥിച്ചും സുകൃതജപം ചൊല്ലിയും പരോപകാരം ചെയ്തും ജീവിച്ച ഒത്തിരിപേർ സമൂഹത്തിന്റെ ഉന്നത സ്ഥലങ്ങളിൽ സേവനം ചെയ്യുന്നു. ഇനിയും ഒത്തിരിനല്ല മിഷനറിമാരെ സഭക്കുവേണ്ടിയും സമൂഹത്തിനു വേണ്ടിയും വളർത്തേണ്ടതുണ്ട്. സംഘടനയുടെ ലക്ഷ്യങ്ങളും പ്രവർത്തന ശൈലികളും പഠിക്കണം. യൗവ്വനത്തിൽ പലരും പലസംഘടന കളെക്കുറിച്ചും മനസ്സിലാക്കാതെ വെറും ജയ് വിളിക്കാരായി മാറുന്ന ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. അതിന്റെ അപജയ ങ്ങൾ കൺമുമ്പിൽ സുപരിചിതമാണ്. ആയതിനാൽ സംഘടനയെ ക്കുറിച്ച് അറിഞ്ഞ് സംഘടനയിലൂടെ വളർന്ന് ക്രിസ്തുവിനുവേണ്ടി ജയ് വിളിക്കുന്ന ഒരു പുതുസമൂഹത്തെ വാർത്തെടുക്കാൻ നമുക്ക് പരിശ്രമിക്കാം. ദൈവം നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ.... സ്നേഹ പൂർവ്വം

**ജോജോച്ചൻ**

**സപ്തതി വർഷത്തിൽ സപ്തതി സുകൃതവുമായി...**

2017-18 വർഷത്തിലെ പഠനവിഷയമാണിത്. സംഘടനയുടെ ആഴങ്ങളിലേക്ക് ഇറങ്ങി, ചെല്ലാനുള്ള ഒരു ശ്രമം. എല്ലാ ശാഖകളിലും സംഘടനയെക്കുറിച്ചുള്ള ഒരു പഠന ക്ലാസ്സ് സംഘടിപ്പിക്കുവാൻ പരിശ്രമിക്കണം. ഇടക്കാലത്ത് പല ഇടവകകളിലും നിന്നുപോയ മാനുവൽ ബുക്ക് പൂരിപ്പിക്കൽ തിരികെ കൊണ്ടുവരണം. ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് അവസരം കൊടുത്ത് പുതിയ നേതാക്കൻമാരെ വളർത്തണം.

**വചനതാരം അഭിനന്ദനം - നന്ദി.**

വി. മത്തായിയുടെ സുവിശേഷം പഠനവിഷയമാക്കിക്കൊണ്ട് വചനതാരം പ്രോഗ്രാം ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ച് മെയ് 18,19-തീയതികളിൽ നടത്തപ്പെട്ടു. വിവിധ ശാഖകളിൽ നിന്നായി-160 കുട്ടികൾ പങ്കെടുത്തു. ഫാ.ജോജോ ചങ്ങനാംതുണ്ടത്തിൽ വചനതാരം പരിപാടി ഉദ്ഘാടനം ചെയ്തു. വിവിധ രീതികളിലൂടെ വ്യക്തമായി വിലയിരുത്തി വചനതാരങ്ങളെ കണ്ടെത്തി. സമാപനസമ്മേളനത്തിൽ രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടറും പാസ്റ്ററൽ സെന്റർ ഡയറക്ടറുമായ ഫാ.മാത്യു പെരിയപ്പുറം വിജയികൾക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും വിതരണം ചെയ്തു. സീനിയർ വിഭാഗത്തിൽ കയ്യൂന്നി ശാഖാംഗമായ അഞ്ജന ചെറുതറപ്പേൽ ഒന്നാം സ്ഥാനവും, കണിയാരം ശാഖാംഗമായ ഫിലോമിന മേലംപാറയിൽ രണ്ടാംസ്ഥാനവും, ബെഞ്ചമിൻ അനുഗ്രഹ-ചുങ്കക്കുന്ന്, അലീന പന്നിക്കോട്ട്-കണിയാരം, അമയ തെക്കേവെളിയിൽ-ആടിക്കൊല്ലി എന്നിവർ യഥാക്രമം 3,4,5 സ്ഥാനങ്ങൾ കരസ്ഥമാക്കി. ജൂനിയർ വിഭാഗത്തിൽ -ഐറിൻ മരിയ കടകേലിൽ -പനംചിറ ഒന്നാം സ്ഥാനവും റോസ പാത്തിക്കുന്നേൽ-കണിയാരം രണ്ടാം സ്ഥാനവും സ്നേഹ ഷിബു മലേക്കുടി-പനംചിറ, ജിയ ജോയി കൊല്ലപ്പള്ളി-പയ്യമ്പള്ളി, അഗസ്റ്റിൻ സാം വെള്ളിയാംകണ്ടത്തിൽ-കല്ലോടി എന്നിവർ യഥാക്രമം 3,4,5 സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ... നേതൃത്വം വഹിച്ച രൂപത എക്സിക്യൂട്ടീവ്, ടീം അംഗങ്ങൾക്ക് നന്ദി.

**രൂപതാ ക്യാമ്പ് - നന്ദി**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് മെയ് 3,4,5 തീയതികളിൽ രൂപതാ ക്യാമ്പ് നടത്തപ്പെട്ടു. ശ്രീ. ഷാജി മാലിപ്പാറ, അഡ്വ. ജിജിൽ കിഴക്കരക്കാട്ട്, ശ്രീ. ബെന്നി വെട്ടിക്കൽ, ശ്രീ. ജോൺസൺ വടക്കേക്കര, എന്നിവർ ക്ലാസ്സിന് നേതൃത്വം നൽകി. എക്സിക്യൂട്ടീവ്, ടീം അംഗങ്ങൾ നേതൃത്വം നൽകി. ക്യാമ്പിൽ പങ്കെടുത്തവർക്കും, നേതൃത്വം നൽകിയവർക്കും നന്ദി.

**സംസ്ഥാന ക്യാമ്പ്-മാനേജിംഗ് കമ്മിറ്റി**

മുവാറ്റുപുഴയിൽ വച്ചു നടന്ന സംസ്ഥാന ക്യാമ്പിലും മാനേജിംഗ് കമ്മിറ്റിയിലും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും മേഖലയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും പങ്കെടുത്തു.

**പഠന ക്ലാസ്സ്- ആരാധന**

തോണിച്ചാൽ പളളിയിൽ വെച്ച് മെയ് 21-ന് രൂപത എക്സിക്യൂട്ടീവ് & ടീം അംഗങ്ങളും, ഓരോ മേഖലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ഒന്നു ചേർന്ന് ആരാധന നടത്തുകയും ശാഖാസന്ദർശനം, സെമിനാറുകൾ, ക്ലാസ്സുകൾ എന്നിവ ഒരുങ്ങു

ന്നതിനും ക്രമീകരിക്കുന്നതിനും ആവശ്യമായ ചർച്ചകളും, പഠന ക്ലാസ്സും നടത്തി. പഠന ക്ലാസ്സിന് ഷാജി ചന്ദനപറമ്പിൽ നേതൃത്വം നൽകി. ആരാധനക്കും വചന ധ്യാനത്തിനും ഫാ.ബെന്നി പാറാനിയിൽ നേതൃത്വം നൽകി.

**രൂപത കൗൺസിൽ - പ്രവർത്തനവർഷ ഉദ്ഘാടനം**

രൂപത പ്രവർത്തനവർഷ ഉദ്ഘാടനവും കൗൺസിലും ജൂൺ 10-ാം തീയതി രാവിലെ 9.30 മുതൽ 2 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. ശാഖ, മേഖല, രൂപത ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കുമല്ലോ? പങ്കെടുക്കുന്നവരുടെ കൃത്യം എണ്ണം-ജൂൺ 5 ന് മുമ്പ് രൂപത ഓഫീസിൽ അറിയിക്കുമല്ലോ? മണിമൂളി, നിലമ്പൂർ, നീലഗിരി റീജിയണൽ കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും 2017 ജൂൺ 11 ഞായറാഴ്ച 2.30 ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. മുകളിൽ പ്രസ്താവിച്ച മേഖലകളിൽ ഉൾപ്പെട്ട ശാഖ ഭാരവാഹികളും, ജോ.ഡയറക്ടേഴ്സും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**ജോ.ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

ജൂലൈ രണ്ടാം ശനിയാഴ്ച രാവിലെ 9.30-ന് ശാഖ ജോ. ഡയറക്ടേഴ്സിന്റെ മീറ്റിംഗ് നടത്തപ്പെടുന്നു. എല്ലാ ജോ. ഡയറക്ടേഴ്സും നിർബന്ധമായും പങ്കെടുക്കുമല്ലൊ. ശാഖ അംഗത്വലിസ്റ്റിന്റെ 3 കോപ്പി, വാർഷിക റിപ്പോർട്ട്, പുതിയശാഖ ഭാരവാഹികളുടെ അഡ്രസ്സ് എന്നിവ നൽകാത്തവർ എത്രയും പെട്ടെന്ന് ഓഫീസ്സിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ശാഖാ വാർത്തകൾ**

*പന്തിപൊയിൽ:-* മേഖലാ ക്യാമ്പിൽ പങ്കാളിത്തം. 10-അംഗങ്ങൾ ഓസാനാം ഭവൻ സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു. വിശ്വാസോത്സവ ദിനങ്ങളിൽ കലാപരിപാടികൾ സംഘടിപ്പിച്ചു. മികച്ച പ്രവർത്തകരേയും ഗ്രൂപ്പിനേയും കണ്ടെത്തി ഈസ്റ്റർ ദിനത്തിൽ സമ്മാനങ്ങൾ നൽകി.

*ചാരിറ്റി:-* St.Claret Public School പ്രിൻസിപ്പൽ ബഹു. അജോയി വല്ല്യമ്യാലിൽ അച്ചന്റെ നാമഹേതുകതിരുനാൾ സമുചിതമായി ആഘോഷിച്ചു. കരുണയുടെ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം ബഹു. ജോയി ചേറാടിയച്ചന്റെ നേതൃത്വത്തിൽ നടന്നു. സി.എം.എൽ വാർഷികം നടത്തി. സമ്മാനങ്ങൾ വിതരണം ചെയ്തു. സി.എം.എൽ. പ്രതിഭകളായി സോബിൻ പള്ളിപ്പാട്ട്, ആൻസിയ പള്ളിപ്പാട്ട് എന്നിവരെ തിരഞ്ഞെടുത്തു. ഇടവക തിരുനാളിന് ആഘോഷമായ റാസ കുർബാന പാലാരൂപതയിൽ നിന്നുള്ള റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (മദ്യവിരുദ്ധസമിതി സംസ്ഥാന സെക്രട്ടറി) അച്ചന്റെ കാർമ്മികത്വത്തിൽ

നടന്നു. സി.എം.എൽ അംഗങ്ങൾ തിഷ്ണതയോടെ റാസ കുർബാനയിൽ പങ്കുചേർന്നു പ്രാർത്ഥിച്ചു. മേഖല ക്യാമ്പിൽ പങ്കെടുത്തു.

*ഒലിവുമല:-* പള്ളിയും പരിസരവും വൃത്തിയാക്കി. സിമിത്തേരി വൃത്തിയാക്കാൻ കുട്ടികൾ സഹായിച്ചു. പൂന്തോട്ട നിർമ്മാണത്തിൽ സഹായിച്ചു. സൺഡേസ്കൂൾ വാർഷികം ആഘോഷിച്ചു. പഠനത്തിൽ മികവ് കാണിച്ചവർക്കും, ഗ്രൂപ്പിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയവർക്കും സമ്മാനങ്ങൾ നൽകി. കാഴ്ചസമർപ്പണം നടത്തിയും പ്രദിക്ഷണത്തിൽ പങ്കെടുത്തും കുട്ടികൾ മാതൃകയായി.

*പുൽപ്പള്ളി:-* നടവയൽ ഓസാനാം ഭവൻ സന്ദർശിച്ചു. 15000- രൂപയുടെ വസ്ത്രവും ഭക്ഷണവും സംഭാവന നല്കി. 40-ാം വെള്ളിയാഴ്ച സി. എം.എൽ. അംഗങ്ങൾ ശശിമലയിൽ കുരിശിന്റെ വഴി നടത്തി. ഇടവക വാർഷിക ധ്യാനത്തിൽ പങ്കെടുത്തു. നോമ്പുകാലത്ത് എല്ലാ ദിവസവും പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാനം നൽകി.

*ഇരുളം:-* ശിശുമലയിൽ നടത്തിയ 40-ാം വെള്ളിയാഴ്ചയിലെ കുരിശിന്റെ വഴിയിൽ ഇരുളം ശാഖാ അംഗങ്ങൾ പങ്കെടുത്തു. ബർത്ത്ഡെ ആഘോഷം നടത്തി. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. രോഗീസഹായം നൽകി. വിശ്വാസോത്സവത്തോടനുബന്ധിച്ച് പത്രവാർത്ത നിർമ്മിച്ചു.

*പുതുശ്ശേരി:-* മുൻ രൂപതാദ്ധ്യക്ഷന് വേണ്ടി വി. കുർബാനയും ഒപ്പീസും ചൊല്ലി പ്രാർത്ഥിച്ചു. ശാഖാ ക്യാമ്പ് നടത്തി. ഒരു ക്യാൻസർ രോഗിക്ക് സാമ്പത്തിക സഹായം നൽകി. മേഖലാ ക്യാമ്പിൽ പങ്കെടുത്തു.

*മുള്ളൻകൊല്ലി:-* ഇടവകയിലെ കരുണയുടെ ഭവന നിർമ്മാണത്തിനായി സംഘടനയിൽ നിന്ന് 25000-രൂപ സംഭാവന ചെയ്തു. നിർദ്ധനരെ സഹായിക്കുന്നതിനുള്ള പൊതിച്ചോറിനായി 10000-രൂപ മേഖലയ്ക്ക് നൽകി. സംഘടനയിലെ ജൂണിയർ അംഗങ്ങൾ മരക്കടവ് വൃദ്ധസദനവും സീനിയർ അംഗങ്ങൾ നടവയൽ ഓസാനാം ഭവനും സന്ദർശിച്ച് ധനസഹായം നൽകി.

ഹൃദയത്തിലും മനസ്സിലും മിഷൻ ചൈതന്യം നിറച്ച് കർമ്മനിരതരായി ഊർജസ്വലരായി ചെമ്മഞ്ഞകൊടിയുടെ കീഴിൽ അണിനിരന്ന് ജപമാല രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് പ്രേഷിത തീക്ഷ്ണതയിൽ വളരുന്ന പ്രിയപ്പെട്ട മിഷൻലീഗിന്റെ പ്രവർത്തകർക്ക് മിഷൻ അഭിവാദ്യങ്ങളോടെ

**ബിനീഷ് തുമ്പിയാംകുഴിയിൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

## LIFE Training Regular-Parents Meeting

മാനന്തവാടി രൂപത ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ റെഗുലർ ബാച്ചിന്റെ പുതിയ വർഷം എങ്ങനെയെന്ന് തീരുമാനിക്കുന്നതിനും കഴിഞ്ഞ വർഷത്തെ ക്ലാസ്സുകൾ വിലയിരുത്തുന്നതിനുമായി മാതാപിതാക്കളുടെ യോഗം 17-4-17 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 12 മണി വരെ യൂത്ത് മിനിസ്ട്രി ഹാളിൽ വെച്ച് ചേർന്നു. ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കൽ നടത്തിയ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. അടുത്ത വർഷത്തെ പരിശീലനത്തെപ്പറ്റിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു. മാതാപിതാക്കൾ അടങ്ങുന്ന വിവിധ കമ്മിറ്റികൾ രൂപീകരിച്ചു.

## LIFE Training Regular

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ റെഗുലർ ബാച്ചിന്റെ 15 ദിവസത്തെ റെസിഡൻഷ്യൽ ട്രയിനിംഗ് 2017 ഏപ്രിൽ 20 വ്യാഴാഴ്ച വൈകുന്നേരം 5 മണി മുതൽ മെയ് 5 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 3 മണി വരെ MSMI കോൺഗ്രിഗേഷന്റെ അധീനതയിലുള്ള പായോട് ജനസൗഖ്യ സോഷ്യൽ സർവീസ് സെന്ററിൽ വെച്ച് നടന്നു. റഗുലർ ബാച്ചിലേക്ക് ഈ വർഷം 21 കുട്ടികളാണ് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. 6 മണിക്ക് ലാലച്ചൻ നേതൃത്വം നൽകിയ പ്രാർത്ഥനയോടെ ട്രയിനിംഗ് ആരംഭിച്ചു. ജോഗിംഗ്, പേഴ്സണൽ പ്രയർ, വി. കുർബാന, സ്പിരിചൽ ആനിമേഷൻ, പഠനം, കളികൾ, ഷെയറിംഗ് എന്നിവ അടങ്ങുന്ന ടൈംടേബിളാണ് ഈ ദിവസങ്ങളിൽ കുട്ടികൾക്ക് ഉണ്ടായിരുന്നത്. ആദ്യദിനം തോണിച്ചാൽ ഇടവക വികാരിയായ ഫാ. ബിജു തൊണ്ടിപ്പറമ്പിൽ കുട്ടികളെ സന്ദർശിച്ചു പ്രാർത്ഥിച്ചു.

ഈശോയുടെ കരുണയുടെ തിരുനാളും ഒപ്പം വി. ഗീവർഗീസ് സഹദായുടെ ഓർമ്മത്തിരുനാളുമായ 23-ാം തീയതി ഞായറാഴ്ച യൂത്ത് മിനിസ്ട്രി ഡയറക്ടർ ബഹു. ലാൽ ജേക്കബ് പൈനുങ്കൽ അച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. വൈകുന്നേരം ലാലച്ചന്റെ നേതൃത്വത്തിൽ കാരുണ്യവാനായ ഈശോയുടെ ഛായാ ചിത്രം ഉയർത്തിപ്പിടിച്ചുകൊണ്ട് ആരാധന നടത്തി.

25-ാം തീയതി ചൊവ്വാഴ്ച ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് (അസി. ഡയറക്ടർ റേഡിയോ മാറ്റൊലി) വി. കുർബാന അർപ്പിച്ച്

വചനസന്ദേശം നൽകി. 28 ന് വെള്ളിയാഴ്ച വൈദികരുടെ പ്രാർത്ഥനാ ദിനത്തിൽ രൂപത മുഴുവനും വേണ്ടി ലൈഫ് ട്രയിനിംഗ് സ്റ്റുഡൻസ് ഉപവസിക്കുകയും 1000 ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. അന്നേ ദിവസം വൈകുന്നേരം ധ്യാനഗുരുവും താവളം ധ്യാന സെന്റർ ഡയറക്ടറുമായ ബിനോയ് അച്ചനും മറ്റ് 3 വൈദികരും കുഞ്ഞുങ്ങളെ സന്ദർശിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. 30-ാം തീയതി കുർബ്ബാനക്ക് നേതൃത്വം നൽകുകയും വചനസന്ദേശം നൽകുകയും ചെയ്തത് സെമിനാരി റെക്ടർ ഫാ. തോമസ് കച്ചിറയിൽ ആയിരുന്നു. 3-ാം തീയതി ബുധനാഴ്ച പഠനയാത്രയ്ക്കായി കോഴിക്കോടിനു പോയി. 4 ന് വ്യാഴാഴ്ച രാവിലെ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകിയത് പ്രൊക്യുറേറ്റർ ബഹു. ഫാ.ബെന്നി മുതിരക്കാലായിൽ ആയിരുന്നു. 5-ാം തീയതി വെള്ളിയാഴ്ച 5 മണിയോടെ ക്ലാസ്സ് അവസാനിച്ചു.

കുട്ടികൾക്ക് പരിശീലനം നൽകാനായി ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, കോർഡിനേറ്റർ സി. ആൻസി തോമസ് CMC, നോയൽ മരിയ SABS,സി.ലിൻസി SCV, ലിൻഷ മരിയ, എന്നിവർ സജീവമായി ഒപ്പമുണ്ടായിരുന്നു. ശ്രീ.കെ.എം. മാത്യു ചെറുകാട്ടൂർ (Maths), ശ്രീ. ആന്റണി മങ്കടപ്ര (Politics, Economics), സി. മെർലിൻ സി.എം.സി. (Biology), സി.എമിലിയ സി.എം.സി (Music, Drawing), ശ്രീ. വിപിൻ (Science) എന്നിവർ വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. എല്ലാ ദിവസവും കുട്ടികളുടെ മാതാപിതാക്കൾ ശുശ്രൂഷക്കായി എത്തിയിരുന്നു. എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

15 ദിവസം താമസസൗകര്യവും മറ്റ് സൗകര്യങ്ങളും ക്രമപ്പെടുത്തി തന്ന MSMI Congregation Provincial സി.സീന MSMI ക്കും ജനസൗഖ്യയുടെ ഡയറക്ടറായ സി. ഇന്നസെന്റ് MSMI ക്കും സ്നേഹപൂർവ്വം നന്ദി അർപ്പിക്കുന്നു.

## LIFE Training Distance - Parents Meeting

യൂത്ത് മിനിസ്ട്രി ലൈഫ് ട്രയിനിംഗ് ഡിസ്റ്റൻസ് ബാച്ചിന്റെ മാതാപിതാക്കളുടെ യോഗം 29-4-17 ശനിയാഴ്ച രാവിലെ 10 മണി മുതൽ 12 മണി വരെ യൂത്ത് മിനിസ്ട്രി ഹാളിൽ വെച്ച് ചേർന്നു. സി. ആൻസി സി.എം.സി യുടെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. അടുത്ത അധ്യയന വർഷം എങ്ങനെയാകണമെന്ന് ബഹു. ലാലച്ചന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി.ആൻസി CMC, ലിൻഷ എന്നിവർ നേതൃത്വം വഹിച്ചു.

## LIFE Training Distance

ലൈഫ് ട്രയിനിംഗ് ഡിസ്റ്റൻസ് ബാച്ചിന്റെ 2 ദിവസത്തെ ട്രെയിനിംഗ് 2017 മെയ് 5, 6, 7 തീയതികളിലായി പായോട് ജനസൗഖ്യയിൽ വെച്ച് നടത്തി. JMJ ലൈഫ് സ്റ്റൈലിന്റെ പഠനവും പരിശീലനവും ആയിരുന്നു പ്രധാനമായും ഉണ്ടായിരുന്നത്. ഒരു വർഷത്തേക്കുള്ള ക്രമീകൃതമായ ട്രയിനിംഗിനു വേണ്ടിയുള്ള ടൈംടേബിൾ ഉണ്ടാക്കി. പ്രസംഗ പരിശീലനം, വായനാപരിശീലനം എന്നിവ നടന്നു. വിവിധ പരീക്ഷകൾ നടത്തി. കഴിഞ്ഞ ഒരു വർഷത്തെ ട്രയിനിംഗ് വിലയിരുത്തി ഷെയറിംഗ് നടത്തി. 17 കുട്ടികളാണ് തെരഞ്ഞെടുക്കപ്പെട്ടത്. 7-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിയോടെ ക്ലാസ്സുകൾ അവസാനിച്ചു. ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, കോർഡിനേറ്റർ സി. ആൻസി തോമസ്, സി.നോയൽ മരിയ, സി.ലിൻസി, ലിൻഷ മരിയ, എന്നിവർ നേതൃത്വം നൽകി.

## Career CAR

യൂത്ത് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിലുള്ള Career CAR ന്റെ കരിയർ ഗൈഡൻസ് ക്ലാസ്സ് 2017 ഏപ്രിൽ 29 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ ദ്വാരക യൂത്ത് മിനിസ്ട്രി ഹാളിൽ വെച്ച് നടത്തി. കുട്ടികൾക്ക് അവരുടെ കഴിവും അഭിരുചിയും അനുസരിച്ചുള്ള തൊഴിൽ തെരഞ്ഞെടുക്കുന്നതിന് ഉപകാരപ്രദമായ രീതിയിൽ ബഹു. ലാലച്ചൻ ക്ലാസ്സ് എടുത്തു. ജോലി സാധ്യതയുള്ള കോഴ്സുകൾ, വിവിധ സ്കോളർഷിപ്പുകൾ എന്നിവ പരിചയപ്പെടുത്തി. സി. ലിൻസി SCV നേതൃത്വം നൽകി.

## LIFE Training: 2017-2018 Batch

ലൈഫ് ട്രയിനിംഗ് 2017-2018 ബാച്ചിന്റെ ക്ലാസ്സുകൾ 2017 മെയ് 9 ചൊവ്വാഴ്ച രാവിലെ 9 മണി മുതൽ മെയ് 20 രാവിലെ 10 മണി വരെ മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. 34 കുട്ടികൾ പങ്കെടുത്തു. ധ്യാനത്തോടെയാണ് ക്ലാസ്സുകൾ ആരംഭിച്ചത്. സി.ആൻസി തോമസ് CMC, സി.എമിലിയ CMC എന്നിവർ ധ്യാനത്തിന് നേതൃത്വം നൽകി. ശ്രീ. സെബാസ്റ്റ്യൻ (English), ശ്രീ.കെ.എം മാത്യു (Maths), ശ്രീ. ജോൺസൻ വടക്കേക്കര (Personality Development), ശ്രീ.ജിതിൻ (G.K), ശ്രീ.ജോസിൽ (Drawing) എന്നിവർ കുട്ടികൾക്കായി ക്ലാസ്സെടുത്തു. 2017 മെയ് 15-ാം തീയതി രൂപത അസോസിയേറ്റ് സെക്രട്ടറി ബഹു. അനൂപ് അച്ചൻ കുട്ടികൾക്കുള്ള കുർബാനക്ക് നേതൃത്വം നൽകി. ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുംങ്കൽ, കോർഡിനേറ്റർ സി.ആൻസി

തോമസ് CMC, സി.നോയൽ മരിയ SABS, സി.ലിൻസി SCV, ലിൻഷ മരിയ എന്നിവർ ട്രയിനിംഗിന് നേതൃത്വം നൽകി.

12 ദിവസത്തെ ട്രയിനിംഗിന് താമസ സൗകര്യം ക്രമീകരിച്ച പാവന പാസ്റ്ററൽ സെന്റർ അധികാരികൾക്കും സഹായിച്ച സിസ്റ്റേഴ്സിനും ക്ലാസ്സെടുക്കാനായി കടന്നു വന്ന നല്ലവരായ അധ്യാപകർക്കും സഹകരിച്ച എല്ലാ മാതാപിതാക്കൾക്കും ഭക്ഷണം ഒരുക്കി സഹായിച്ച ബേബി ചേട്ടനും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. മുഴുവൻ സമയവും കുട്ടികൾക്കൊപ്പമായിരുന്നുകൊണ്ട് അവർക്ക് പരിശീലനം നൽകിയ ടീമംഗങ്ങളോരോരുത്തരെയും സ്നേഹത്തോടെ ഓർക്കുന്നു.

**LIFE Training -Parents Meeting**

ലൈഫ് ട്രയിനിംഗ് 2017-2018 ബാച്ചിന്റെ മാതാപിതാക്കളുടെ യോഗം 2017 മെയ് 20-ാം തീയതി രാവിലെ 10 മണി മുതൽ 11 മണി വരെ മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. അടുത്ത വർഷത്തേക്കുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, സി.ലിൻസി SCV, ലിൻഷ എന്നിവർ നേതൃത്വം നൽകി.

**ലിൻഷ മരിയ ഷാന്റി**
വോളന്റിയർ, യൂത്ത് മിനിസ്ട്രി

**ആത്മജ്വാല**

ജൂൺ 3 ന് വൈകുന്നേരം ആരംഭിച്ച് 4-ാം തീയതി രാവിലെ അവസാനിക്കുന്ന വിധത്തിൽ പെന്തക്കുസ്ത ജാഗരണ പ്രാർത്ഥന (ആത്മജ്വാല) കാവുമന്ദം ലൂർദ്ദ് മാതാ ചർച്ചിൽ ക്രമീകരിച്ചിരിക്കുന്നു. 3-ാം തീയതി വൈകുന്നേരം 6 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.

**അർദ്ധവാർഷിക സെനറ്റ് ജൂലൈ 8**

ഈ വർഷത്തെ അർദ്ധവാർഷിക സെനറ്റ് ജൂലൈ 8 ന് രാവിലെ 9 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രജിസ്ട്രേഷനോടുകൂടെ ആരംഭിക്കുന്ന വിവരം അറിയിക്കുന്നു. മേഖല സെനറ്റിൽ പാസ്സാക്കിയ റിപ്പോർട്ടാണ് രൂപത സെനറ്റിൽ അവതരിപ്പിക്കേണ്ടത്. അതിനു മുൻപായി മേഖല സെനറ്റു കൂടി റിപ്പോർട്ട് പാസ്സാക്കുന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

**യുവജനദിനം - ജൂലൈ 9**

കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ജൂലൈ 3 നു ശേഷം വരുന്ന ഞായറാഴ്ച്ചയാണ് യുവജനദിനമായി പ്രഖ്യാപിച്ചിട്ടുള്ളത്. ഈ വർഷം ജൂലൈ 9 നാണ് നമ്മൾ യുവജന ദിനമായി ആചരിക്കുന്നത് അന്നേദിവസം ചെയ്യാവുന്ന കാര്യങ്ങൾ

1. ഇടവകയിലെ എല്ലാ യുവജനങ്ങളുടെയും അജപാലന കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. യുവജനങ്ങളെ ഒരുമിച്ച് ചേർക്കുക, യുവജന സർവ്വേ പൂർത്തീകരിക്കുക.
2. യുവജനങ്ങൾക്കായി പ്രത്യേക വിശുദ്ധ കുർബ്ബാന, ധ്യാനം, പ്രാർത്ഥന, സെമിനാർ, യുവജനങ്ങളെയും സംഘടനാപ്രവർത്തകരെയും ആദരിക്കൽ, ബൈബിൾ സ്റ്റഡി തുടങ്ങിയവ.
3. യുവജനങ്ങളുടെ ആത്മീയ ഭൗതീക ആവശ്യങ്ങൾക്കായുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുക.
4. യുവജനദിനത്തെ അവസ്മരണീയമാക്കുന്ന വിധത്തിൽ ആത്മീയമോ സാമൂഹികമോ ആയ പരിപാടികൾ അന്നേദിവസം നടത്തുക.

**ഓഗസ്റ്റ് മാസം കെ.സി.വൈ.എം. പ്രവർത്തന മാസാചരണം**

ഓഗസ്റ്റ് മാസം കെ.സി.വൈ.എം. പ്രവർത്തന മാസമായി ആചരിക്കുകയാണ്. ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച്ചവയ്ക്കുന്ന യൂണിറ്റിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്. ആത്മീയം, സാമൂഹികം, ഭൗതീകം എന്നീ മേഖലകളായിരിക്കും സമ്മാനത്തിനായ് പരിഗണിക്കുക. പ്രവർത്തന മാസാചരണത്തിന്റെ ഭാഗമായി നടത്താവുന്ന കാര്യങ്ങൾ

1. കെ.സി.വൈ.എം. പതാക ഉയർത്തുക
2. കെ.സി.വൈ.എം. ആന്തം ആലപിക്കുക
3. അംഗത്വ നവീകരണം നടത്തുക
4. മുൻകാല നേതാക്കൻമാരെ ആദരിക്കുക
5. യൂത്ത് നൈറ്റ് സംഘടിപ്പിക്കുക
6. കെ.സി.വൈ.എം. വർക്ക് ക്യാമ്പ്/പ്രകൃതിപഠനക്യാമ്പ്/നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുക
7. വൃദ്ധമാതാപിതാക്കളെയും, രോഗികളായവരെയും പള്ളിയിലെത്തിക്കുവാൻ സഹായിക്കുക.
8. ബസ്സ് വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക
9. വഴി–പ്രവർത്തന മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിക്കുക

**പ്രചോദിനി 2017**

ഓഗസ്റ്റ് മാസം നടക്കുന്ന വനിതാ സംഗമത്തിൽ (പ്രചോദിനി 2017) ക്യാൻസർ രോഗികൾക്കുവേണ്ടി മുടിദാനം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. ദാനം ചെയ്യേണ്ട മുടിയുടെ നീളം കുറഞ്ഞത് 12 ഇഞ്ചാണ്. ഒരു യൂണിറ്റിൽ നിന്ന് ചുരുങ്ങിയത് 10 വനിതകളെയെങ്കിലും ഇതിനുവേണ്ടി തയ്യാറാക്കുമല്ലോ

**അംഗത്വ നവീകരണം 2017**

ഈ വർഷം അംഗത്വം പുതുക്കേണ്ടതും, ചേർക്കേണ്ടതും ജൂൺ, ജൂലൈ മാസങ്ങളിലാണ്. പുതുക്കുന്നതിന് 5 രൂപയും, പുതിയ അംഗത്വം ചേർക്കുന്നതിന് 10 രൂപയും ആണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അംഗത്വ നവീകരണ ഫോം രൂപതാ ഓഫീസിൽ ലഭ്യമാണ്.

2017 പ്രവർത്തന വർഷത്തെ ഭാരവാഹികളുടെ പേരും ഫോൺ നമ്പറും ഓഫീസിൽ ഏൽപ്പിക്കാത്ത യൂണിറ്റുകൾ എത്രയും വേഗം നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു. ലിസ്റ്റ് ഓഫീസിൽ ഏൽപ്പിച്ച യൂണിറ്റുകളുടെ പേരുവിവരം താഴെ ചേർക്കുന്നു.

ചുങ്കക്കുന്ന് മേഖല – അടക്കാത്തോട്, ചുങ്കക്കുന്ന്, വെള്ളൂന്നി

നടവയൽ മേഖല – ചെറുകാട്ടൂർ, ചുണ്ടക്കര, നടവയൽ, പനമരം, വാളവയൽ, വിളമ്പുകണ്ടം

കൽപ്പറ്റ മേഖല – ചാരിറ്റി, റിപ്പൺ, വൈത്തിരി, തൃക്കൈപ്പറ്റ

തരിയോട് മേഖല – കാവുമന്ദം

കല്ലോടിമേഖല – ചുള്ളിയാന, ദീപ്തിഗിരി, ജൂഡ്സ്മൗണ്ട്, കല്ലോടി, കൊമ്മയാട്, കുഞ്ഞോം, പുതുശ്ശേരി, പുതിയിടംക്കുന്ന്, തോണിച്ചാൽ, മൊതക്കര, വാളേരി

മുള്ളൻകൊല്ലി മേഖല – അമരക്കുനി, ഇരുളം, മരകാവ്, പുൽപ്പള്ളി

മാനന്തവാടി – ആലാറ്റിൽ, പോരൂർ, പുതിയിടം, യവനാർകുളം

**Capitano 2017 രൂപതാ നേതൃത്വ പരിശീലന ക്യാമ്പ്**

ഈ വർഷത്തെ കെ.സി.വൈ.എം. രൂപതാ നേതൃത്വ പരിശീലന

ക്യാമ്പ് Capitano 2017 മെയ് 5, 6 തീയതികളിൽ കൃഷ്ണഗിരി സെന്റ് വിൻസെന്റ് ബാലഭവനിൽ വച്ച് നടന്നു. ബത്തേരി മേഖലയുടെ ആതിഥേയത്വത്തിൽ നടന്ന രൂപത ക്യാമ്പിന് ബത്തേരി മേഖല പ്രസിഡണ്ട് ശ്രീ. ബിജേഷിന്റെ നേതൃത്വത്തിലുള്ള മേഖല ടീമിന്റെ സകല വിധ സഹകരണങ്ങളും ഉണ്ടായിരുന്നു. 5-ാം തീയതി വെകുന്നേരം രൂപത പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി ക്യാമ്പ് ഉത്ഘാടനം ചെയ്തു സംസാരിച്ചു. ജനറൽ സെക്രട്ടറി ജിഷിൻ മുണ്ടക്കാത്തടത്തിൽ സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ റവ. ഫാദർ ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. തിരുസഭ നേരിടുന്ന പ്രതിസന്ധികളിൽ വിശ്വാസത്തിൽ അടിയുറച്ച ക്രൈസ്തവ യുവത്വം വഴികാട്ടികളാകണമെന്ന് ആമുഖപ്രഭാഷണത്തിൽ അദ്ദേഹം യുവജനങ്ങളെ ഉദ്ബോധിപ്പിച്ചു. വൈസ്സ് പ്രസിഡണ്ട് റോസ് മേരി തേറുകാട്ടിൽ, കോഡിനേറ്റർ ജിജോ പൊടിമറ്റം എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. സിൻഡിക്കേറ്റ് അംഗം അജോ, സ്റ്റെല്ല ഫ്രാൻസിസ് എന്നിവർ നേതൃത്വം നൽകി. കരുത്തുറ്റ മിഷൻലീഗ് പ്രവർത്തകനും രൂപത മതബോധന ടീമംഗവുമായ ശ്രീ. ജോസ് വടക്കേക്കര തുടർന്നുള്ള സെഷനുകൾക്ക് നേതൃത്വം നൽകി. സ്ഥല സൗകര്യങ്ങൾ ഒരുക്കിയ വിൻസെൻഷ്യൻ സഭാംഗങ്ങളോടും ബാലഭവൻ ഡയറക്ടറും ബത്തേരി മേഖല ഡയറക്ടറുമായ റവ. ഫാദർ സജി അവങ്ങാട്ടിനോടും, മേഖല ആനിമേറ്റർ സി. ഷെറിൻ സി.എം.സി യോടും, മേഖല ടീമംഗങ്ങളോടും കെ.സി.വൈ.എം. രൂപത കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**സ്വാഗതം**

കെ.സി.വൈ.എം. മാനന്തവാടി രൂപത അസോസിയേറ്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന കാട്ടാംകോട്ടിൽ അനീഷ് അച്ചന് കെ.സി.വൈ.എം. രൂപത കുടുംബത്തിലേയ്ക്ക് സസ്നേഹം സ്വാഗതം ആശംസിക്കുന്നു. അച്ചന്റെ സാന്നിധ്യംകൊണ്ടും, പ്രാർത്ഥനകൊണ്ടും, പ്രവർത്തനങ്ങൾകൊണ്ടും കെ.സി.വൈ.എം. പ്രസ്ഥാനം കൂടുതൽ കരുത്തുറ്റതാകട്ടെ

**അനുമോദനങ്ങൾ**

മാനന്തവാടി രൂപത പ്രോട്ടോസിഞ്ചെല്ലൂസായി നിയമിതനായിരിക്കുന്ന ബഹു. അബ്രാഹം നെല്ലിക്കലച്ചനും, രൂപത ചാൻസലറായി നിയമിതനായിരിക്കുന്ന ബഹു. സജി നെടുങ്കല്ലേലച്ചനും, പാസ്റ്ററൽ സെന്റർ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. പോൾ വാഴപ്പിള്ളിയച്ചനും സിയോൻ ധ്യാന സെന്ററിന്റെ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. സോണി വാഴകാട്ടച്ചനും രൂപത പ്രൊക്കുറേറ്ററായി നിയമിതനായിരിക്കുന്ന ബഹു. ജിൽസൺ കോക്കണ്ടത്തിലച്ചനും വിയാനി ഭവൻ ഡയറക്ടർ ബഹു. ജോസ് വാഴക്കാലായിലച്ചനും കെ.സി.വൈ.എം. മാനന്തവാടി രൂപത മുഴുവന്റെയും പേരിലുള്ള അഭിനന്ദനങ്ങൾ നേരുന്നു. പുതിയ

ഉത്തരവാദിത്വങ്ങൾ പരിശുദ്ധാത്മ അഭിഷേകത്താൽ നിറഞ്ഞതാകട്ടെ എന്നാശംസിക്കുന്നു.

**അഭിനന്ദനങ്ങൾ**

വിവാഹം എന്ന കൂദാശയിലൂടെ കുടുംബ ജീവിതത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന കെ.സി.വൈ.എം. രൂപത ജനറൽ സെക്രട്ടറി ജിഷിൻ മുണ്ടക്കാത്തടത്തിലിനും വധു പ്രിൻസിക്കും മാനന്തവാടി കെ.സി.വൈ.എം. രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**നന്ദിയോടെ**

കഴിഞ്ഞ വർഷങ്ങളിൽ കെ.സി.വൈ.എം. സഹരക്ഷാധികാരി യായിരുന്ന ബഹു.മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചനും, രൂപത ചാൻസലറായിരുന്ന ബഹു. ജോസഫ് പരുവുമ്മേൽ അച്ചനും, രൂപത പ്രൊക്കുറേറ്ററായിരുന്ന ബഹു. ബെന്നി മുതിരക്കാലായിലച്ചനും, പാസ്റ്ററൽ സെന്റർ ഡയറക്ടറായിരുന്ന ബഹു. മാത്യു പെരിയപ്പുറം അച്ചനും, സിയോൻ ഡയറക്ടറായിരുന്ന ബഹു.മാത്യു മുത്തേടത്തച്ചനും വിയാനി ഭവൻ ഡയറക്ടറായിരുന്ന ബഹു.സണ്ണി മഠത്തിലച്ചനും കെ.സി.വൈ.എം. രൂപത സമിതിയുടെ പേരിലുളള നന്ദി അറിയിക്കുന്നു. പുതിയ പ്രവർത്തനപന്ഥാവിൽ എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

മേഖലകളിൽ ഡയറക്ടർമാരായിരുന്ന് കെ.സി.വൈ.എം. പ്രസ്ഥാനത്തെ കരുത്തോടെ നയിച്ച ബഹുമാനപ്പെട്ട വിൻസെന്റ് കളപ്പുര അച്ചനും (മാനന്തവാടി), ബഹുമാനപ്പെട്ട ജോയി തുരുത്തേലച്ചനും (മണിമൂളി), ബഹുമാനപ്പെട്ട വിനോദ് പാക്കാനിക്കുഴി അച്ചനും (തരിയോട്), ബഹുമാനപ്പെട്ട ജോബി മുക്കാട്ടുക്കാവുങ്കലച്ചനും(നിലമ്പുർ), ബഹുമാനപ്പെട്ട അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിലച്ചനും (നടവയൽ) ആനിമേറ്റേഴ്സ് ആയിരുന്ന സി. ലില്ലി എസ്. എച്ച് (മാനന്തവാടി) സി. ഷാലറ്റ് സി.എം.സി. (കല്ലോടി), സി. വിജയ എസ്.എ. ബി.എസ്. (കൽപ്പറ്റ), സി. എലിസബത്ത് എസ്. സി. വി (പയ്യമ്പള്ളി) എന്നിവർക്കും രൂപതയിലെ മുഴുവൻ കെ.സി.വൈ.എം. പ്രവർത്ത കരുടെയും പേരിലുള്ള കൃതജ്ഞതയർപ്പിക്കുന്നു. പുതിയ മേച്ചിൽ പുറങ്ങൾ ആത്മാവിന്റെ അഭിഷേകത്താൽ നിറയട്ടെ.

**മേഖല വാർത്തകൾ**

**മാനന്തവാടി മേഖല**

ഏപ്രിൽ -7 ന് മാനന്തവാടി മേഖലയുടെ നേതൃത്വത്തിലുള്ള കുരിശിന്റെ വഴി 43-ാം മൈൽ മുതൽ ബോയ്സ് ടൗൺ കുരിശു മലയിലേയ്ക്ക് നടത്തപ്പെടുകയും എല്ലാ യൂണിറ്റിൽ നിന്നും അംഗങ്ങളും ഇടവക ജനങ്ങളും സജീവമായി പങ്കെടുക്കുകയും ചെയ്തു. മേഖലയുടെ നേതൃത്വത്തിൽ ഉച്ചകഞ്ഞി വിതരണം ചെയ്തു.

പുതിയിടം യൂണിറ്റിൽ വച്ച് 22-4-17 ന് മേഖലയുടെ അർദ്ധ വാർഷിക സെനറ്റ് നടത്തി റിപ്പോർട്ട് അവതരിപ്പിച്ച് പാസാക്കി. മുനീശ്വർ കുന്നിലേയ്ക്ക്

ട്രക്കിംങ്ങ് സംഘടിപ്പിച്ചു. പുതിയിടം, പേരിയ യൂണിറ്റുകളിൽ മേഖല ഭാരവാഹികൾ സന്ദർശനം നടത്തി.

**നടവയൽ മേഖല**

29-4-17 ശനിയാഴ്ച്ച ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ വച്ച് സ്ത്രീ സുരക്ഷ കേരളത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി പൊതു ചർച്ചയും സമ്മേളനവും നടന്നു. മേഖല പ്രസിഡണ്ട് ദീപക് ജോഷി വിഷയാവതരണം നടത്തി. മേഖല വൈസ്സ് പ്രസിഡണ്ട് അനു വി ജോയ് വിഷയാവതരണം നടത്തി. അഡ്വ. മേഴ്സി ചർച്ചയ്ക്ക് നേതൃത്വം നൽകി. അഡ്വ. സന്തോഷ് സാമൂഹിക അവബോധത്തെക്കുറിച്ച് സംസാരിച്ചു. മോഖല ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ, ചെറുകാട്ടൂർ ഇടവക വികാരി റവ. ഫാ. ജോർജ്ജ് തേരകം, വാളവയൽ ഇടവക വികാരി റവ. ഫാ. ജോസ് കുളിരാനി എന്നിവർ സംസാരിച്ചു. മേഖല ജോ. സെക്രട്ടറി അജിൻ ഏവർക്കും നന്ദി പറഞ്ഞു. സി. ആഷ്‌ലി സി.എം.സി, സെക്രട്ടറി അനില എന്നിവർ നേതൃത്വം നൽകി.

ഉപരി പഠനത്തിനായി പോകുന്ന ബഹുമാനപ്പെട്ട മേഖല ഡയറക്ടർ അഗസ്റ്റ്യൻ ചിറക്കത്തോട്ടത്തിലച്ചന് യാത്രയപ്പും, മേഖല അർദ്ധവാർഷിക സെനറ്റും, മദേഴ്സ് ഡേ, നഴ്സസ് ഡേ ആഘോഷങ്ങളും 14-5-17 ന് ഹോളി ക്രോസ് ദേവാലയത്തിൽ സംഘടിപ്പിച്ചു. തരിയോട് മേഖല ഡയറക്ടർ ഫാ. അനൂപ് മുഖ്യാതിഥി ആയിരുന്നു. മേഖല പ്രസിഡണ്ട് ദീപക് ജോഷി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ അഗസ്റ്റ്യൻ അച്ചന് യാത്രാ മംഗളങ്ങൾ നേരുകയും രൂപതയുടെ നന്ദി അറിയിക്കുകയും ചെയ്തു. അമ്മമാരെ ആദരിക്കുന്നതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട അമ്മമാർക്ക് മെമന്റോ നൽകി. സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന നഴ്സുമാരെ ആദരിച്ചു. മേഖല സെക്രട്ടറി അനില, ആനിമേറ്റർ സി. ആഷ്‌ലി, സെനറ്റ് മെമ്പർ അലീന എന്നിവർ സംസാരിച്ചു.

**യൂണിറ്റു വാർത്തകൾ**

**കാവുമന്ദം യൂണിറ്റ്**

ഉത്ഥാന തിരുന്നാളിനോടനുമ്പന്ധിച്ച് കെ.സി.വൈ.എം. അംഗങ്ങൾ മനോഹരമായ കല്ലറ ഉണ്ടാക്കുകയും തിരുകർമ്മങ്ങൾ ആഘോഷമാക്കുകയും ചെയ്തു. യൂണിറ്റ് ഫണ്ട് ശേഖരണാർത്ഥം അംഗങ്ങൾ ഒരുമിച്ച് കൊന്തനിർമ്മാണം നടത്തുകയും അത് ഇടവകയിൽ വിൽപ്പന നടത്തി ഫണ്ട് ശേഖരിക്കുകയും ചെയ്തു.

**തൃശിലേരി യൂണിറ്റ്**

ദുഃഖശനിയാഴ്ച്ച ബഹുമാനപ്പെട്ട ഡയറക്ടർ പോളച്ചന്റെ നേതൃത്വത്തിൽ കൊളഗപ്പാറ മലയിലേയ്ക്ക് കുരിശിന്റെ വഴി നടത്തി. പള്ളി നിർമ്മാണ പ്രവർത്തനങ്ങൾക്ക് സഹായ സഹകരണങ്ങൾ തുടരുന്നു.

**ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ**
ജനറൽസെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ മെയ് 7 മുതൽ 10 വരെ നടന്ന കോഴ്സിൽ 116 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബപ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

ജൂൺ 23 - 26 - പാസ്റ്ററൽ സെന്റർ ദ്വാരക

ജൂലൈ 21 -24 - പാസ്റ്ററൽ സെന്റർ ദ്വാരക

മെയ് 14 -ന് ചേർന്ന കുടുംബപ്രേഷിതത്വ ടീം അംഗങ്ങളുടെ മീറ്റിംഗിൽ മുൻ ഡയറക്ടർ റവ.ഫാ. മാത്യു പെരിയപ്പുറത്തിന് യാത്രയയപ്പു നൽകി. രൂപതാ കുടുംബപ്രേഷിതത്വത്തിന് അച്ചൻ നൽകിയ സേവനങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും പുതിയ പ്രേഷിതരംഗമായ പാലേമാട് ഇടവകയിലെ പ്രവർത്തനങ്ങൾക്ക് വിജയാശംസകൾ നേർന്നു.

**മാതൃവേദി**

മെയ് 13-ന് മാതൃവേദി രൂപതാ എക്സിക്യൂട്ടിവ് ചേർന്നു. മാതൃവേദിയുടെ മേഖലാ പ്രവർത്തനങ്ങളെ വിലയിരുത്തി. അമ്മമാരുടെ നേതൃത്വത്തിൽ ഇടവകകളിലും കുടുംബങ്ങളിലും നടക്കേണ്ട പ്രാർത്ഥനകളെക്കുറിച്ചും പ്രവർത്തനങ്ങളെപ്പറ്റിയും സംസാരിച്ചു. ജൂൺ 10 ശനിയാഴ്ച്ച എല്ലാ മേഖലാ ഭാരവാഹികളുടെയും സംഗമം പാസ്റ്ററൽ സെന്ററിൽ വച്ചു രാവിലെ 10 മണിക്ക് നടത്തുന്നു. മേഖലാ ഭാരവാഹികൾ പ്രസ്തുത സംഗമത്തിൽ നിർബന്ധമായും പങ്കെടുക്കണം. എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് മാതൃവേദിയിലെ അമ്മമാർ ഒരു നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലുന്ന കാര്യം ഓർക്കുമല്ലോ.

**നന്ദി**

കഴിഞ്ഞ വർഷങ്ങളിൽ ഫാമിലി അപ്പോസ്റ്റലേറ്റ് ചുങ്കക്കുന്ന്, മാനന്തവാടി, പയ്യമ്പള്ളി, മുള്ളൻകൊല്ലി, കൽപറ്റ, നിലമ്പൂർ, ബത്തേരി, കല്ലോടി മേഖലകളിൽ ഡയറക്ടർമാരായി സേവനമനുഷ്ഠിച്ചിരുന്ന റവ.ഫാ. ജെയിംസ് കുന്നത്തേട്ട്, റവ.ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ, റവ. ഫാ. ചാണ്ടി പുന്നക്കാട്ട്, റവ.ഫാ. ജോഷി പുൽപ്പയിൽ, റവ.ഫാ. വിൻസന്റ് കൊരട്ടിപ്പറമ്പിൽ, റവ.ഫാ. ജോസ് കപ്യാരുമലയിൽ എന്നിവരെ നന്ദിയോടെ ഓർക്കുന്നു. ബഹു. അച്ചൻമാരുടെ നേതൃത്വത്തിൽ രൂപതയിൽ മാതൃവേദി സംഘടനയ്ക്ക് വളർച്ചയുടെ വർഷങ്ങളായിരുന്നു. പുതിയ പ്രവർത്തന മേഖലകളിൽ അച്ചൻമാർക്ക് വിജയവും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**കൽപറ്റ മേഖല**

മെയ് 9-ന് ഡി പോൾ പള്ളിയിൽവച്ച് മേഖലാ ജനറൽബോഡി യോഗവും, ബഹു. തോമസ് പരുന്തനോലിൽ അച്ചന് യാത്രയയപ്പും നൽകി.

**മാനന്തവാടി മേഖല**

മെയ് 8 -ന് പ്രശാന്തഗിരി പള്ളി ഓഡിറ്റോറിയത്തിൽ വച്ചുനടന്ന

മേഖലാ എക്സിക്ക്യൂട്ടിവ് അംഗങ്ങളുടെയും ശാഖാ ആനിമേറ്റർ മാരുടെയും സംയുക്ത യോഗം ചേർന്നു. മേഖലാ ഡയറക്ടറായി സേവനം അനുഷ്ഠിച്ച ബഹു. മൈക്കിൾ വടക്കേമുളഞ്ഞനാൽ അച്ചന് യാത്രയയപ്പു നൽകി. നോമ്പുകാല പ്രവർത്തനത്തിന്റെ ഭാഗമായി Fr. Tessa Special School ഏപ്രിൽ 20ന് സന്ദർശിച്ച് അരിയും, വസ്ത്രവും, പണവും നൽകി. ഈസ്റ്റർ ആശംസകൾ നേർന്നു.

**ചുങ്കക്കുന്ന് മേഖല**

ഏപ്രിൽ 27 -ന് ചുങ്കക്കുന്നിൽ വച്ച് മാതൃവേദിയുടെ സാഹിത്യ മത്സരം നടത്തി. മെയ് 2-ന് അടയ്ക്കാതോട്ടിൽ വച്ച് ബഹു. കുന്നത്തേട്ടച്ചന് യാത്രയയ്പ്പു നൽകി.

**പയ്യമ്പള്ളി മേഖല**

മാർച്ച് 25 -ന് മേരി മാതാ കോളേജിൽ വച്ച് കുരിശിന്റെ വഴി നടത്തി. ഏപ്രിൽ 9-ന് ബഹു. ഫാ. ചാണ്ടി പുനക്കാട്ട് അമ്മമാരുടെ ത്യാഗപൂർണ്ണമായ ജീവിതത്തിന്റെ പ്രാധാന്യത്തെകുറിച്ച് ക്ലാസ്സ് നയിച്ചു. അന്നേ ദിവസം സാഹിത്യമത്സരവും നടത്തി.

**ഇരുളം**

മേഖലാ സാഹിത്യമത്സരത്തിൽ പങ്കെടുത്തു. മാതൃവേദിയുടെ നേതൃത്വത്തിൽ വേളാങ്കണ്ണിയിലേക്ക് തീർത്ഥാടനം നടത്തി. സമൂഹ വളർച്ചയിൽ കുടുംബത്തിന്റെ പങ്ക് എന്ന വിഷയത്തിൽ ശ്രീമതി. ഗ്രേസി ചിറ്റിനപ്പിള്ളി ക്ലാസ്സ് എടുത്തു.

**മഞ്ഞൂറ**

ഡയാലിസിസ് ചെയ്യുന്ന ഒരു വ്യക്തിക്ക് ചികിത്സാ സഹായം നൽകി. ഈസ്റ്ററിന് ഒരു നിർദ്ധന കുടുംബത്തിന് സാമ്പത്തിക സഹായം നൽകി. മേഖലാ സാഹിത്യ മത്സരത്തിൽ കവിത, കഥ, ഉപന്യാസം എന്നിവയ്ക്ക് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**കാവുംമന്ദം**

ഏപ്രിൽ 25,26,27 തീയതികളിൽ മാതൃവേദി അംഗങ്ങൾ തീർത്ഥയാത്ര നടത്തി. ഈസ്റ്ററിന് മുൻപായി പള്ളിയിൽ വരാൻ സാധിക്കാത്തവരുടെ ഭവനങ്ങൾ സന്ദർശിച്ച് കുമ്പസാരത്തിനും, വി. കുർബ്ബാന സ്വീകരണത്തിനുമായി ഒരുക്കുകയും ചെയ്തു.

**പുതിയിടംകുന്ന്**

ഈസ്റ്റർ ദിനത്തിൽ ആകാശപ്പറവകൾക്ക് പൊതിച്ചോറു നൽകി. ഹോസ്പിറ്റൽ മിനിസ്ട്രി നടത്തി. അരിയും സാമ്പത്തിക സഹായവും നൽകി.

**കേളകം**

അമ്മമാർ മലയാറ്റൂർ, ഭരണങ്ങാനം എന്നീ തീർത്ഥാടന സ്ഥലങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. ഇടവകയിലെ ഒരുസാധു പെൺകുട്ടിയുടെ വിവാഹത്തിന് സാമ്പത്തിക സഹായം നൽകി. കൂടാതെ അമ്മമാരുടെ നേതൃത്വത്തിൽ ചക്ക വിഭവങ്ങൾ ഉണ്ടാക്കി അനാഥാലയങ്ങളിൽ കൊടുത്തു.

**മരിയൻ സിംഗിൾസ്**

ഏപ്രിൽ 18 മീറ്റിംഗിൽ 15 പേർ പങ്കെടുത്തു. സി. മരീന ജോസ് എസ്.എച്ച്. നേതൃത്വം നൽകി.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

## സീയോൻ വാർത്തകൾ

**മെയ് 5 വെള്ളി: ടീം മീറ്റിംഗ്**

പതിവുപോലെ ആദ്യവെള്ളിയാഴ്ച സീയോൻ ശുശ്രൂഷകർ മീറ്റിംഗിനായി ഒരുമിച്ചുകൂടി. 6.30 ന് ജാഗരണ പ്രാർത്ഥന ആരംഭിച്ചു. കുരിശിന്റെ വഴിയും തുടർന്ന് വി. കുർബാനയും അർപ്പിച്ചു. രാത്രി 12 ന് ശുശ്രൂഷകൾ സമാപിച്ചു.

**മെയ് 6 ശനി: കൺവെൻഷൻ ദിനം**

മെയ് മാസത്തെ ഏകദിന കൺവെൻഷൻ ശുശ്രൂഷകൾ 'തൊഴിലാളികളെ' സ്മരിച്ചുകൊണ്ടുള്ളതായിരുന്നു. ഒരുക്കശുശ്രൂഷകൾ രാവിലെ 6 ന് ആരംഭിച്ചു. ജപമാല പ്രദക്ഷിണം, വെഞ്ചരിപ്പ് ശുശ്രൂഷ എന്നിവയ്ക്കുശേഷം കൺവെൻഷൻ 8.45 ന് ആരംഭിച്ചു. തലശ്ശേരി അതിരൂപതാ സബ്സോൺ കോർഡിനേറ്റർ ബ്രദർ ഐസൻ തോമസ് പനന്തോട്ടം വചനപ്രഘോഷണം നടത്തി. ഡയറക്ടർ ബഹു. മാത്യു മൂത്തേടത്തച്ചൻ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് അനുഭവസാക്ഷ്യങ്ങൾ, ദിവ്യകാരുണ്യാരാധന, ദിവ്യകാരുണ്യപ്രദക്ഷിണം എന്നിവ നടന്നു. തൊളിലാളികൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. 3.30 pm ന് കൺവെൻഷൻ സമാപിച്ചു.

**മെയ് 13, 2-ാം ശനി: ആത്മീയ ഉപദേശം**

ശുശ്രൂഷകർ ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥിച്ചൊരുങ്ങി ശുശ്രൂഷകൾ ചെയ്തു. ധാരാളം വിശ്വാസികൾക്ക് അനുഭവമായി.

**മെയ് 14-17 : 'മരിയൻ ധ്യാനം'**

മാതാവിന്റെ വണക്ക മാസത്തിൽ 4 ദിവസത്തെ മരിയൻ ധ്യാനം നടത്തി. 111 പേർ പങ്കെടുത്തു.

**മെയ് 19: ജാഗരണ പ്രാർത്ഥന**

വൈകിട്ട് 6 മുതൽ രാവിലെ 6 വരെ നടന്ന രാത്രി ജാഗരണത്തിൽ ശുശ്രൂഷകരും പുറത്തുനിന്നുള്ളവരുമായി ധാരാളമാളുകൾ സംബന്ധിച്ചു.

**മെയ് 7-11: ഇടവക ധ്യാനം**

സീയോൻ ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ മരക്കടവ് ഇടവകയിൽ 5 ദിവസത്തെ ഇടവക നവീകരണ ധ്യാനം നടത്തി.

**മെയ് 12: ഫാത്തിമ മാതാ അനുസ്മരണം**

പരി. അമ്മ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതിന്റെ 100-ാം വാർഷികം അനുസ്മരിച്ച് സീയോൻ ടീം പ്രാർത്ഥനാദിനം ആചരിച്ചു. ബഹു. ഡയറക്ടച്ചൻ വി. കുർബാന അർപ്പിച്ചു. വിയാനിഭവൻ ഡയറക്ടർ ബഹു. സണ്ണി മഠത്തിലച്ചൻ വചന പ്രഘോഷണം നടത്തി. ജപമാല, ആരാധന, കുരിശിന്റെ വഴി, മധ്യസ്ഥപ്രാർത്ഥന എന്നിവ അനുഗ്രഹമായി.

**സീയോൻ ജൂൺ മാസത്തിൽ**

| | | |
|---|---|---|
| ജൂൺ 2 വെള്ളി | - | ടീം മീറ്റിംഗ്, കൺവെൻഷൻ ഒരുക്കം |
| ജൂൺ 3 ശനി | - | ഏകദിന കൺവെൻഷൻ |
| ജൂൺ 10 ശനി: രണ്ടാം ശനി | - | പൊതു ആത്മീയ ഉപദേശം |
| ജൂൺ 16 വെള്ളി: മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| ജൂൺ 17 ശനി | - | ഓസ്സാനാം ഭവൻ ഏകദിന ശുശ്രൂഷ |
| ജൂൺ 18-22 | - | തിരുഹൃദയ സ്നേഹാനുഭവ ധ്യാനം |
| ജൂൺ 24: നാലാം ശനി | - | രോഗിശുശ്രൂഷാദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ടവരെ,

ജൂൺ മാസം കേരളത്തിൽ വിദ്യാഭ്യാസാരംഭത്തിന്റെ മാസമാണല്ലൊ. വിദ്യാഭ്യാസം ഇന്ന് വളരെ ചിലവേറിയതായി മാറിയിരിക്കുകയാണ്. സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസം നല്ലനിലയിൽ നടത്തുകയെന്നത് ചിന്തിക്കാനാവാത്ത അവസ്ഥയിലാണുള്ളത്. സാധാരണക്കാർക്കും വിദ്യാഭ്യാസം ലഭ്യമാകണമെന്ന ഉദ്ദേശത്തോടെ ചാവറയച്ചനാണ് പള്ളികളോടനുബന്ധിച്ച് വിദ്യാലയങ്ങൾ ആരംഭിക്കുവാൻ മുൻകൈ എടുത്തത്. പള്ളികളോടനുബന്ധിച്ചാരംഭിച്ചവയാകയാൽ ഇവ പള്ളിക്കൂടങ്ങൾ എന്നറിയപ്പെടുവാൻ തുടങ്ങി. ഈ പള്ളിക്കൂടങ്ങൾ സമൂഹത്തിലെ പാവപ്പെട്ടവർക്കും, താഴ്ന്ന ജാതിക്കാർക്കും അക്ഷരാഭ്യാസം നേടുന്നതിനുള്ള ആലയങ്ങളായി മാറി. എന്നാൽ ഇന്ന് വിദ്യാഭ്യാസം കച്ചവടമാകുന്ന ദുരവസ്ഥയാണുള്ളത്. ഇതിനെ മറികടക്കുവാൻ പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസചിലവുകൾ ഏറ്റെടുക്കുവാൻ ഓരോ വിൻസെൻഷ്യനും കടമയുണ്ട്. പാഠപുസ്തകങ്ങളും, വസ്ത്രങ്ങളും, മറ്റ് പഠനോപകരണങ്ങളും പാവപ്പെട്ട കുട്ടികൾക്ക് ലഭ്യമാക്കുവാൻ നാം മുന്നിട്ടിറങ്ങണം. ദൈവം നമുക്ക് ഒട്ടേറെ കഴിവുകൾ ദാനമായി നല്കിയിട്ടുണ്ട്. ഈ കഴിവുകളും ദാനങ്ങളും ദൈവഹിതത്തിനനുസൃതമായി വിനിയോഗിക്കുന്നുണ്ടോയെന്ന് നാം ആത്മശോധന ചെയ്യണം. കാലം നമുക്കായി കാത്തുനില്ക്കുകയില്ല. ചെയ്യേണ്ട നന്മകൾ ചെയ്യാതെ -അപരന്റെ വേദനകൾ അവഗണിച്ചാണ് നാം ജീവിക്കുന്നതെങ്കിൽ-യജമാനനിൽനിന്നും തനിക്ക് ദാനമായി ലഭിച്ച താലന്ത് മണ്ണിൽ കുഴിച്ചിട്ട മൂഢനായ ഭൃത്യനും നാമും തമ്മിൽ എന്താണ് വ്യത്യാസം. കർത്താവിന്റെ പ്രവർത്തികളിൽ അലസനായിരിക്കുന്നവൻ ശപിക്കപ്പെട്ടവനാണ് (ജെറമിയ-48:10)

2017-മെയ് ഒമ്പതിന് നടവയൽ ഓസാനാം ഭവനിൽ സി.സി. യോഗം നടന്നു. സി.സി. പ്രസിഡന്റ് ബ്രദർ ജോർജ്ജ് ആക്കാന്തിരി അധ്യക്ഷം വഹിച്ചു. ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ സ്വാഗതമാശംസിച്ചു. മുൻമാസത്തെ പ്രവർത്തന റിപ്പോർട്ട് സി.സി. ജനറൽ

സെക്രട്ടറി ബ്രദർ ബാബു നമ്പുടാകം അവതരിപ്പിച്ചു. സി.സി. വരവ്-ചിലവ് കണക്ക് സി.സി. ട്രഷറർ ബ്രദർ എൻ.യു. ജോൺ അവതരിപ്പിച്ചു. ഓസാനാംഭവൻ പ്രവർത്തന റിപ്പോർട്ടും കണക്കും സെക്രട്ടറി വിൻസെന്റ് ജോൺ വടക്കുഞ്ചേരി അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം കണക്കുകളും റിപ്പോർട്ടും യോഗം അംഗീകരിച്ചു. മാനന്തവാടി എ.സി. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട എ.സി.ജോൺ സത്യപ്രതിജ്ഞ ചെയ്തു. സി.സി.വൈസ് പ്രസിഡന്റ് ബ്രദർ തോമസ് മാങ്ങൻ സത്യപ്രതിജ്ഞാ വാക്യങ്ങൾ ചൊല്ലിക്കൊടുത്തു. പ്രവർത്തനം നിർജ്ജീവമായ എ.സി.കൾക്കു കീഴിലുള്ള കോൺഫ്രൻസുകളുടെ യോഗം സി.സി.നേരിട്ട് വിളിക്കുവാൻ തീരുമാനിച്ചു. സി.സി. ഭാരവാഹികൾ എ.സി.കൾ സന്ദർശിക്കുവാനുള്ള തീയതിയും സമയവും നിശ്ചയിച്ച് അതാത് എ.സി.പ്രസിഡന്റുമാർ വിവരം സി.സി.യിൽ അറിയിക്കുവാൻ തീരുമാനിച്ചു.

ചാരിറ്റി ഇടവകയിൽ സെന്റ് വിൻസെന്റ് ഡി.പോൾ സൊസൈറ്റി നേതൃത്വം നല്കി ഏഴ് ലക്ഷം രൂപ മുടക്കി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പ് നടന്നു. ഇതിനായി പ്രയത്നിച്ച കോൺഫ്രൻസ് അംഗങ്ങളെയും ഭാരവാഹികളെയും, നേതൃത്വം നല്കിയ ഇടവക വികാരിയച്ചനെയും അനുമോദിക്കുന്നു. എല്ലാവർക്കും പ്രർത്ഥനാ മംഗളങ്ങൾ ആശംസിക്കുന്നു.

സ്നേഹപൂർവം,

**ബ്രദർ ജോർജ്ജ് ആക്കാന്തിരി**

സി.സി. പ്രസിഡന്റ്

**നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ, തൊണ്ടർനാട് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്ന സമഗ്ര ആദിവാസി വികസന പദ്ധതി കാര്യക്ഷമമായി പുരോഗമിക്കുന്നു. പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവിപ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനുമായി നബാർഡ് കേരള റീജിയണൽ ഓഫീസിൽ നിന്നും നബാർഡ് അസി ജനറൽ മാനേജർ ശ്രീ. പ്രേംകുമാർ സന്ദർശനം നടത്തി. പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി വില്ലേജ് പ്ലാനിംഗ് കമ്മിറ്റി യോഗം ചേരുകയും പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്തു. കൂടാതെ പാലോട്, കാവിൽപ്പാടം, എടമുണ്ട എന്നിവിടങ്ങൾ സന്ദർശിക്കുകയും കൃഷിയിടങ്ങൾ പരിശോധിക്കുകയും ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയിൽ പൂർണ്ണ സംതൃപ്തി രേഖപ്പെടുത്തി.

**പങ്കെടുത്തു**

ലോകത്തിൽ ജൈവകൃഷി വ്യാപനത്തിന് നേതൃത്വം നൽകുന്ന ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഓർഗാനിക് അഗ്രികൾച്ചർ മൂവ്മെന്റ് (IFOAM) സൗത്ത് കൊറിയായിലെ സോളിൽ വച്ച് സംഘടിപ്പിച്ച ജൈവകൃഷി ലോകനേതാക്കന്മാരുടെ സമ്മേളനത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. ജോസ് പി.എ. പങ്കെടുത്തു. 2017 ഏപ്രിൽ 20 മുതൽ 30 വരെ നടന്ന സമ്മേളനത്തിൽ വിവിധ രാഷ്ട്രങ്ങളിൽ നിന്നായി 24 പേർ പങ്കെടുത്തു. ജൈവകൃഷി നയരൂപീകരണവുമായി ബന്ധപ്പെട്ടു നടന്ന സമ്മേളനം വരുന്ന 05 വർഷങ്ങളിൽ ലോകത്തിൽ അനുവർത്തിക്കേണ്ട ജൈവകൃഷി മാനദണ്ഡങ്ങൾക്ക് കരട് തയ്യാറാക്കുകയും ഔദ്യോഗിക ജൈവകൃഷിയുടെ മൂന്നാം ഘട്ടത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

**നാടൻ കുരുമുളക് സംരക്ഷണ പദ്ധതി (Traditional Pepper Conservation Project)**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന

നാടൻ കുരുമുളക് സംരക്ഷണ പദ്ധതിയുടെ പ്രവർത്തനം ബോയ്സ് ടൗണിൽ പുരോഗമിക്കുന്നു. പദ്ധതിയോടനുബന്ധിച്ചുള്ള ഫീൽഡ് സർവ്വേയും നടീൽ വസ്തുക്കളുടെ ശേഖരണവും നടന്നു. തരുവണ, നടയ്ക്കൽ, പേരിയ, മക്കിയാട് എന്നീ സ്ഥലങ്ങളിലെ പാരമ്പര്യ കുരുമുളക് കർഷകരെ സന്ദർശിക്കുകയും നാടൻ ഇനങ്ങളുടെ നടീൽ വസ്തുക്കൾ ശേഖരിക്കുകയും ചെയ്തു.

ഇതിനോടകം വിവിധ ഫീൽഡ് സർവ്വേകളിൽ നിന്നുമായി 40 വിവിധ ഇനങ്ങളിൽപ്പെട്ട കുരുമുളകിനങ്ങൾ ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ മാസം ലഭിച്ചത് വെള്ളനാമ്പൽ (വെളുപ്പ്) വയനാടൻ ബോൾട്ട് (വലുത്), ബാലൻകൊട്ട (ചെറുത്) തുടങ്ങിയ ഇനങ്ങൾ ആണ്. ലഭിച്ച നടീൽ വസ്തുക്കൾ ബോയ്സ് ടൗണിലെ നഴ്സറിയിൽ നട്ടുവളർത്തുന്നു. ജൈവകൃഷിയും ബയോഡയനാമിക് മാതൃകാ കൃഷിരീതിയും അവലംബിച്ചുകൊണ്ടാണ് തൈകൾ വളർത്തുന്നത്.

കുരുമുളകിനങ്ങളുടെ ജീൻബാങ്ക് (Gene bank) നിർമ്മിക്കുവാനുള്ള സ്ഥലത്ത് രണ്ടുരീതിയിലുള്ള കൃഷിരീതിയാണ് അവലംബിക്കുന്നത്. ഒന്നാമത്തെ മാതൃകയിൽ, സിൽവർ (Silver oak) കൊന്ന (Glyrecedium) തുടങ്ങിയ വൃക്ഷങ്ങൾ കുരുമുളകിന്റെ താങ്ങുകാലുകളായി ഉപയോഗിക്കുന്നു. രണ്ടാമത്തെ രീതിയിൽ ഇരുമ്പുനെറ്റുകൾ (Iron nets) ഉറപ്പിച്ചിട്ടുള്ള ഇരുമ്പുതൂണുകൾ ഉപയോഗിക്കുന്നു. ഇതിന്റെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ഈ മാസം അവസാനത്തോടെ ഇതിന്റെ പ്രവർത്തനം പൂർത്തിയാക്കും.

ഈ പദ്ധതിയുടെ ഭാഗമായി ബോയ്സ് ടൗണിൽ നിരവധി കർഷകർ സന്ദർശിക്കുകയും കുരുമുളകിനങ്ങൾ മനസിലാക്കാൻ അവസരം ലഭിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ പ്രാധാന്യം പ്രധാന മാധ്യമങ്ങൾ ഈ മാസം റിപ്പോർട്ട് ചെയ്യുകയുണ്ടായി. നാടൻ കുരുമുളകിനങ്ങൾ നഴ്സറിയിൽ നട്ടു സംരക്ഷിക്കുന്നതിനോടൊപ്പം നബാർഡിന്റെ (WADI) പദ്ധതിയിലേക്ക് ആവശ്യമായ കുരുമുളക് തൈകളുടെ നഴ്സറി പ്രവർത്തനങ്ങളും കഴിഞ്ഞമാസം നടത്തി. പദ്ധതിക്കാവശ്യമായ വരാണസി കമ്പോസ്റ്റിന്റെ നിർമ്മാണവും കഴിഞ്ഞ മാസം ബോയ്സ് ടൗണിൽ നടന്നു.

**കേരളാ ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്നു. കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

തൊഴിലാളികളുടെ ആദ്ധ്യാത്മികവും സാംസ്കാരികവും സാമ്പത്തികവും സാമൂഹികവുമായ പുരോഗതിക്ക് വേണ്ടിയും തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുവേണ്ടിയും പ്രവർത്തിക്കുകയാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

**കേരള ചെറുകിട തോട്ടം തൊഴിലാളി ഫോറം (KCTTF)**

കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ പാസ് ബുക്ക് ക്ഷേമനിധി ഓഫീസിൽ വന്നിട്ടുണ്ട്. ID കാർഡ്, ഫോട്ടോ എന്നിവ സഹിതം അംഗങ്ങൾ നേരിട്ട് കൈപ്പറ്റേണ്ടതാണെന്ന് ക്ഷേമനിധി ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്.

**കേരള ടൈലറിംഗ് വർക്കേഴ്സ് ഫോറം (KTWF)**

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാകാൻ അപേക്ഷ തന്നവരുടെ സിറ്റിംഗ് ജൂൺ 10 ന് കൽപ്പറ്റ ക്ഷേമനിധി ഓഫീസിൽ നടക്കും.

**ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി**

കേരള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തിലുള്ള പി.എസ്.സി/ഗവ. അംഗീകൃത കോഴ്സായ ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. എസ്.എസ്.എൽ.സിയാണ് അടിസ്ഥാന യോഗ്യത. രണ്ടുവർഷമാണ് കോഴ്സിന്റെ കാലയളവ്. 15000/- രൂപയാണ് ഫീസ്. ഇത് കൂടാതെ ഹ്രസ്വകാല സാങ്കേതിക പരിശീലനങ്ങൾക്കും പ്രവേശനം ആരംഭിച്ചിരിക്കുന്നു. (ഫാബ്രിക് പെയിന്റിംഗ്, ഗ്ലാസ്സ് പെയിന്റിംഗ്, ഫ്ളവർ മേക്കിംഗ്, മിഷ്യൻ എംബ്രോയിഡറി, ഹാൻഡ് എംബ്രോയ്ഡറി, കട്ടിംഗ് & ടെയ്‌ലറിംഗ്) രണ്ടുവർഷത്തെ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഗവ. അംഗീകൃത സർട്ടിഫിക്കറ്റ് നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് : 8547346329 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**സോഷ്യൽ വെൽഫയർ സൊസൈറ്റി**

ജനകീയ സംഘടനാ പ്രവർത്തനങ്ങൾ വിവിധ സോഷ്യൽ വെൽഫയർ സൊസൈറ്റികൾ കേന്ദ്രീകരിച്ച് നടന്നുവരുന്നു. സെക്രട്ടറി, CDO അംഗങ്ങൾക്ക് വേണ്ടി നടത്തിയ മാസമീറ്റിംഗിൽ ക്യാൻസർ സുരക്ഷയുമായി ബന്ധപ്പെട്ട ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു.

വിവിധ SWS കളുടെ വാർഷിക സമ്മേളനങ്ങൾ നടത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. വനിത സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ടുപോകുന്നു. വിവിധ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത ഗ്രൂപ്പുകൾക്ക് നബാർഡ് അനുവദിക്കുന്ന NRLM ഫണ്ട് ലഭിക്കുകയുണ്ടായി. അതോടൊപ്പം മുന്നോക്ക

വികസന ഫണ്ട് ആയ 'സമുന്നതി' ലഭിച്ചതും വനിതാ സ്വാശ്രയ സംഘങ്ങൾക്ക് ആശ്വാസമായി. സംഘടനകളുടെ പ്രവർത്തനങ്ങളോടൊപ്പം വിവിധ വായ്പകൾ പുതുക്കി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ആശാകിരണം**

കാരിത്താസ് ഇന്ത്യ നടപ്പിലാക്കുന്ന ക്യാൻസർ സുരക്ഷാ പദ്ധതിയായ ആശാകിരണം മാനന്തവാടി രൂപതയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിൽ വരുത്തുന്നു. ആശാകിരണം പദ്ധതിയുടെ രൂപതാതല ഉദ്ഘാടനം ഏപ്രിൽ 19 ബുധനാഴ്ച മാനന്തവാടി മുൻസിപ്പാലിറ്റി ചെയർമാൻ ശ്രീ. വി.ആർ. പ്രവീൺ WSSS ഓഡിറ്റോറിയത്തിൽ നിർവ്വഹിച്ചു. മാനന്തവാടി കത്തീഡ്രൽ വികാരി റവ. ഫാ. ജോർജ് മൈലാടൂർ അദ്ധ്യക്ഷനായിരുന്ന പരിപാടിയിൽ കാരിത്താസ് ഇന്ത്യ അസി. ഡയറക്ടർ റവ. ഫാ. പോൾ മൂഞ്ഞേലി മുഖ്യപ്രഭാഷണം നടത്തി. കാരിത്താസ് ഇന്ത്യ സോണൽ മാനേജർ ഡോ. വി. ആർ. ഹരിദാസ് ക്യാൻസർ സുരക്ഷയുമായി ബന്ധപ്പെട്ട സെമിനാർ നയിച്ചു. മാനന്തവാടി മുൻസിപ്പിൽ കൗൺസിലർ ശ്രീ.എ. ഉണ്ണികൃഷ്ണൻ, ശ്രീമതി സിസിലി, ശ്രീ. അഭിലാഷ്, ശ്രീമതി സിബി പൗലോസ് എന്നിവർ ആശംസ അറിയിച്ചു. WSSS ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ സ്വാഗതവും പ്രോഗ്രാം ഓഫീസർ ശ്രീ. പി.എ. ജോസ് നന്ദിയും പറഞ്ഞു.

ക്യാൻസർ രോഗനിർമ്മാർജനം പ്രതിരോധ മാർഗ്ഗങ്ങൾ, ക്യാൻസർ ബാധിത സംരക്ഷണം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ പങ്കാളിത്താധിഷ്ഠിതമായി നടപ്പിൽ വരുത്തുന്നതിന് ആശാകിരണം പദ്ധതിയിലൂടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ലക്ഷ്യമിടുന്നു.

**ജലനിധി**

11-05-2017 ന് ബത്തേരി ഗ്രേറ്റ് ജൂബിലി ഹോട്ടലിൽ വച്ച് നടന്ന എക്സിക്യൂട്ടീവ് ഡയറക്ടറുടെ അവലോകന യോഗത്തിൽ ഏറ്റവും ആദ്യം എല്ലാ പദ്ധതികളും കമ്മീഷൻ ചെയ്ത എടവക ഗ്രാമപഞ്ചായത്തിലെ സഹായ സംഘടന എന്ന നിലയിൽ WSSS നും, സ്റ്റാഫിനും എക്സിക്യൂട്ടീവ് ഡയറക്ടറുടെയും, മീറ്റിംഗിൽ പങ്കെടുത്ത മറ്റ് ഉദ്യോഗസ്ഥരുടെയും, മറ്റ് സഹായസംഘടനകളുടെയും അഭിനന്ദനം ലഭിച്ചു.

സ്കീമുകളുടെ ഓഡിറ്റ്, എക്സിറ്റ് ഉൾപ്പെടെയുള്ള നടപടികൾക്കായി RPMU വിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇവ പൂർത്തീകരി

ക്കുന്ന മുറയ്ക്ക് എടവക ഗ്രാമപഞ്ചായത്തിലെ ജലനിധി പ്രവർത്തന ങ്ങൾ പൂർത്തീകരിക്കുന്നതാണ്.

**സേവ് എ ഫാമിലി പ്ലാൻ**

സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ സമൂഹ ത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുവാനുള്ള ഈ പദ്ധതിയിൽ ഇന്ന് മാനന്തവാടി രൂപതയിലെ 330 കുടുംബങ്ങൾ പങ്കാളികളാണ്.

സേവ് എ ഫാമിലി പ്ലാനിൽ ഉൾപ്പെട്ട കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കായി വ്യക്തിത്വവികസന ക്യാമ്പ് സംഘടിപ്പിച്ചു. ഏപ്രിൽ 25, 26, 27 തീയതികളിലായി ബോയ്സ് ടൗണിൽ വച്ചു നടന്ന ക്യാമ്പിൽ കുട്ടികൾക്ക് അനുദിന ജീവിതത്തിൽ ഉപകാരപ്രദമായ വിവിധ വിഷയ ങ്ങളെക്കുറിച്ച് പ്രഗത്ഭരായ വ്യക്തികൾ ക്ലാസ്സെടുത്തു.

സേവ് എ ഫാമിലി പ്ലാനിൽ ഉൾപ്പെടുത്താനായി അർഹതപ്പെട്ട കുടുംബങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. പുൽപ്പള്ളി, പൂതാടി, മുള്ളൻകൊല്ലി, പടിഞ്ഞാറത്തറ, മാനന്തവാടി, തവിഞ്ഞാൽ, തൊണ്ടർനാട്, തിരുനെല്ലി പഞ്ചായത്തുകളിൽപ്പെട്ട ഇടവകകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് WSSS ഓഫീസുമായി ബന്ധപ്പെടുക.

**DDU-GKY**

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥ വിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് നടപ്പിൽ ആക്കുന്നത്.

DDU-GKY ഇതുവരെ 201 കുട്ടികളെ രണ്ടു കോഴ്സുകളിലായി പഠിപ്പിക്കുകയും 164 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു. ഇതിൽ ഏഴു കുട്ടികൾക്ക് വിദേശ രാജ്യങ്ങളിൽ ആണ് ജോലി നൽകിയിരിക്കു ന്നത്. മുപ്പതോളം കുട്ടികളെ വിദേശരാജ്യങ്ങളിൽ ജോലി നൽകുന്നതി നുള്ള കമ്പനി പരിശീലനത്തിലാണ് ഇപ്പോൾ.

അടുത്ത മൂന്നുവർഷത്തേക്ക് പുതിയ കോഴ്സുകൾക്ക് സർക്കാർ അംഗീകാരം കിട്ടിയിട്ടുണ്ട്. ഫുഡ് പ്രോസിസ്സിംഗ്, ഫാഷൻ ഡിസൈൻ,

ബിപിഒ എന്നീ കോഴ്സുകൾ ആണ് നടപ്പിലാക്കുന്നത്. താത്പര്യമുള്ളവർ എത്രയും വേഗം WSSS മായി ബന്ധപ്പെടുക.

മാനന്തവാടി, കൽപ്പറ്റ, ബത്തേരി മുൻസിപ്പാലിറ്റിയിൽ ഉള്ളവർക്ക് ഫുഡ് പ്രോസസ്സിംഗ്, ഫാഷൻ ഡിസൈൻ എന്നീ കോഴ്സുകൾ NULM മായി ചേർന്ന് ആരംഭിക്കുന്നു. താത്പര്യമുള്ളവർ എത്രയും വേഗം കൽപ്പറ്റ മുൻസിപ്പാലിറ്റിയുമായോ WSSS ഓഫീസുമായോ ബന്ധപ്പെടുക.

**വികാസ്പീഡിയ**

വികാസ്പീഡിയ സമൂഹവികസനത്തിന്റെ കാതലായ മേഖലകൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് താഴെ തട്ടിലുള്ള ജനസമൂഹങ്ങൾക്ക് ഉൽപ്പന്നത്തെക്കുറിച്ചും വിവിധ തരത്തിലുള്ള സേവനങ്ങളെ കുറിച്ചും അവരുടെ തനതായ ഭാഷയിൽ ആവശ്യമായ അറിവ് പകർന്നു കൊടുക്കുന്നു. ഇന്ത്യയിലെ എല്ലാ ഔദ്യോഗിക ഭാഷകളിലും വികാസ് പീഡിയ പോർട്ടൽ ആരംഭിച്ചിരിക്കുന്നു. സാധാരണ ജനവിഭാഗങ്ങൾക്ക് ഉപകാരപ്രദമാകുന്ന ഒട്ടനവധി സംരംഭങ്ങൾ ഈ വിജ്ഞാന ശേഖരത്തിലൂടെ പകർന്നുകൊടുക്കുന്നു. വികാസ് പീഡിയ പോർട്ടൽ ഇന്ത്യയിൽ നടപ്പിലാക്കുന്നത് ഹൈദരാബാദിലുള്ള സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ് (C-DAC) ഭാരതസർക്കാരിന്റെ വിവര സാങ്കേതിക മന്ത്രാലയത്തിന്റെ മേൽനോട്ടത്തിലാണ് ദിവസേന വിവിധയിനം വാർത്തകളും പല പരിപാടികളെകുറിച്ചുള്ള അറിവും ജനങ്ങളിൽ എത്തിക്കുന്നു. ഹോം പേജിൽ ഏറ്റവും പുതിയ ഇനങ്ങൾ, മുന്തിയ അനുപാതത്തിലുള്ള താളുകൾ, ഏറ്റവും പുതിയ ചർച്ചകൾ, ഉപയോക്താക്കളുടെ അഭിപ്രായങ്ങൾ, പ്രതികരണങ്ങൾ, സ്വാധീനം ചെലുത്തിയ കഥകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

2017 മെയ് 17-ാം തീയതി പത്തനംതിട്ട ജില്ലാതല ശില്പശാല നടത്തപ്പെട്ടു. 40 ഓളം പേർ ശില്പശാലയിൽ പങ്കെടുത്തു. വികാസ്പീഡിയായുടെ പ്രവർത്തനങ്ങളെയും പോർട്ടൽ വഴി സമൂഹത്തിന് ലഭ്യമാകുന്ന ഗുണഫലങ്ങളെയും വിലയിരുത്തി പുതിയ പ്രവർത്തനങ്ങൾക്ക് രൂപം നൽകുവാൻ ശില്പശാലയിൽ സാധ്യമായി. വികാസ് പീഡിയായുടെ പ്രചരണാർത്ഥം മറ്റു സംഘടനകളോടും ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളോടും സഹകരിച്ച് വിവിധ പരിപാടികളിൽ വികാസ്പീഡിയ സന്നദ്ധപ്രവർത്തകർ പങ്കെടുത്തു.

**ഫാ. ബിജോ കറുകപ്പള്ളി**

ഡയറക്ടർ, വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി

# ബയോവിൻ അഗ്രോ റിസർച്ച്

## (ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയും അനുബന്ധ മേഖലകളും)

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടെയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവകീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസ കീടനാശിനികളും തീർത്തും ഒഴിവാക്കി ചെടി വളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർത്ഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിതനിലവാരം അവരുടെ ഉല്പ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നതിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്രലഭ്യതാ പദ്ധതിയിൽ ഏപ്രിൽ മാസം വിവിധ പ്രവർത്തനങ്ങൾ നടത്തുവാനും കർഷകരുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുവാനും സാധിച്ചു. ഏപ്രിൽ മാസം പുതുതായി 148 കർഷകർ കൂടി പദ്ധതിയിൽ അംഗങ്ങളായി എത്തുകയും ഫീൽഡ് കോർഡിനേറ്റർമാർ, ഫീൽഡ് മോണിറ്ററിംഗ് ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ**

കർഷക ഗ്രൂപ്പുകൾ ശക്തിപ്പെടുത്തുന്നതിനും കർഷകർക്ക് ജൈവകാർഷിക വൃത്തിയും കൃഷി രീതികളും കാലഘട്ടത്തിനനുസരിച്ച് ക്രമപ്പെടുത്തുന്നതിനുമാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന്റെയും ഭാഗമായി വില്ലേജു തലത്തിൽ വില്ലേജ് ഫാം ക്ലബ്ബുകളുടെ (VFC) മീറ്റിംഗുകൾ വിവിധയിടങ്ങളിലായി നടന്നുവരുന്നു. 11 യോഗങ്ങളിൽ ഫീൽഡ് കോർഡിനേറ്റർമാർ/ഫീൽഡ് മോണിറ്ററിംഗ് ഓഫീസർമാർ എന്നിവർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്തു.

**സെമിനാറുകൾ സംഘടിപ്പിച്ചു**

ജൈവ വളക്കൂട്ടുകളുടെ നിർമ്മാണവും അവയുടെ ഉപയോഗവും കർഷകരെ പഠിപ്പിക്കുന്നതിനും ബോധവത്ക്കരിക്കുന്നതിനുമായി വയനാട് ജില്ലയിൽ ഉടനീളം വിവിധ വില്ലേജുകൾ കേന്ദ്രീകരിച്ച് 22 സെമിനാറുകൾ നടത്തി. ഏഴാംചിറ, ചെറുകാട്ടൂർ, കണിയാരം, വെൺമണി, പയ്യമ്പള്ളി, ചുരിയാറ്റ, മക്കിമല, അമരക്കുനി, സുരഭിക്കവല, താവണി, താഴത്തൂർ, ഇരുളം, വടുവഞ്ചാൽ, തോമാട്ടുചാൽ, ആണ്ടൂർ, അരംപറ്റക്കുന്ന്, കളത്തുവയൽ, കാട്ടിമൂല, ആലാറ്റിൽ, തോണിച്ചാൽ, പുതിയിടംകുന്ന്, ചൊവ്വ എന്നിവിടങ്ങളിലാണ് സെമിനാറുകൾ നടന്നത്. കുമാരി റീബ, കുമാരി ലിജി എന്നിവർ ക്ലാസ്സുകൾ നയിക്കുകയും കർഷകർക്ക് പ്രായോഗിക പരിശീലനം നൽകുകയും ചെയ്തു. 22 സെമിനാറുകളിലായി 587 കർഷകർ പങ്കെടുത്തു.

**ഇന്റേണൽ ഇൻസ്പെക്ഷൻ**

പുതുതായി അംഗങ്ങളായ കർഷകരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനും ഉത്പ്പന്നങ്ങൾ സംഭരിക്കുന്നതിനുമുള്ള ആദ്യ കൃഷിയിട പരിശോ

ധന ഫീൽഡ് കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഇന്റേണൽ ഇൻസ്പെക്ടർമാർ നടത്തി വരുന്നു.

**ഫെയർട്രേഡ്**

**സംഭരണം**

കർഷകരിൽ നിന്നും ഏപ്രിൽ മാസം 343841.15 കിലോ കാപ്പി, 78 –100 രൂപ നിരക്കിലും 17070.95 കിലോ കുരുമുളക് 640 രൂപ നിരക്കിലും, 1015.9 കിലോ പച്ച മഞ്ഞൾ 24 രൂപ നിരക്കിലും, 30783.8 കിലോ പച്ചഇഞ്ചി 33.4 രൂപ നിരക്കിലും, 348.5 കിലോ പച്ചകുരുമുളക് 230 രൂപ നിരക്കിലും, 19 കിലോ ജാതിക്ക 275 രൂപ നിരക്കിലും, 0.4 കിലോ ജാതിപത്രി 900 രൂപ നിരക്കിലും, 63.8 കിലോ ഗ്രാമ്പൂ 800–1050 രൂപ നിരക്കിലും, 3 കിലോ ഉണക്ക മഞ്ഞൾ 130 രൂപ നിരക്കിലും, 46.4 കിലോ ഏലം 1600 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ മാർച്ച് മാസത്തിലും കാപ്പി, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, പൈനാപ്പിൾ, ചക്ക, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**ബയോലാന്റിന്റെ പ്രവർത്തനങ്ങൾ**

**കാപ്പി**

ജൈവകർഷകരിൽ നിന്നും ഉണങ്ങിയ കാപ്പി ശേഖരിച്ച് പ്രത്യേകമായി സജീകരിച്ച യന്ത്രങ്ങളുടെ സഹായത്തോടെ പരിപ്പ് കുത്തിയെടുത്ത് അവയുടെ വലിപ്പത്തിനനുസരിച്ച് വിവിധ ഗ്രെയ്ഡുകളായി വേർതിരിച്ച് നിശ്ചിത ഈർപ്പത്തിൽ ചണച്ചാക്കുകളിൽ സൂക്ഷിക്കുകയും ആവശ്യാനുസരണം വിപണിയിലെത്തിക്കുകയും ചെയ്യുന്നു. പ്രധാനമായും 9 ഗ്രെയ്ഡുകളായാണ് കാപ്പി പരിപ്പ് തരം തിരിക്കുന്നത്. കർഷകരിൽ നിന്നും പഴുത്ത കാപ്പി ശേഖരിച്ച് യന്ത്ര സഹായത്തോടെ പുറം തൊലി മാറ്റി കഴുകി ഉണക്കിയതിനുശേഷം ഗ്രെയ്ഡ് തിരിച്ച് പാക്ക് ചെയ്ത് വിപണനം നടത്തുന്നു. ഇതിനെ പാർച്ച്മെന്റ് കോഫി എന്നു പറയുന്നു.

**കുരുമുളക്**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉണങ്ങിയ കുരുമുളക് വിവിധ പ്രക്രിയകളിലൂടെ അഴുക്ക്, പൊടി, അന്യ പദാർത്ഥങ്ങൾ എന്നിവ വേർതിരിക്കുകയും ചെറിയ മണികൾ വേർതിരിക്കുകയും ചെയ്യുന്നു. ശേഷം വലിപ്പത്തിനനുസരിച്ച് കുരുമുളകിനെ വിവിധ ഗ്രെയ്ഡുകളാക്കി തരം തിരിക്കുന്നു. TGSEB, TGEB, MG 1, Jumbo, Bulk എന്നിവയാണ് പ്രധാന ഗ്രെയ്ഡുകൾ ഇവ ആവി കടത്തിവിട്ട് അണുവിമുക്തമാക്കുകയും ശേഷം നിശ്ചിത ഈർപ്പത്തിൽ ഉണക്കിയെടുത്ത് പ്രത്യേകം സജ്ജീകരിച്ച ചാക്കുകളിൽ സംഭരിക്കുകയും ചെയ്യുന്നു. ആവശ്യാനുസരണം കുരുമുളക് പൊടിയായും ചതച്ചെടുത്തതും വിപണിയിലെത്തിക്കുന്നു.

**ഇഞ്ചി**

പച്ച ഇഞ്ചി കർഷകരിൽ നിന്നും സംഭരിക്കുകയും അവയിൽ നിന്നും മണ്ണ്, കല്ല് തുടങ്ങിയ അന്യ പദാർത്ഥങ്ങൾ വേർതിരിക്കുകയും കഴുകി വൃത്തിയാക്കുകയും ചെയ്യുന്നു. ശേഷം യന്ത്രത്തിന്റെ സഹായത്തോടെ കഴുകുകയും ഒരേ വലിപ്പത്തിൽ അരിഞ്ഞെടുക്കുകയും ചെയ്യുന്നു. ഇവ സോളാർ ഡ്രെയിങ് യാർഡിൽ കനം കുറച്ച് നിരത്തി 5–6 ദിവസം ഉണക്കി സൂക്ഷിക്കുന്നു. അരിയാതെ തൊലി കളഞ്ഞും ഇഞ്ചി സംസ്കരിച്ചെടുക്കുന്നുണ്ട്. യന്ത്ര സഹായത്തോടെ അരിഞ്ഞെടുത്ത ഇഞ്ചി പൊടിയാക്കി മാറ്റിയും വിപണിയിലെത്തിക്കുന്നു.

**മഞ്ഞൾ**

പച്ചമഞ്ഞൾ യന്ത്ര സഹായത്തോടെ പുഴുങ്ങി ഉണങ്ങിയ ശേഷം പുറം ഭാഗം പോളീഷ് ചെയ്യുന്നു. ഇവ മുഴുവനായും പൊടിയായും വിപണിയിലെത്തിക്കുന്നതാണ് ഒരു രീതി. പച്ച മഞ്ഞൾ കഴുകി വൃത്തിയാക്കിയതിനുശേഷം യന്ത്ര സഹായത്തോടെ അരിഞ്ഞെടുക്കുകയും അവ ആവി കടത്തിവിട്ടും അല്ലാതെയും ഉണക്കി സൂക്ഷിക്കുകയും ആവശ്യാനുസരണം പൊടിയായോ സ്ലൈസായോ വിപണിയിലെത്തിക്കുന്നത് മറ്റൊരു രീതി.

**ഗ്രാമ്പു, ഏലം, ജാതി, ജാതിപത്രി, മറ്റു സുഗന്ധ വ്യഞ്ജനങ്ങൾ**

കർഷകരിൽ നിന്നും സംഭരിക്കുന്ന എല്ലാ സുഗന്ധവ്യഞ്ജനങ്ങളും തരംതിരിച്ച് അന്യപദാർത്ഥങ്ങൾ വേർതിരിച്ച് പ്രത്യേകമായി ഓരോ സ്ഥലങ്ങളിൽ സംഭരിക്കുന്നു. ആവശ്യാനുസരണം പൊടിയായോ, ഗ്രെയ്ഡുകളായോ വിപണിയിലെത്തിക്കുന്നു.

**ഫ്രീസ് ഡ്രയിങ്**

പഴങ്ങളും പച്ചക്കറികളുമാണ് പ്രധാനമായും ഫ്രീസ് ഡ്രയിങ് പ്രക്രിയയിലൂടെ സംസ്കരിച്ചെടുക്കുന്നത്. കൈതച്ചക്ക, കപ്പളങ്ങ, മാങ്ങ, വാഴപ്പഴം, ചക്ക, തേങ്ങ, പച്ച കുരുമുളക്, പച്ച ഇഞ്ചി, നെല്ലിക്ക, ചിക്കൂ തുടങ്ങിയവയാണ് ഇവിടെ പ്രധാനമായും സംസ്കരിക്കുന്നത്. സംഭരിച്ച ഉത്പ്പന്നങ്ങൾ വൃത്തിയാക്കി, അരിഞ്ഞെടുത്ത് പ്രത്യേകം തയ്യാറാക്കിയ യന്ത്ര സഹായത്തോടെ ആദ്യം തണുപ്പിക്കുകയും ശേഷം ഉണങ്ങിയെടുക്കുകയുമാണ് ചെയ്യുന്നത്. ജലാംശം കുറക്കുന്നതിന് വേണ്ടിയാണിത്. തന്മൂലം ഉത്പ്പന്നത്തിന്റെ കാലാവധി കൂടുന്നു. മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ കവറുകളിൽ നൈട്രജൻ സാന്നിധ്യത്തിൽ വായു കടക്കാതെ സൂക്ഷിച്ചു വയ്ക്കുന്നു.

**ജൈവകർഷക സംഗമം 2017**

'വായു ജലം മണ്ണ് – നമുക്കും വരും തലമുറയ്ക്കും' എന്ന സുസ്ഥിര മുദ്രാവാക്യവുമായി പ്രകൃതി സംരക്ഷണവും കർഷക വികസനവും ലക്ഷ്യമാക്കി ജൈവകാർഷിക കൂട്ടായ്മയ്ക്ക് നേതൃത്വം നല്കിയ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി (WSSS) യുടെയും, ജൈവകാർഷിക ഉത്പ്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കുന്നതിനും ജൈവകാർഷിക വിപുലീകരണത്തിനുമായി രൂപംകൊണ്ട WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷ (WOFFA) ന്റെയും ജൈവഉത്പ്പന്നങ്ങളുടെ സംഭരണവും മൂല്യവർദ്ധനവും വിപണനവും വഴി കർഷകർക്ക് സുസ്ഥിരമായ വിപണി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ രൂപംകൊണ്ട ബയോവിൻ അഗ്രോ റിസേർച്ചിന്റെയും സംയുക്താഭിമുഖ്യത്തിൽ 2017 മെയ് 11 ന് സുൽത്താൻ ബത്തേരിയിൽ 'ജൈവകർഷക സംഗമം' സംഘടിപ്പിച്ചു. കർഷക പങ്കാളിത്തം

കൊണ്ട് വയനാടൻ കാർഷിക സംസ്കൃതിയുടെ നേർക്കാഴ്ചയാവുകയായിരുന്നു ഈ സംഗമം.

കർഷക സംഗമത്തിന് മുന്നോടിയായി രാവിലെ 9 മണിയോടെ ബത്തേരി അസംപ്ഷൻ ജംഗ്ഷനിൽ നിന്നും ആരംഭിച്ച ജൈവ നടത്തം ബത്തേരി അസംപ്ഷൻ ഫൊറോനാ പള്ളി വികാരി റവ. ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ ഉദ്ഘാടനം ചെയ്തു. സംഗമ വേദിയായ ഫാ. മത്തായി നൂറനാൽ മെമ്മോറിയൽ ഓഡിറ്റോറിയത്തിൽ ജൈവനടത്തം സമാപിക്കുകയും ചെയ്തു.

നബാർഡ് സി.ജി.എം. ശ്രീ. വി.ആർ രവീന്ദ്രനാഥ് ജൈവകർഷക സംഗമം ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപതാ ബിഷപ്പ് മാർ ജോസ് പൊരുന്നേടം അധ്യക്ഷത വഹിച്ചു. ജൈവ കൃഷി പുസ്തക പ്രകാശനം മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു. കാരിത്താസ് ഇന്ത്യ, ഡൽഹി എൻ.ആർ.എം.മാനേജർ ഡോ. ഹരിദാസ് മുഖ്യപ്രഭാഷണം നടത്തി. ബയോവിൻ, വയനാടൻ ലോഗോയുടെ പ്രകാശനം യഥാക്രമം കെഎസ്എസ്എഫ് കോട്ടയം ഡയറക്ടർ റവ. ഫാ. ജോർജ് വെട്ടിക്കാട്ടിൽ, സു. ബത്തേരി മുൻസിപ്പൽ ചെയർമാൻ ശ്രീ. സഹദേവൻ എന്നിവർ നിർവ്വഹിച്ചു. ജൈവരീതിയിൽ ഉത്പ്പാദിപ്പിക്കുന്ന ഉത്പ്പന്നങ്ങളുടെ ചില്ലറ വ്യാപാരം കൊച്ചി ഡി ജി എഫ് റ്റി, ജോ.ഡയറക്ടർ ശ്രീ. മുത്തുരാജ് ആർ ഉദ്ഘാടനം ചെയ്തു. അസി. അഗ്രി. ഓഫീസർ ശ്രീ. സെബാസ്റ്റ്യൻ ജോസഫ് മികച്ച ജൈവ കർഷകരെ ആദരിച്ചു. ബയോവിൻ വയനാടൻ ലോഗോകൾ രൂപകൽപ്പന ചെയ്തവരെ യഥാക്രമം ശ്രേയസ് ഡയറക്ടർ റവ. ഫാ. ടോണി കൊഴിമണ്ണിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ ആദരിച്ചു. നബാർഡിന്റെ ജൈവകൃഷി പ്രോത്സാഹന പരിപാടികൾ നബാർഡ് എ.ജി.എം. ശ്രീ. എൻ. എസ്. സജികുമാർ, ബാങ്കിംഗ് ധനകാര്യ സമ്പർക്ക സംവിധാനം കണ്ണൂർ എൽ ബി എ, ശ്രീ. എൻ.ബി. മുകുന്ദനും പരിചയപ്പെടുത്തി.

ശ്രീ. മാത്യു ഉണ്ണിപ്പള്ളിൽ, WOFFA സെക്രട്ടറി, WSSS, ബയോവിൻ പി. ആർ. ഒ. ശ്രീ. പി.എ. ജോസ്, കഫേ വൈസ് പ്രസിഡന്റ് ശ്രീ. എം.എം. ചന്തു മാസ്റ്റർ എന്നിവർ പ്രസംഗിച്ചു.

ബയോവിൻ അഗ്രോ റിസേർച്ച് ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ സ്വാഗതവും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ നന്ദിയും പറഞ്ഞു.

എക്കോ ടൂറിസം രംഗത്ത് ഏറെ പ്രാധാന്യമുള്ള വയനാട് ജില്ലയിൽ പ്രകൃതി സംരക്ഷണവും ജൈവകാർഷിക സംസ്കാരവും രൂപപ്പെടുത്തുന്നതിൽ അക്ഷീണ യത്നം ചെയ്യുന്ന പന്ത്രണ്ടായിരത്തിലധികം കർഷകരുൾപ്പെടുന്ന ഒരു കൂട്ടായ്മ പ്രവർത്തിക്കുന്നു എന്നത് സർക്കാർ ശ്രദ്ധയിൽ കൊണ്ടുവരിക, എന്താണ് ജൈവകൃഷിയെന്ന ആശയം സാധാരണ ജനങ്ങളിലെത്തിക്കുക, സർക്കാർ-കാർഷിക ഉദ്യോഗസ്ഥർ എന്നിവരുമായുള്ള കർഷകരുടെ ബന്ധം കൂടുതൽ മെച്ചപ്പെടുത്തുക, കൂടുതൽ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക തുടങ്ങിയവയായിരുന്നു സംഗമത്തിന്റെ ലക്ഷ്യങ്ങൾ.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**'കമ്മ്യൂണിറ്റി റേഡിയോ വീഡിയോ ചലഞ്ച് 2017' അവാർഡ്; മാറ്റൊലിക്ക് മറ്റൊരു ദേശീയ പുരസ്കാരം കൂടി**

കോമൺവെൽത്ത് എഡ്യുക്കേഷണൽ മീഡിയ സെന്റർ ഫോർ ഏഷ്യ സംഘടിപ്പിച്ച കമ്മ്യൂണിറ്റി റേഡിയോ വീഡിയോ ചലഞ്ച് 2017 ഹ്രസ്വ ചിത്രമത്സരത്തിൽ റേഡിയോ മാറ്റൊലി നിർമ്മിച്ച് അതുൽ രാജ് പി സംവിധാനം ചെയ്ത ഒത്താൽ (If Possible) എന്ന ഹ്രസ്വ ചിത്രത്തിന് ഒന്നാം സമ്മാനം ലഭിച്ചു. ഡൽഹിയിലെ ഇന്ത്യ ഇന്റർനാഷണൽ സെന്ററിൽ മെയ് 17 ന് നടന്ന ചടങ്ങിൽ ചിത്രത്തിന്റെ സംവിധായകൻ അതുൽ രാജ് പി യും റേഡിയോ മാറ്റൊലിയ്ക്ക് വേണ്ടി റവ.ഡോ. ജോസ് മുരിക്കനും ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി. 50000 രൂപയാണ് സമ്മാനത്തുക. ചെന്നൈ സത്യഭാമ യൂണിവേഴ്സിറ്റി വിഷ്വൽ മീഡിയ വിദ്യാർത്ഥിയായ അതുൽ രാജ് റേഡിയോ മാറ്റൊലിയുടെ ഇന്റേണും വോളണ്ടിയറുമാണ്. റേഡിയോ മാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസറും ടെക്നീഷ്യനുമായ ശ്രീകാന്ത് കെ.യാണ് രചന, ചിത്രസംയോജനം എന്നിവ നിർവ്വഹിച്ചിരിക്കുന്നത്. വിദ്യാർത്ഥികളായ ആൻ സാം ജസ്റ്റിൻ, റോബിൻസ് എന്നിവരാണ് അഭിനേതാക്കൾ. സുസ്ഥിര വികസനത്തിന് കമ്മ്യൂണിറ്റി റേഡിയോയുടെ പങ്ക് എന്ന ആശയത്തെ അടിസ്ഥാനമാക്കിയായിരുന്നു മത്സരം. ലഭിച്ച 100 ൽ പരം എൻട്രികളിൽ നിന്നാണ് ഒത്താൽ ഒന്നാം സ്ഥാനത്ത് എത്തിയത്. റേഡിയോ മാറ്റൊലി പ്രോഗ്രാം ഡയറക്ടർ ഫാ. ജസ്റ്റിൻ മാത്യുവിന്റെ നേതൃത്വത്തിലാണ് ഈ ചിത്രം നിർമ്മിച്ചത്. എല്ലാവർക്കും അനുമോദനങ്ങൾ!.

**മാനേജ്മെന്റ് കമ്മിറ്റി**

ഏപ്രിൽ 29 ന് റേഡിയോ മാറ്റൊലി മാനേജ്മെന്റ് കമ്മിറ്റി ചേർന്നു. മോൺസിഞ്ഞോർ മാത്യു മാടപ്പള്ളിക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം മാറ്റൊലി രക്ഷാധികാരിയും മാനന്തവാടി രൂപതാദ്ധ്യക്ഷനുമായ ബിഷപ്പ് മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. 2012–2015, 2015– 2017 എന്നീ കാലയളവുകളിൽ മാനേജ്മെന്റ് കമ്മിറ്റിയിൽ പ്രവർത്തിച്ച വിരമിക്കുന്ന അംഗങ്ങൾക്ക്

നന്ദിയർപ്പിച്ചു. റവ. ഫാ. സ്റ്റീഫൻ മാത്യു, ശ്രീ. ജോസ് സെബാസ്റ്റ്യൻ, ശ്രീ. ഇ. ജി. ജോസഫ്, ശ്രീ. ബാവ കെ. പാലുകുന്ന്, റവ. സിസ്റ്റർ ഇന്നസെന്റ് MSMI, ശ്രീമതി മോളി ജോസ്, ശ്രീമതി സുലോചന രാമകൃഷ്ണൻ, ശ്രീ. ഷാജൻ ജോസ് എന്നിവർ വളരെ സ്തുത്യർഹമായ നേതൃത്വമാണ് മാറ്റൊലിയിൽ കാഴ്ചവച്ചത്. രക്ഷാധികാരി മാർ ജോസ് പൊരുന്നേടം ഇവരെ മെമന്റോയും ഉപഹാരവും നൽകി ആദരിച്ചു. സ്ഥാപക സ്റ്റേഷൻ ഡയറക്ടർ ഫാ. തോമസ് ജോസഫ് തേരകം ഇവർ ഓരോരുത്തർക്കും അനുമോദനങ്ങളും കൃതജ്ഞതയും അർപ്പിച്ച് സംസാരിച്ചു. തുടർന്നും വിദഗ്ധ ഉപദേശകരായി ഇവരുടെ സേവനം മാറ്റൊലിയ്ക്ക് സംലഭ്യമാകേണ്ടത് അനിവാര്യമാണെന്ന് സ്വാഗതപ്രസംഗത്തിൽ ഡയറക്ടർ സൂചിപ്പിച്ചു. ഇവർക്ക് ഒരിക്കൽക്കൂടി നന്ദിയും അനുമോദനങ്ങളും.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേലിന് യാത്രയയപ്പ്**

29.04.17ന് റേഡിയോ നിലയത്തിൽ കൂടിയ മാറ്റൊലിയുടെ മാനേജ്മെന്റ് കമ്മിറ്റിയംഗങ്ങളും ഉള്ളടക്ക സമിതിയംഗങ്ങളും സ്റ്റാഫംഗങ്ങളും ടീമംഗങ്ങളും വോളന്റിയേഴ്സും പങ്കെടുത്ത പൊതുയോഗത്തിൽ വച്ച് മാനേജ്മെന്റ് കമ്മിറ്റി ചെയർമാനായി മാറ്റൊലിയെ നയിച്ച മോൺസിഞ്ഞോർ അച്ചന് യാത്രയയപ്പു നൽകി. സ്റ്റേഷൻ ഡയറക്ടറും സ്ഥാപക സ്റ്റേഷൻ ഡയറക്ടറും അദ്ദേഹത്തിന് നന്ദിയർപ്പിച്ചു സംസാരിച്ചു. അഭിവന്ദ്യപിതാവ് മാറ്റൊലിയുടെ സ്നേഹോപഹാരം അദ്ദേഹത്തിന് കൈമാറി.

**ആദരിച്ചു**

PhD നേടിയ ബാവ കെ. പാലുകുന്നിനേയും അംബേദ്കർ അവാർഡ് നേടിയ റവ. സി. ഇന്നസെന്റ് MSMI യേയും ബിഷപ് പൊന്നാടയണിയിച്ച് ആദരിച്ചു.

**നന്ദിപൂർവ്വം**

റേഡിയോ മാറ്റൊലിയുടെ മാനേജ്മെന്റ് കമ്മിറ്റി ചെയർമാനായി കഴിഞ്ഞ ഏഴുവർഷം സ്തുത്യർഹമായി സേവനം ചെയ്ത മാനന്തവാടി രൂപതയുടെ മുൻവികാരി ജനറാൾ മാത്യു മാടപ്പള്ളിക്കുന്നേലിന് മാറ്റൊലി കുടുംബത്തിന്റെ പേരിലുള്ള ഹൃദയപൂർവ്വമായ നന്ദിയും കടപ്പാടും അറിയിക്കുന്നു. പുതിയ അജപാലന മേഖലയിൽ സർവ്വൈശ്വര്യങ്ങളും പ്രാർത്ഥനയും നേരുന്നു. അതോടൊപ്പം മാനന്തവാടി രൂപതയിൽ ചാൻസലറും പ്രൊക്യുറേറ്ററും എന്ന നിലയിൽ കഴിഞ്ഞ നാളുകളിൽ മാറ്റൊലിയ്ക്ക് മാർഗ്ഗനിർദ്ദേശകരായിരുന്ന ബഹു. ജോസഫ് പരുവുമ്മേലച്ചനും ബഹു. ജോസഫ് മുതിരക്കാലായിലച്ചനും നന്ദിയും വിജയാശംസകളും നേരുന്നു.

**സുസ്വാഗതം**

സാമൂഹിക റേഡിയോ മാറ്റൊലിയുടെ മാനേജ്മെന്റ് കമ്മിറ്റി ചെയർമാനായി നിയുക്തനായിരിക്കുന്ന മാനന്തവാടി രൂപതയുടെ പുതിയ വികാരി ജനറാൾ മോൺ. അബ്രഹാം നെല്ലിക്കലച്ചന് മാറ്റൊലി കുടുംബത്തിലേക്ക് ഊഷ്മളമായ സ്വാഗതം നേരുന്നു. അതോടൊപ്പം രൂപതയുടെ പുതിയ ചാൻസിലർ റവ. ഫാ. സജി നെടുങ്കല്ലേൽ, പ്രൊക്യുറേറ്റർ റവ.ഫാ. ജിൽസൺ കോക്കണ്ടത്തിൽ എന്നിവർക്കും റേഡിയോ മാറ്റൊലി നേതൃത്വത്തിലേക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**കണ്ടന്റ് മോണിറ്ററിംഗ് കമ്മിറ്റി**

മാറ്റൊലിയുടെ പ്രക്ഷേപണത്തിന്റെ ഉള്ളടക്കം വിലയിരുത്തുന്നതിനായി രൂപീകരിച്ചിരിക്കുന്ന കണ്ടന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗം ഏപ്രിൽ 29 ന് രാവിലെ 11 മണി മുതൽ 1 മണി വരെ റേഡിയോ നിലയത്തിൽ നടന്നു.

**കമ്മ്യൂണിറ്റി റേഡിയോ അസ്സോസിയേഷൻ – കേരളം**

കേരളത്തിലെ പ്രവർത്തനക്ഷമമായ കമ്മ്യൂണിറ്റി റേഡിയോകളെ ഏകോപിപ്പിച്ച് ഒരു അസ്സോസിയേഷൻ രൂപീകരിച്ച് മുന്നേറുക എന്ന ലക്ഷ്യമിട്ട്, മാറ്റൊലി മുൻകൈ എടുത്ത് രൂപീകൃതമാകുന്ന സംഘടനയുടെ രണ്ടാമത് യോഗം തിരുവല്ല മാക്ഫാസ്റ്റ് റേഡിയോ നിലയത്തിൽ നടന്നു. സ്റ്റേഷൻ ഡയറക്ടർ യോഗത്തിൽ സംബന്ധിച്ച് സംഘടനയുടെ നിയമാവലിയുടെ കരടും UNESCO Delhi meeting ന്റെ റിപ്പോർട്ടും നിർദ്ദേശങ്ങളും അവതരിപ്പിക്കുകയും ചെയ്തു.

**മാറ്റൊലി ഐക്യദാർഢ്യ നിധി**

റേഡിയോ തീഷ്ണമതിയായ ശ്രോതാവും മാറ്റൊലിയുടെ ഗുണകാംക്ഷിയുമായ ഒരു വ്യക്തിയുടെ മകളുടെ ചികിത്സാർത്ഥം ഐക്യദാർഢ്യനിധിയിൽ നിന്നും സഹായം നൽകി.

**മാറ്റൊലി വിദ്യാഭ്യാസ സഹായനിധി**

ഒരു പ്ലസ് ടു വിദ്യാർത്ഥിനിക്ക് ലാപ് ടോപ്പ് കമ്പ്യൂട്ടർ നൽകി. ധനസഹായം സംഘടിപ്പിച്ച സി. പെറ്റി തെരേസിനും സഹായം നൽകിയ പേരു വെളിപ്പെടുത്താനാഗ്രഹിക്കാത്ത ഉപകാരിക്കും ഒത്തിരി നന്ദിയും പ്രാർത്ഥനാശംസകളും.

**തത്സമയ ഫോൺ ഇൻ പരിപാടി**

**ഡോ. വി. ജിതേഷ് (DSO)**

മഞ്ഞപ്പിത്തം, ഡെങ്കിപ്പനി മറ്റ് പകർച്ച വ്യാധികൾ എന്നിവയ്ക്കെതിരെ സ്വീകരിക്കേണ്ട മുൻകരുതലുകളെകുറിച്ച് റേഡിയോ മാറ്റൊലി തത്സമയ ഫോൺ ഇൻ പരിപാടി പ്രക്ഷേപണം

ചെയ്തു. ജില്ലയിൽ പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ചുമതല വഹിക്കുന്ന ഡോ. വി. ജിതേഷ് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞു. മുൻകാലങ്ങളെ അപേക്ഷിച്ച് ജില്ലയിൽ എച്ച് വൺ എൻ വൺ രോഗം വ്യാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് ഡോ. ജിതേഷ് പറഞ്ഞു. ഗർഭിണികൾ ഉൾപ്പെടെയുള്ളവർ രോഗത്തിനെതിരെ ജാഗ്രത പാലിക്കണം. തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാൻ ശ്രദ്ധിക്കണമെന്നും ശുചിത്വം ഉറപ്പാക്കണമെന്നും ഡോ. ജിതേഷ് ആവശ്യപ്പെട്ടു.

**എ.പി അശോക് കുമാർ (RTO)**

സുരക്ഷിതമാക്കാം നമ്മുടെ റോഡുകൾ എന്ന തത്സമയ ഫോൺ ഇൻ പരിപാടി പ്രക്ഷേപണം ചെയ്തു. മഴക്കാലത്ത് റോഡപകടങ്ങൾ വർദ്ധിക്കാനുള്ള സാഹചര്യം കണക്കിലെടുത്ത് എല്ലാ ഡ്രൈവർമാരും വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കണമെന്ന് ആർ.ടി.ഒ. എ.പി.അശോക് കുമാർ പറഞ്ഞു. വാഹനത്തിന്റെ ലൈറ്റ്, വൈപ്പർ, ബ്രേക്ക് തുടങ്ങിയവ വേണ്ടപോലെ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തണം. വാഹനങ്ങളിൽ സ്കൂൾ കുട്ടികളെ കുത്തിനിറച്ച് കൊണ്ടു പോകുന്നതിനെതിരെ മാതാപിതാക്കൾ ജാഗ്രത പാലിക്കണമെന്നും ആർ.ടി.ഒ ആവശ്യപ്പെട്ടു.

**മേഘദൂത് –തത്സമയം**

ജന്മദിനം, വിവാഹ വാർഷികം തുടങ്ങിയ വിശേഷാവസരങ്ങളിൽ ആശംസകൾ അറിയിക്കുന്ന പരിപാടിയുടെ തത്സമയ പ്രക്ഷേപണം ആരംഭിച്ചു. എല്ലാ ദിവസവും രാവിലെ 09.00 മണിമുതൽ 09.40 വരെയാണ് പരിപാടി. ശ്രോതാക്കളിൽ നിന്ന് വളരെ നല്ല പ്രതികരണമാണ് ലഭിക്കുന്നത്.

**വൈദ്യുതി സംരക്ഷണവാരം**

മെയ് 1 മുതൽ വൈദ്യുതി സംരക്ഷണവാരമായി ആചരിക്കുന്നതിന്റെ ഭാഗമായി പ്രത്യേക ബോധവത്കരണ പരിപാടി പ്രക്ഷേപണം ചെയ്തു. അസി. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അനിൽകുമാർ പി.കെ പരിപാടിയിൽ പങ്കെടുത്തു.

**ഗ്രാമമാറ്റൊലി**

ഗ്രാമമാറ്റൊലി പള്ളിക്കുന്ന് പ്രദേശത്ത് നടന്നു. ദേശവാസികളുടെ സർഗ്ഗശേഷികളും വിശേഷങ്ങളും സ്വപ്നങ്ങളും ആവശ്യങ്ങളും ഉൾക്കൊള്ളുന്ന വിവിധ പരിപാടികൾ പ്രക്ഷേപണം ചെയ്തു. ഗ്രാമമാറ്റൊലിയിൽ പങ്കെടുത്തവരെ ഉൾപ്പെടുത്തി നടത്തിയ നറുക്കെടുപ്പിൽ വിജയിച്ച അശ്വന്തിന് റേഡിയോ സെറ്റ് സമ്മാനമായി നൽകി.

**പാനൽ ചർച്ച**

പ്ലസ് ടുവിനു ശേഷം ഏത് കോഴ്സ് തെരഞ്ഞെടുക്കണം എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. SCERT Co Resource Person M.K Rajendran, Higher Secondary Career Guidence cell State Faculty Manoj John എന്നിവർ ചർച്ചയിൽ പങ്കെടുത്തു. Senior Career Councilor Dr. Bava K Palukunnu മോഡറേറ്ററായിരുന്നു.

## Internship

വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും കോളേജിൽ നിന്നും താഴെ പറയുന്നവർ സാമൂഹിക റേഡിയോ മാറ്റൊലിയിൽ ഇന്റേൺഷിപ്പ് നടത്തുന്നു.

a) Laiju Xavior - Christ University, Bangalore
b) Gopika T K – Govt.Eng. College, Kannur
c) Athira T – Govt.Eng. College, Kannur
d) Greeshma P -– Govt.Eng. College, Kannur
e) Rahina Raveendran – Govt.Eng. College, Kannur
f) Ashna .E – Govt.Eng. College, Kannur
g) Nandhulal M.S - Amrutha University, Mysore
h) Sharon Jose - Amrutha University, Mysore
i) Alphy Abraham - Kristu Jayanthi College, Bangalore
j) Divya Alex - St. Aloysius College, Mangaluru
k) Sarath Krishna -Central University of Tamilnadu -Thiruvarur
l) Amala T Chacko - Central University of Tamilnadu -Thiruvarur

**ജർമ്മൻ വിദ്യാഭ്യാസ വിനിമയ സന്ദർശനം**

പിന്നോക്ക ജില്ലയായ വയനാട്ടിലെ നടവയൽ ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും ഒരു ഡസനോളം കുട്ടികളെ ഒരു മാസത്തെ വിദ്യാഭ്യാസവിനിമയ സംരംഭത്തിന് ജർമ്മനിയിലേക്ക് നയിച്ച മാറ്റൊലി മാനേജ്മെന്റ് കമ്മിറ്റിയംഗം റവ. സി. ക്രിസ്റ്റീനയ്ക്ക് അനുമോദനങ്ങൾ.

**ഡിവൈൻ ജോർജ്ജിന് നന്ദി**

സാമൂഹിക റേഡിയോ മാറ്റൊലിയിൽ ടെക്നീഷ്യനും പ്രൊഡ്യൂസറുമായി രണ്ടുവർഷകാലം സേവനം ചെയ്ത് വിരമിക്കുന്ന ഡിവൈൻ ജോർജ്ജിന് മാറ്റൊലി കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനകളും.

**പങ്കാളിത്തം**

ദ്വാരക നവചിന്തവായനശാലയുടെ പുതിയ കെട്ടിടോദ്ഘാടനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പൊതുയോഗത്തിൽ സ്റ്റേഷൻ ഡയറക്ടർ സംബന്ധിച്ച് ആശംസകളർപ്പിച്ചു. മംഗലശ്ശേരി സെന്റ്സെബാ

സ്റ്റ്യൻസ് ചർച്ചിന്റെ രജത ജ ൂബിലിയാഘോഷ സമാപന സമ്മേളന ത്തിൽ സ്റ്റേഷൻഡയറക്ടർ സംബന്ധിച്ച് മുഖ്യപ്രഭാഷണം നടത്തി.

**മാനന്തവാടി പ്രസ്സ് ക്ലബ് പഠന വിനോദയാത്ര**

മാനന്തവാടി പ്രസ്സ് ക്ലബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച യാത്രയിൽ മാറ്റൊലിയെ പ്രതിനിധീകരിച്ച് ശ്രീ. റെനീഷ് ആര്യപ്പിള്ളിൽ പങ്കെടുത്തു.

**ജൂബിലി മംഗളങ്ങൾ**

സമർപ്പിത ജീവിതത്തിന്റെ രജതജൂബിലി ആചരിക്കുന്ന മാറ്റൊലി മുൻ ടീം അംഗം റവ. സി. മോളി SKD യ്ക്ക് മാറ്റൊലി കുടുംബത്തിന്റെ പ്രാർത്ഥനാ പൂർവ്വകമായ ജൂബിലി ആശംസകൾ!

**അനുശോചനം**

വയനാട്ടിലെ മുതിർന്ന പത്രപ്രവർത്തകനും ജനയുഗം പത്രത്തിന്റെ ജില്ലാ ബ്യൂറോ ചീഫുമായ വി. ജി വിജയന്റെ നിര്യാണത്തിൽ റേഡിയൊ മാറ്റൊലി അനുശോചനം രേഖപ്പെടുത്തി. സ്റ്റേഷൻ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ, പ്രസ്സ് ക്ലബ് മെമ്പർ റെനീഷ് ആര്യപ്പിള്ളിൽ എന്നിവർ അദ്ദേഹത്തിന്റെ മൃതദേഹത്തിൽ റീത്ത് സമർപ്പിച്ച് അന്തിമോപചാരം അർപ്പിച്ചു.

**സ്വാഗത സംഘം – മാറ്റൊലിക്കൂട്ടം**

2017 മെയ് 31 ന് ദ്വാരക എ.യു.പി സ്കൂളിൽ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ നടക്കുന്ന മാറ്റൊലിയുടെ 9 ാം പിറന്നാൾ ആഘോഷത്തിനായുള്ള പ്രാദേശിക സ്വാഗതസംഘം ദ്വാരക റേഡിയോ നിലയത്തിൽ നടന്ന മീറ്റിംഗിൽ രൂപീകരിച്ചു. എടവക ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഉഷാ വിജയൻ ചെയർമാനും വാർഡ് മെമ്പർ സുബൈദ പുളിയോടിയിൽ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എം. പി വത്സൻ എന്നിവർ വൈസ് ചെയർമാൻമാരും ശ്രീ. ഷാജൻ ഗുരുകുലം കൺവീനറും, ശ്രീ. പ്രേമരാജൻ, ശ്രീ. ബിനു, ശ്രീ. മാണി എന്നിവർ വിവിധ കമ്മിറ്റികളുടെ കൺവീനർമാരുമായി സ്വാഗത സംഘം രൂപീകരിച്ചു.

**സന്ദർശനങ്ങൾ**

മഹാരാഷ്ട്രയിലെ ചാന്ദ രൂപതാ ബിഷപ്പ് മാർ എഫ്രേം നരികുളം റേഡിയോ മാറ്റൊലിയിൽ സന്ദർശനം നടത്തി. കേരള യൂണിവേഴ്സിറ്റിയിൽ താളിയോലകളെ കുറിച്ച് റിസർച്ച് നടത്തുന്ന ഫാ. ബൈജു മുകളേൽ മാറ്റൊലി സന്ദർശിച്ചു.

മൊതക്കരയിൽ നിന്നും മാതൃവേദി അംഗങ്ങൾ മാറ്റൊലി സന്ദർശിച്ചു.

**ഫാ. മനോജ് കാക്കോനാൽ**– അസി. ഡയറക്ടർ

**April-May 2017**

The semester examinations have been in full swing during vacation. The incumbent Manager of the college, Rev Fr Chandy Punakkattu, is leaving the position after creditably serving the college for five years and Rev Fr George Myladoor will take his place shortly. On behalf of the college community, I gratefully acknowledge the service rendered by Rev Fr Chandy Punakkattu. Admissions to the degree programmes will soon start and the online registration for the same can be done through the link provided on the Kannur University website. The admission schedule will be notified on the University website. The college offers UG Programmes in Mathematics, Zoology, Computer Science, Physics, Chemistry, Functional English and Commerce; PG Programmes in Computer Science and Mathe matics. Admissions to the PG Programmes will begin after the declaration of the Degree results by the University. The college will reopen on June 1, 2017 after the summer vacation.

**Dr. Savio James V** - Principal

## CEADOM *വിദ്യാഭ്യാസ മേഖല*

പ്രിയ കുഞ്ഞുങ്ങളെ, ഒരു പുതിയ അധ്യയനവർഷം കൂടി ആരംഭിക്കുന്നു. പുതുമകൾ മാത്രം തേടുന്ന ഈ ആധുനിക യുഗത്തിൽ, നിങ്ങളെക്കുറിച്ച് വലിയ സ്വപ്നങ്ങളും പ്രതീക്ഷകളുമായി, നിങ്ങൾ വലിയവരായി കാണാനാഗ്രഹിച്ചുകൊണ്ട് സ്കൂളിലേയ്ക്ക് പറഞ്ഞയക്കുന്ന മാതാപിതാക്കളുടെ പ്രാർത്ഥനകളും സ്വപ്നങ്ങളും യാഥാർഥ്യമാക്കാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ധാരാളം ദൈവാനുഗ്രഹങ്ങളും വിജയങ്ങളും ആശംസിക്കുന്നു. പ്രിയ അധ്യാപകരേ, വിദ്യയെന്ന ധനം ഏറ്റവും അമൂല്യവും അത്യന്താപേക്ഷിതവുമാണെന്ന ആഴമായ ബോധ്യത്തിൽ നിങ്ങളുടെ മുമ്പിലേയ്ക്കുവരുന്ന കുരുന്നുമനസുകളെ രൂപപ്പെടുത്തുവാൻ എല്ലാ അധ്യാപകർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ പുതിയ അധ്യയനവർഷത്തിന്റെ എല്ലാ വിധ നന്മകളും എല്ലാവർക്കും ആശംസിക്കുന്നു.

### HM പ്രമോഷൻ & ട്രാൻസ്ഫർ

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ന്യൂനപക്ഷപദവി ലഭിച്ച വിദ്യാലയങ്ങളിലെ 2017-2018 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാദ്ധ്യാപക നിയമനത്തിനുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള HS, UP & LP പ്രാധാനാധ്യാപകരുടെ പ്രമോഷനും ട്രാൻസ്ഫറും പ്രസിദ്ധീകരിച്ചു.

HS:- ശ്രീ. റ്റോമി. എൻ.യു - കബനിഗിരി നിർമ്മല എച്ച്.എസ്,
ശ്രീ. പൗലോസ് ഇ.കെ - നടവയൽ സെന്റ് തോമസ് എച്ച്.എസ്.

UPS:- ശ്രീ. സെബാസ്റ്റ്യൻ ആന്റണി - ഇടിവണ്ണ സെന്റ് തോമസ് യു.പി.എസ്.

LPS:- ശ്രീ. സജി ജോൺ - ആടിക്കൊല്ലി ദേവമാതാ എൽ.പി.എസ്

പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തിരിക്കുന്ന പ്രധാനാധ്യാപകർക്ക് പ്രത്യേകം അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

### പ്രധാനാദ്ധ്യാപക സമ്മേളനം 24th ജൂൺ 2017

സ്ക്കൂൾ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുക, കുട്ടികളുടെ പഠന നിലവാരവും പഠനാനുബന്ധ പ്രവർത്തനവും കൂടുതൽ മെച്ചപ്പെട്ടതാക്കുക, പുതിയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക, അഭിപ്രായങ്ങൾ

ആരായുക തുടങ്ങിയവയ്ക്ക് വേണ്ടി 2017 ജൂൺ 24 ശനിയാഴ്ച രാവിലെ 10.00 am മുതൽ 1.00 pm വരെ രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലെയും പ്രധാനാദ്ധ്യാപകരുടെ യോഗം ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നതാണ്.

**അഭിനന്ദനങ്ങൾ**

## 1. SSLC Result

2016-2017 വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷയിൽ, നമ്മുടെ എല്ലാ ഹൈസ്ക്കൂളുകളും ഉന്നതവിജയം കരസ്ഥമാക്കിയതിൽ നിങ്ങളുടെ സന്തോഷത്തിൽ മാനേജ്മെന്റും പങ്കുചേരുന്നു. അഭിമാനർഹമായ ഈ നേട്ടം കൈവരിച്ച എല്ലാ വിദ്യാർത്ഥികളെയും ഇതിന് പിന്നിൽ പ്രവർത്തിച്ച ബഹുമാനപ്പെട്ട വികാരിയച്ചൻമാർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, പി.ടി.എ, മദർ പി.ടി.എ അംഗങ്ങൾ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുകയും സ്നേഹ ആശംസകൾ അറിയിക്കുകയും ചെയ്യുന്നു. എല്ലാ വിഷയത്തിലും A+ ലഭിച്ച കുട്ടികളെ പ്രത്യേകം അഭിനന്ദിക്കുന്നു. വളരെ പ്രത്യേകമായി നൂറുമേനി വിജയം കരസ്ഥമാക്കിയ St.Joseph's HS Adackathode നെയും ഇതിനായി അത്യധ്വാനം ചെയ്ത സ്കൂൾമാനേജരെയും ഹെഡ്മാസ്റ്റർ ശ്രീ. വർക്കി സാറിനെയും അദ്ധ്യാപകർ, അനദ്ധ്യാപകർ, പി.ടി. എ, മദർ പി.ടി.എ അംഗങ്ങൾ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

## 2. Plus Two Result

2016-2017 വർഷത്തെ പ്ലസ് ടു പരീക്ഷയിൽ ശ്രേഷ്ഠമായ വിജയം സ്വന്തമാക്കിയ മാനന്തവാടി രൂപതാ കോർപ്പറേറ്റിന്റെ കീഴിലുള്ള മുഴുവൻ ഹയർസെക്കന്ററി സ്കൂളുകൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## 3. LSS Scholarship

നടവയൽ സെന്റ് തോമസ് എൽ. പി. സ്കൂളിലെ കുമാരി ആൻ റോസ് ബിനു, കുമാരി കൃഷ്ണപ്രിയ യു.കെ. എന്നീ രണ്ട് വിദ്യാർത്ഥിനികൾക്ക് 2016-2017 വർഷത്തെ LSS സ്കോളർഷിപ്പ് ലഭിച്ചു. ഈ നേട്ടം കൈവരിക്കാനായി ഇവരെ ഒരുക്കിയ എല്ലാ അദ്ധ്യാപകരെയും മാതാപിതാക്കളെയും സെഡോം ഫാമിലിയുടെ പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## 4. Moral Science Result -2016-2017

നമ്മുടെ കോർപ്പറേറ്റിന്റെ എല്ലാ സ്കൂളുകളിലും നടത്തിയ 2016 2017 വർഷത്തെ മോറൽ സയൻസ് പരീക്ഷയിൽ ഒന്ന് മുതൽ മൂന്ന് വരെയുള്ള ക്ലാസ്സുകാർക്ക് സർട്ടിഫിക്കറ്റുകളും, നാല് മുതൽ പത്ത്

വരെ ക്ലാസ്സുകാർക്ക് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയ വർക്ക് യഥാക്രമത്തിൽ 1000/, 500/, 250/ രൂപ വീതം ക്യാഷ് അവാർഡുകളും നൽകി. ധാർമ്മിക മൂല്യങ്ങളുടെ പ്രാധാന്യം അതിന്റെ തീഷ്ണതയിൽ പഠിപ്പിക്കാനും സ്വായത്തമാക്കാനും ഈ കുരുന്നുകളെ സഹായിച്ച സ്കൂൾ മാനേജർ അച്ചൻമാർ, പ്രധാനാധ്യാപകർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, പി.ടി. എ, മദർ പി.ടി.എ അംഗങ്ങൾ എന്നിവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. വിജയികളുടെ പേരുവിവരങ്ങൾ

**Moral Science - 2017**

| Name | School | Prize |
|---|---|---|
| | **Std - I Malayalam** | |
| Fida Fathima | St. Thomas LPS Arinchermala | First |
| Angel Maria Paul | St. Antony's UPS Pazhoor | First |
| Gokul K. T | St. Antony's UPS Pazhoor | First |
| Anna Teejo | St. Antony's UPS Pazhoor | First |
| Niyona Shibu | St.Sebastian's UPS Padichira | First |
| Shefin Shah C.P. | St.Mary's UPS Thariyode | First |
| Emmanual Joseph | St.Thomas UPS Thavinjal | First |
| Diya Lakshmi | St.George LPS Ambayathode | First |
| Ann Mariya Joseph | TTI Manathavady | First |
| Medona Thressia Sumesh | St.Thomas UPS Mullenkolly | First |
| Rinsha P.R. | St.Thomas UPS Mullenkolly | First |
| Sana Shaju | St.Thomas UPS Mullenkolly | First |
| Shone Shaiju | St.Thomas UPS Mullenkolly | First |
| Aleena Alphonsa | St.Thomas UPS Mullenkolly | First |
| Abin K. | St.Thomas UPS Mullenkolly | First |
| Merlin M. | St.Thomas UPS Mullenkolly | First |
| Aleena Aji | St.Thomas UPS Mullenkolly | First |
| Delna Elizabeth | St.Thomas UPS Mullenkolly | First |
| Edwin | St.Paul's LPS Puthiyidamkunnu | First |
| Avani | St.Mary's UPS Thariyode | Second |
| Adith Binu | St.Thomas LPS Nadavayal | Third |
| Astin Sovino | St.Sebastian's UPS Padichira | Third |
| Jyothika Surendran | St.Sebastian's UPS Padichira | Third |
| Niya Tresa | St.Sebastian's UPS Padichira | Third |
| Nahla Fathima | St.Mary's UPS Thariyode | Third |
| Sreya Maria Jacob | St.George LPS Ambayathode | Third |
| Carol Joshy | St.Thomas UPS Mullenkolly | Third |
| Jyoal Shojo | St.Thomas UPS Mullenkolly | Third |

| | | |
|---|---|---|
| Naveen T.Dileep | Nirmala LPS Alattil | Third |
| Abel Mishel | Nirmala LPS Alattil | Third |
| Christeena | Nirmala LPS Alattil | Third |
| Alan Biju | St.Antony's UPS Kottathara | Third |
| | **English** | |
| Abi Godson P.S. | St.Mary's UPS Thariyode | First |
| Jude Roy | St.Mary's UPS Thariyode | First |
| Melbin Joshy | St.Mary's UPS Thariyode | First |
| Varun Krishna | St.Mary's UPS Thariyode | First |
| Benjamin P. J. | St.Mary's UPS Thariyode | First |
| Jasil Shan C. | St.Mary's UPS Thariyode | First |
| Sidhan K.V. | St.Mary's UPS Thariyode | First |
| Sankar Dev S. | St.Mary's UPS Thariyode | First |
| Mishal Joseph J. | St.Mary's UPS Thariyode | First |
| A. Kanishka | St.Mary's UPS Thariyode | First |
| Shana Sherin | St.Mary's UPS Thariyode | First |
| Hawanahla V.K. | St.Mary's UPS Thariyode | First |
| Sreya Binu | St.Mary's UPS Thariyode | First |
| Anjali M.C. | St.Mary's UPS Thariyode | First |
| Aneena Fathima | St.Mary's UPS Thariyode | First |
| Minha Fathima | St.Mary's UPS Thariyode | First |
| Nivedya P.R. | St.Mary's UPS Thariyode | First |
| Diyon Joby | AUPS Dwaraka | First |
| Muhammad Nabeel | AUPS Dwaraka | Second |
| Vyga | St.Mary's UPS Thariyode | Third |
| Architha A. | St.Mary's UPS Thariyode | Third |
| Keerthana Rajesh | AUPS Dwaraka | Third |
| Alen Laiju | AUPS Dwaraka | Third |
| Amna Fathima | AUPS Dwaraka | Third |
| | **Std - II - Malayalam** | |
| Niranjana Biju | St. Antony's UPS Pazhoor | First |
| Aaron Paul | St.Sebastian's UPS Padichira | First |
| Nehal C. | St.Sebastian's UPS Padichira | First |
| Anfiya Jaison | St.Sebastian's UPS Padichira | First |
| Aljo Mukesh | St.George LPS Ambayathode | Second |
| Salman Faris | AUPS Dwaraka | Third |
| | **English** | |
| Navar Salama | St.Mary's UPS Thariyode | First |
| Melbin Antony | St.Mary's UPS Thariyode | Second |

| | | |
|---|---|---|
| Retin Albert D' Costa | St.Mary's UPS Thariyode | Third |
| **Std - III - Malayalam** | | |
| Deva P.R. | St.Thomas LPS Nadavayal | First |
| Anusree Aneesh | St.Joseph's TTI Manathavady | First |
| Saniya Thankachan | St.George LPS Ambayathode | First |
| Alastin Saji | St.George LPS Ambayathode | First |
| Sharon Shibu | St.Thomas UPS Mullenkolly | First |
| Emil Shaju | St.Thomas UPS Mullenkolly | First |
| Jeevan Bino | St.Thomas UPS Mullenkolly | First |
| Albin Bilgy | St.Thomas UPS Mullenkolly | First |
| Riya Anna Rajiv | St. Thomas LPS Arinchermala | Second |
| Gopika K.M. | St. Antony's UPS Pazhoor | Third |
| Yadhunanda C.G. | St. Antony's UPS Pazhoor | Third |
| Deyon P.R. | St.Sebastian's UPS Padichira | Third |
| Ritha Fathima | St. Thomas LPS Arinchermala | Third |
| **English** | | |
| Hestia Therese | AUPS Dwaraka | First |
| Shan Liya | AUPS Dwaraka | Second |
| Anshid | AUPS Dwaraka | Third |
| Abin Joseph | AUPS Dwaraka | Third |
| Rishana | AUPS Dwaraka | Third |
| Parvathi | AUPS Dwaraka | Third |
| **Std - IV - Malayalam** | | |
| Alen James | St.George LPS Ambayathode | First |
| Ann Rose Binu | St.Thomas LPS Nadavayal | Second |
| Afseena Asin | St.Joseph's TTI Manathavady | Second |
| Shamna Sherin T. | St.Joseph's TTI Manathavady | Third |
| **English** | | |
| Vishnupriya | St.Mary's UPS Thariyode | First |
| Derick John | St.Mary's UPS Thariyode | First |
| Lena Shabam | St.Mary's UPS Thariyode | Second |
| Kishan S.S. | CKLPS Manimooly | Third |
| **Std - V - Malayalam** | | |
| Melbin M. | St.Thomas UPS Mullenkolly | First |
| Hridya C. | St. Antony's UPS Pazhoor | Second |
| Ansa Mariya | St. Mary's UPS Kabanigiri | Third |
| Apsara Aju | St. Mary's UPS Kabanigiri | Third |

| | | |
|---|---|---|
| | **English** | |
| Abina Maria | St.Mary's UPS Thariyode | First |
| Immanuel K.George | St.Catherine HSS Payyampally | Second |
| Ajin Joseph | St.Catherine HSS Payyampally | Third |
| | **Std - VI - Malayalam** | |
| Angel Jose | St. Antony's UPS Kottathara | First |
| Nanda M. | AUPS Dwaraka | Second |
| Amala Jiji | AUPS Dwaraka | Third |
| | **English** | |
| Anjali Sunny | St.Catherine HSS Payyampally | First |
| Anns Maria Roy | St.Catherine HSS Payyampally | Second |
| | **Std - VII - Malayalam** | |
| Afeefa Thasneem | AUPS Dwaraka | First |
| Aju Saji | St.Thomas UPS Mullenkolly | Second |
| Shivalaya Manoj | St.Thomas UPS Thavinjal | Third |
| Cris Bin Thomas | AUPS Dwaraka | Third |
| | **Std - VIII - Malayalam** | |
| Josal George | St. Thomas HS Nadavayal | First |
| Sisil Sherly | IJMHSS Kottiyoor | Second |
| Reshma Madhu | IJMHSS Kottiyoor | Third |
| | **English** | |
| Ananya | Assumption HS Bathery | First |
| Niranjana Jaine K | Assumption HS Bathery | Second |
| | **Std - IX - Malayalam** | |
| Jasmine N.V. | IJMHSS Kottiyoor | First |
| Nipunya G. | IJMHSS Kottiyoor | Second |
| Niya Rose Mathew | Nirmala HS Kabanigiri | Third |
| | **English** | |
| Anit Roy | St.Catherine HSS Payyampally | First |
| Sona Sunny | St.Catherine HSS Payyampally | Second |
| Anetta Thomas | St.Catherine HSS Payyampally | Third |
| | **Std - X - Malayalam** | |
| Anattu P.Sibi | IJMHSS Kottiyoor | First |
| Anjana Mathew | IJMHSS Kottiyoor | Second |
| Don Jose | Nirmala HS Kabanigiri | Third |
| | **English** | |
| Henna Sulthana | Assumption HS Bathery | First |

| | | |
|---|---|---|
| Rose Mary Biju | Assumption HS Bathery | Second |
| Aneetta Shaji | Assumption HS Bathery | Third |

**ദേശജ്യോതി ക്വിസ് മൽസരം വിജയികൾ**

കേരള കാത്തലിക്ക് ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ മാനന്തവാടി രൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലെയും കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ദേശജ്യോതി മെഗാ ക്വിസ് മൽസരത്തിന്റെ ഫൈനലിൽ വിജയികളായവർക്ക് സെഡോം ഫാമിലിയുടെ അനുമോദനങ്ങൾ. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് യഥാക്രമത്തിൽ 3000/, 2000/, 1000 രൂപ വീതം ക്യാഷ് അവാർഡുകളും നൽകി. ഈ കുരുന്നുകളെ സഹായിച്ച സ്കൂൾ മാനേജർ അച്ചൻമാർ, പ്രധാനാധ്യാപകർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, പി.ടി.എ., മദർ പി.ടി.എ. അംഗങ്ങൾ എന്നിവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. വിജയികളുടെ പേരുവിവരങ്ങൾ

**ദേശജ്യോതി ക്വിസ്**

**Std - X - English**

| **Name** | **School** | **Prize** |
|---|---|---|
| **LP Section** | | |
| Alen Toms | St.Thomas LPS Nadavayal | First |
| Anu Mariyam Joseph | St.Joseph's TTI Mananthavady | Second |
| Alen James | St.George LPS Ambayathode | Third |
| **UP Section** | | |
| Diya K Manoj | St.Mary's UPS Thariyode | First |
| Anns Maria Roy | St.Catherine's HS Payyampally | Second |
| Jiss Paul Wilson | St.Joseph's UPS Kallody | Third |
| **HS Section** | | |
| Vysakh K.R | Fr.GKMHS Kaniyaram | First |
| Swathimol K.M | IJMHS Kottiyoor | Second |
| Angeleena Mettilda Joseph | Fr.GKMHS Kaniyaram | Third |
| **HSS Section** | | |
| Febin P Sabu | St.Thomas HSS Nadavayal | First |
| Rahul Saji | IJMHSS Kottiyoor | Second |
| Ashin Philip | IJMHSS Kottiyoor | Third |

**ഫാ. ബിജു പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# Pastoral Centre Programme



**June 2017**

| | |
|---|---|
| 3 | Zion |
| 9-10 | Department of youth ministry |
| 10 | KCYM |
| 10 | CML |
| 10 | SMMA Roopatha, Meghala Executive |
| 15 | CML |
| 16-18 | Catechism Amukha Seminar |
| 18-22 | Zion Retreat |
| 23-26 | Marriage Preparation Course |

**Fr. Paul Vazhappilly** - Director, Pastoral Centre

# അറിയിപ്പുകൾ



## SH LEAGUE

സ്നേഹ ബഹുമാനപ്പെട്ട അച്ചാ,

മംഗലപ്പുഴ സെമിനാരിയിൽ നിന്നും ആശംസകൾ....

S.H. League അതിന്റെ 97-ാം വർഷത്തിലേക്ക് കടക്കുകയാണ്. മുൻ വർഷങ്ങളിൽ നൽകിയ സഹകരണത്തിനും പ്രോത്സാഹനത്തിനും നന്ദി. എസ്.എച്ച്. ലീഗിന്റെ ഈ വർഷത്തെ പുസ്തകമേള 2017 ജൂൺ 15 മുതൽ ജൂലൈ 15 വരെ നടത്തുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ഈ അവസരത്തിൽ SH LEAGUE NATIONAL BOOK FEST 2017 ലേക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

എസ്.എച്ച്.ലീഗ് പുസ്തക മേള 2017 ജൂൺ 15 മുതൽ ജൂലൈ 15 വരെ. പ്രവർത്തന സമയം 9.30 am മുതൽ 4.30 pm വരെ വമ്പിച്ച ആദായ വിൽപ്പന. 10% മുതൽ 35 % വരെ വിലകുറവ്. ഇന്ത്യയിലെ പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ സൺഡേ ലൈബ്രറികൾക്ക് പ്രത്യേക പരിഗണന. Contact us: Phone: 0484 - 2606745, 2606746

Email: shleaguealwaye@gmail.com

**ഫാ. മൈക്കിൾ വട്ടപ്പലം - ഡയറക്ടർ**



# Bishop's Programme

***June 2017***

| | | |
|---|---|---|
| *1* | *Thu* ................. | *Bathery: Pravesana Ulsavam at Assumption School* |
| *2* | *Fri 3 Sat* ........... | *Out of Station* |
| *5* | *Mon 9 Fri* ........ | *Ernakulam: KCBC* |
| *10* | *Sat* .................... | *To Connoor* |
| *11* | *Sun* ................... | *Coonoor: Pastoral Visit* |
| *13* | *Tue* .................... | *Engaged* |
| *14* | *Wed* .................. | *Visitors' Day* |
| *15* | *Thu* .................. | *Kenichira: Blessing of CMC Convent* |
| *16* | *Fri* .................... | *Out of Station* |
| *17* | *Sat* ................... | *Engaged* |
| *18* | *Sun* ................... | *Machikolly : Pastoral Visit* |
| *19* | *Mon* .................. | *Visitors' Day - Priests* |
| *20* | *Tue* ................... | *Out of Station* |
| *21* | *Wed* .................. | *Visitors' Day* |
| *22* | *Thu* ................... | *Engaged* |
| *23* | *Fri* ................... | *Out of Station* |
| *24* | *Sat* ................... | *Kayyakunnu: Minor Orders of La Salette Seminarians* |
| *25* | *Sun* ................... | *Niravilpuzha : Pastoral Visit* |
| *26* | *Mon* ................ | *Visitors' Day - Priests* |
| *27* | *Tue* ................ | *Engaged* |
| *28* | *Wed* .................. | *Manimooly: Joint Curia Meeting* |
| *29* | *Thu* ................... | *Engaged* |
| *30* | *Fri* ................... | *Pune* |

***July 2017***

| | |
|---|---|
| *1 Sat 2 Sun .........* | *Pune* |
| *3 Mon - 7 Fri .......* | *Eluru* |
| *10 Mon ..................* | *Engaged* |
| *11 Tue ...................* | *Mananthavady Forane: Monthly Recollection* |
| *12 Wed ..................* | *Birikkulam* |
| *15 Sat ...................* | *Out of Station* |
| *17 Mon ................* | *Engaged* |
| *18 Tue ..................* | *Engaged* |
| *19 Wed-20 Thu .........* | *Malom* |
| *21 Fri ....................* | *Out of Station* |
| *23 Sun ...................* | *Pastoral Visit* |
| *24 Mon ..................* | *Visitors' Day* |
| *26 Wed 27 Thu .........* | *Engaged* |
| *28 Fri 30 Sun ..........* | *Culcutta* |